# കണ്ണീർപ്പാടം

## ഭാഗം ഒന്ന്

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# കണ്ണീർപ്പാടം

## ഭാഗം ഒന്ന്


**പ്രൊ.ഫ. എം.വൈ. യോഹന്നാൻ**

**മുൻ പ്രിൻസിപ്പൽ**
**സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി**

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം
ഫോൺ: (0484) 2689489, 2689889
E-mail: prof_yohannan@hotmail.com
Website: www.crfgospel.org



●

**Publisher**

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

Cover Design

Swaminathan, Computer Park

●

Layout & Printing

Merin Graphics, Edappally, Kochi- 24
Email: meringraphics@gmail.com

# ആമുഖം

രൂത്തിന്റെ പുസ്തകം വി : വേദപുസ്തകത്തിലെ ഒരു പ്രേമകഥയാണ്, ഒരു കൊയ്ത്തിന്റെ കഥയുമാണ്. Love Story and a Harvest Story. വി:ബൈബിളിലെ രണ്ടു നോവലുകളിൽ ഒന്നാണ് രൂത്തിന്റെ പുസ്തകം. മറ്റേത് എസ്ഥേറിന്റെ പുസ്തകം.

പുറജാതിപ്പെൺകുട്ടിക്ക് ഒരു യെഹൂദനെ ഭർത്താവായി ലഭിച്ച കഥയാണ് രൂത്തിന്റേത്. ഒരു പുറജാതി രാജാവിന് ഒരു യെഹൂദസ്ത്രീയെ ഭാര്യയായി ലഭിച്ചു എന്നതാണ് എസ്ഥേറിന്റെ പുസ്തകത്തിലെ ഉള്ളടക്കം.

എല്ലാ മനുഷ്യർക്കുമുണ്ട് ദുരിതങ്ങളും യാതനകളും വേദനകളും പ്രശ്നങ്ങളും പ്രതിസന്ധികളും അലയടിച്ചു വരുന്ന ജീവിതത്തിൽ സാക്ഷാത്തായ ശാന്തിയും പ്രശ്നപരിഹാരവും നൽകുന്ന ജീവനുള്ള ദൈവത്തിന്റെ അത്ഭുത കരങ്ങളുടെ ശക്തമായ പ്രവർത്തനം അനുഭവിക്കുന്നത് ഒരു ഭാഗ്യമാണ്. ആ അനുഭവം അനുവാചകർക്ക് ലഭിക്കണം എന്ന ആഗ്രഹത്തിന്റെ ഒരേകദേശ സാക്ഷാൽക്കാരമാണ് ഈ പുസ്തകം

കയ്പും കദനവും തിങ്ങിയ ജീവിതത്തിൽ എവിടെയെങ്കിലും ഒന്നാശ്രയിക്കാൻ മനുഷ്യൻ ശ്രമിക്കും. എന്നാൽ പിടിച്ച കൊമ്പു

കൾ എല്ലാ മൊടിയുമ്പോഴും ഒടിയാത്ത ഒരു കൊമ്പുണ്ട്. അത് 'യിശ്ശായിയുടെ കൊമ്പാണ്'. യിശ്ശായിയുടെ കൊമ്പ് ദാവീദിന്റെ വേരാണ്. അത് ക്രിസ്തുവാണ്. – അല്ഫയും ഓമേഗയുമായ ക്രിസ്തു, ആദ്യന്തവിഹീനനായ ക്രിസ്തു. ക്രിസ്തുവിനെ പ്രതീകാത്മകമായി ചിത്രീകരിക്കുന്ന ബോവസാണ് രൂത്തിന്റെ പുസ്തകത്തിന്റെ കേന്ദ്രബിന്ദു. ബോവസിനെ ചുറ്റി നിവരുന്ന കഥയുടെ ചുരുൾ പ്രത്യാശയുടെയും ശുഭാപ്തി വിശ്വാസത്തിന്റെയും നെറുകയിലെത്തുന്ന സുന്ദരമായ ഒരു കലാശില്പം, അതാണ് രൂത്ത്. ആ ചുരുളഴിക്കുവാനുള്ള എന്റെ യത്നം സാർത്ഥകമാകുന്നത്, അനുവാചകഹൃദയത്തിൽ ശുഭഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയും വിശ്വാസവും പൂവണിയുമ്പോഴാണ്.

വില്യം മാക്ഡൊണാൾഡ് അഞ്ചു വയസ്സുള്ള ഒരു കുട്ടിയായിരുന്ന കാലത്ത് ഒരു സംഭവമുണ്ടായി. ആ കുട്ടി ഡിഫ്തീരിയാ ബാധിച്ച് അത്യാസന്ന നിലയിൽ കിടക്കുകയായിരുന്നു. തൊണ്ടയ്ക്കുളളിൽ ഒരു ശ്ലേഷ്മ പടലം വ്യാപിച്ചതു കൊണ്ട് ശ്വാസോച്ഛ്വാസം ഏതാണ്ട് അസാദ്ധ്യമായി വന്നു. മകൻ അന്ത്യശ്വാസം വലിക്കുന്നതു കാണാൻ കെല്പില്ലാതെ അമ്മ തിരിഞ്ഞിരുന്ന് വിതുമ്പുകയായിരുന്നു. അപ്പോൾ വാതിൽക്കൽ ഒരു മുട്ടു കേട്ടു. അവളുടെ സഹോദരീ ഭർത്താവ് അകത്ത് വന്നു. അദ്ദേഹം പറഞ്ഞു. 'മോനെക്കുറിച്ച് ഒട്ടും ആകുലം വേണ്ട. അവന് സുഖമാകും. അവനെ ദൈവം നിത്യജീവന് വേണ്ടി രക്ഷിക്കുകയും ചെയ്യും.' അവൾ ചോദിച്ചു: "അങ്ങനെ പറയാൻ കാരണമെന്താണ്"? അദ്ദേഹം പറഞ്ഞു : 'ഞാനിന്ന് രാവിലെ 91 -ാം സങ്കീർത്തനം വായിച്ചു കൊണ്ടിരുന്നപ്പോൾ അവസാനത്തെ മൂന്നു വാക്യങ്ങൾ എന്റെ ഹൃദയത്തിൽ തറഞ്ഞു:

> 'അവൻ എന്നോട് പറ്റിയിരിക്കുകയാൽ ഞാൻ
> അവനെ വിടുവിക്കും. അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും, ഞാൻ അവന് ഉത്തരമരുളും.

കഷ്ടകാലത്ത് ഞാൻ അവനോട് കൂടെയിരിക്കും. ഞാൻ അവനെ വിടുവിച്ച് മഹത്ത്വപ്പെടുത്തും. ദീർഘായുസ്സു കൊണ്ട് ഞാൻ അവന് തൃപ്തി വരുത്തും. എന്റെ രക്ഷയെ അവന് കാണിച്ചു കൊടുക്കും.'

സങ്കീ - 91 :14 -16

അന്ന് രാത്രി ആ ബാലന് സർവ്വകൃപാലുവായ ദൈവം സൗഖ്യം നൽകി.

അതു പോലെയുള്ള ഒരത്ഭുതമാണ് രൂത്തിന്റെ ജീവിതത്തിൽ നടന്നത്. രൂത്തിന്റെ പുസ്തകത്തിന്റെ സന്ദേശങ്ങൾ നമ്മുടെ ജീവിതത്തെ ഇളക്കിമറിക്കട്ടെ ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്നവർക്ക് ആശ്വാസം ലഭിക്കട്ടെ.

ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവരെല്ലാവരും വിഷാദം മാറ്റി ആനന്ദത്തിന്റെ അനുഭൂതിമധുരം ആസ്വദിക്കണമേ എന്നാശംസിച്ചു കൊണ്ട്,

കോലഞ്ചേരി, നിങ്ങളുടെ വിനീത വിധേയൻ ,

15.03.09 എം.വൈ.യോഹന്നാൻ

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം

*(Contd..)*

23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേതനഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. Glittering Future (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. WAY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും!
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?

# ഒന്ന്

"അവൾ അവരോടു പറഞ്ഞതു: നൊവൊമി എന്നല്ല മാറ എന്നു എന്നെ വിളിപ്പിൻ; സർവ്വശക്തൻ എന്നോടു ഏറ്റവും കൈപ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു. നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു; യഹോവ എനിക്കു വിരോധമായി സാക്ഷീകരിക്കയും സർവ്വശക്തൻ എന്നെ ദുഃഖിപ്പിക്കയും ചെയ്തിരിക്കെ നിങ്ങൾ എന്നെ നൊവൊമി എന്നു വിളിക്കുന്നതു എന്ത്?"

രൂത്ത് 1:20, 21

രൂത്തിന്റെ പുസ്തകം വേദപുസ്തകത്തിലെ ഒരു കഥാപുസ്തകമാണ്. വിശുദ്ധ വേദപുസ്തകം ദൈവശ്വാസീയമായ ഒരു മഹത്ഗ്രന്ഥമാണ്. വിശുദ്ധ വേദപുസ്തകം ദൈവീകമായ ആലോചനകളെ മനുഷ്യനു തരുന്നതായ സ്വർഗ്ഗീയ അരുളപ്പാടിന്റെ ഗ്രന്ഥമാണ്.

ഉല്പത്തി പുസ്തകം തുടങ്ങി വെളിപ്പാടു പുസ്തകം വരെയുള്ള പുസ്തകങ്ങളിൽ സ്രഷ്ടാവിനെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചുമുള്ള വ്യക്തമായ ഒരു ചിത്രമാണ് നമുക്കു ലഭിക്കുന്നത്. ദൈവവും മനു

ഷ്യനും, സ്രഷ്ടാവും സൃഷ്ടിയും, മഹാപരിശുദ്ധനായ ദൈവവും പാപിയായ മനുഷ്യനും - ഇതത്രെ ബൈബിളിലെ പ്രതിപാദ്യം. നിത്യ നരകത്തിനു അവകാശിയായ മനുഷ്യനെ നിത്യസ്വർഗ്ഗത്തിനു അവ കാശിയാക്കിത്തീർക്കുവാനുള്ള ദൈവസ്നേഹത്തിന്റെ സ്വർഗ്ഗീയ മായ പദ്ധതിയത്രേ വേദപുസ്തകത്തിന്റെ കാതൽ.

വിശുദ്ധ വേദപുസ്തകത്തിൽ അറുപത്തിയാറ് ഗ്രന്ഥങ്ങളാണ് ഉള്ളത്. ഈ അറുപത്തിയാറു ഗ്രന്ഥങ്ങളിൽ ആദ്യത്തെ മുപ്പത്തി യൊൻപതു പുസ്തകങ്ങൾ പഴയനിമയഗ്രന്ഥങ്ങൾ എന്നും, പിന്നത്തെ ഇരുപത്തേഴ് പുസ്തകങ്ങൾ പുതിയ നിയമഗ്രന്ഥങ്ങൾ എന്നും പറയുന്നു. ക്രിസ്തുവിനുമുമ്പുള്ള ഗ്രന്ഥങ്ങളത്രേ പഴയ നിയമഗ്രന്ഥങ്ങൾ. ക്രിസ്തുവിനു ശേഷം ക്രിസ്തുവന്റെ ജനനം മുതലുള്ളതായ ചരിത്രമാണ് പുതിയ നിയമഗ്രന്ഥങ്ങൾ.

"Biblios' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് Bible എന്ന പദം ഉണ്ടായത്. Biblios എന്ന വാക്കിന്റെ അർത്ഥം "The books" - പുസ്തകങ്ങൾ എന്നാണ്. അറുപത്തിയാറ് പുസ്തകങ്ങൾ ഉള്ളതു കൊണ്ടാണ് പുസ്തകങ്ങൾ എന്നു ഇതിനു പേരു പറഞ്ഞിരിക്കുന്ന ത്. ഏതാണ്ട് ആയിരത്തിയറുനൂറോളം വർഷങ്ങളുടെയിടയിൽ നാല്പതിലേറെ എഴുത്തുകാർ എഴുതിയ ഗ്രന്ഥങ്ങളാണ് ഈ വിശുദ്ധ ബൈബിളിൽ ഉള്ളത്.

എല്ലാ ഗ്രന്ഥങ്ങളിലും മനുഷ്യന്റെ രക്ഷകനും മനുഷ്യജാതിയുടെ വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിനെയാണ് ചൂണ്ടിക്കാണി ച്ചിരിക്കുന്നത്. സൃഷ്ടിയുടെ ചരിത്രം മുതൽ നിത്യതവരെയുമുള്ള ചരിത്രം മുഴവനും വേദപുസ്തകത്തിൽ വ്യക്തമായി ചിത്രീകരിച്ചി രിക്കുന്നു. ഈ അറുപത്തിയാറു പുസ്തകങ്ങളിൽ ചരിത്രഗ്രന്ഥങ്ങ ളുണ്ട്, പ്രവചനഗ്രന്ഥങ്ങളുണ്ട്, സങ്കീർത്തനഗ്രന്ഥങ്ങളുണ്ട്, കഥാ പുസ്തകങ്ങളുമുണ്ട്. കഥാപുസ്തകങ്ങളിൽ വളരെ മികവേറിയ രണ്ടു പുസ്തകങ്ങളാണ് രൂത്തിന്റെ പുസ്തകവും, എസ്ഥേറിന്റെ പുസ്തകവും.

രൂത്തിന്റെ പുസ്തകം ബൈബിളിലെ ഒരു മനോഹരമായ പ്രേമ കഥയെ ചിത്രീകരിക്കുന്നതാണ്. സ്നേഹത്തിന്റെ ഗ്രന്ഥമെന്ന് ഇതിനെക്കുറിച്ച് പറയുന്നു. രൂത്തിന്റെ പുസ്തകം തുടങ്ങുന്നത് ഒരു ശവസംസ്ക്കാരത്തോടു കൂടിയാണ്. അവസാനിക്കുന്നത് ഒരു വിവാഹത്തിലും. രൂത്തിന്റെ പുസ്തകത്തിൽ നാലു അദ്ധ്യായമുള്ളതിൽ ഒന്നാം അദ്ധ്യായത്തിൽ ഒരപ്പനും രണ്ടു ആൺമക്കളും മരിച്ചുപോകുന്നതായി നാം കാണുന്നു. നാലാം അദ്ധ്യാത്തിൽ ഒരു ധനവാനായ മനുഷ്യനും രൂത്ത് എന്നു പറയുന്ന സ്ത്രീയും തമ്മിൽ വിവാഹം നടക്കുന്നതായി നാം കാണുന്നു.

ദുഃഖത്തിൽ ആരംഭിച്ച് ദുഃഖത്തിൽ തുടർന്ന്, സന്തോഷത്തിൽ പര്യവസാനിക്കുന്ന വളരെ മനോഹരമായ ഒരു ജീവിത കഥയാണ് രൂത്തിന്റെ പുസ്തകം. ഒന്നാം അദ്ധ്യായത്തിൽ ദുഃഖത്തിന്റെ പ്രതീകമായ മൂന്നു വിധവമാരെ ആണ് നാം കാണുന്നത്. നൊവൊമി, രൂത്ത്, ഓർപ്പ എന്നു മൂന്നു വിധവമാർ. ഒന്ന് നൊവൊമി എന്ന പ്രായമായ വിധവ, രണ്ടും മൂന്നും രൂത്ത്, ഓർപ്പാ എന്നീ യുവതികളായ രണ്ടു വിധവമാർ.

നൊവൊമി പറയുന്നു:"നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു" നിങ്ങൾ ഇനി എന്നെ നൊവൊമി എന്നു വിളിക്കണ്ട; എന്നെ മാറാ എന്നു വിളിപ്പിൻ.

നൊവൊമി എന്ന വാക്കിനു Pleasant എന്നർത്ഥം. പ്രസന്നവതി എന്ന് അർത്ഥം. മാറാ എന്ന വാക്കിനു Bitterness - കയ്പ് എന്നർത്ഥം. നിങ്ങൾ ഇനി എന്നെ സന്തോഷവതി എന്നു വിളിക്കണ്ട: ഞാൻ ഇന്നു സന്തോഷമുള്ളവളല്ല. എന്നെ കയ്പ് എന്നു വിളിക്കൂ. മാറാ എന്നു വിളിക്കൂ. നിറഞ്ഞവളായിട്ടാണ് ഞാൻ പോയതു ഞാൻ ഇപ്പോൾ ഒഴിഞ്ഞവളായി മടങ്ങി വന്നിരിക്കുന്നു.

എന്റെ ജീവിതം കയ്പേറിയതാണ്. എന്റെ ഭർത്താവു മരിച്ചു. എന്റെ ആൺമക്കൾ രണ്ടുപേരും മരിച്ചു. ഞാൻ ഇന്നു ഒരു വിധവയാണ്; എന്റെ തണലിൽ ജീവിതം അർപ്പിച്ച രണ്ടു യുവതികൾ - അവരും വിധവമാരാണ്. ബേത്‌ലഹേമിൽ നിന്നു മോവാബിലേക്കു

ഞാൻ പോയതു നല്ല ഐശ്വര്യ സമൃദ്ധിയിലും സന്തോഷത്തികവിലുമായിരുന്നു.

എന്നാൽ ആ നല്ല കാലങ്ങൾ എന്നേ മറന്നു കഴിഞ്ഞു. ഒരിക്കലും പ്രതീക്ഷയ്ക്കു വകയില്ലാത്തവിധം, ഇനി ഒരിക്കലും തിരിച്ചു കിട്ടാത്തവിധം എന്റെ ജീവിതം വിരസമായി, ശൂന്യമായി. ജീവിതം വരണ്ടുണങ്ങിക്കഴിഞ്ഞു. എന്റെ സന്തോഷകാലങ്ങൾ കഴിഞ്ഞു. നിറവിന്റെ കാലങ്ങൾ ഉണ്ടായിരുന്നു, എന്നാൽ ഇന്നു ഞാനിതാ ദുഃഖത്തിന്റെ ഏറ്റവും കടുത്ത യാഥാർത്ഥ്യത്തെ നേരിടുകയാണ്. നിറഞ്ഞവളായി ഞാൻ പോയി. ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു.

ഇങ്ങനെ വിലപിച്ച നൊവൊമിയെ നാലാം അദ്ധ്യായത്തിലേക്കു വരുമ്പോൾ 'സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ' എന്നു ആ ദേശനിവാസികൾ പറയത്തക്കവണ്ണം അനുഗ്രഹത്തിന്റെ സമൃദ്ധിയിലേക്കു ജീവനുള്ള ദൈവം വഴിനടത്തി. മനുഷ്യജീവിതത്തിൽ എക്കാലത്തും സംഭവിക്കുന്ന മനോഹരമായ ഒരു വസ്തുതയത്രേ ഇത്.

നാം ദുഃഖഭരിതമായ അവസ്ഥയിലാണെങ്കിലും, ഒരു നല്ല ഭാവി നമുക്കുണ്ട്. നമുക്കു ഇന്നു ദുരിതമാണ്, വേദനയാണ്, യാതനയാണ്, ക്ലേശമാണ്, പ്രശ്നമാണ്, പ്രതിസന്ധികളാണ്. എന്നാൽ നമുക്കു ഒരു നല്ല കാലം ഉണ്ട്. ഒരു വീണ്ടെടുപ്പുകാരൻ നമ്മുടെ ജീവിതത്തിലേക്കു വന്നാൽ മതി. വീണ്ടെടുപ്പുകാരൻ വന്നാൽ നമ്മുടെ ജീവിതം പ്രശോഭിതമാകും, പ്രത്യാശാപൂർണ്ണമാകും, സന്തോഷസമൃദ്ധമാകും.

കർത്താവായ യേശുക്രിസ്തു അത്രേ വീണ്ടെടുപ്പുകാരൻ. ക്രിസ്തു ജീവിതത്തിലേക്കു വരുമ്പോൾ ജീവിതമാകെ രൂപാന്തരപ്പെടും. ദുഃഖത്തിന്റെ പര്യായമായ ജീവിതം സമാധാനത്തിന്റെ അത്ഭുത ജ്യോതിസ്സിനാൽ പ്രകാശമാനമായിമാറും.

പ്രിയപ്പെട്ടവരെ, നമ്മുടെ ജീവിതത്തിലെ കഴിഞ്ഞകാല ദുഃഖങ്ങളിലേക്കും, ഇന്നു നാം അനുഭവിക്കുന്ന ക്ലേശങ്ങളിലേക്കും തിരി

ഞ്ഞുനോക്കി ആകുലപ്പെടാതെ ഭാവിയിലേക്കു നോക്കി പുഞ്ചിരിയിടാം. ഭാവിയിൽ നമുക്കു പ്രത്യാശയും സന്തോഷസമൃദ്ധിയും തരാൻ ക്രിസ്തു നമ്മുടെ ജീവിതത്തിലേക്കു എഴുന്നെള്ളിവരും.

ക്രിസ്തു എന്ന വീണ്ടെടുപ്പുകാരനും രക്ഷിതാവുമായ നാഥനെ നാം ഇപ്പോൾ നമ്മുടെ കർത്താവും ഉടമസ്ഥനുമായി കൈക്കൊള്ളുമെങ്കിൽ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്കു വരും. ക്രിസ്തു നമുക്ക് ഐശ്വര്യം തരും, ക്രിസ്തു നമുക്കു സമാധാനം തരും, ക്രിസ്തു നമ്മെ നയിക്കും, ക്രിസ്തു നമ്മെ അനുഗ്രഹിക്കും.

ബേത്‌ലഹേം എന്ന വാക്കിന്റെ അർത്ഥം The house of bread and praise അപ്പത്തിന്റെ ഭവനം. സ്തുതിയുടെ ഭവനം. സമൃദ്ധിയും സന്തോഷവും സംപുഷ്ടിയുമുള്ള ഭവനം. സ്തുതിയും സമാധാനവും ആനന്ദവും കവിഞ്ഞൊഴുകുന്ന ഭവനം.

നൊവൊമിയുടെ ഭർത്താവാണ് എലീമേലെക്. എലിമേലെക് എന്ന വാക്കിന്റെ അർത്ഥം God is my father, God is my king. ദൈവം എന്റെ പിതാവാണ്, ദൈവം എന്റെ രാജാവാണ്.

നല്ലൊരു ഭർത്താവിന്റെ കൂടെ ജീവിച്ചുവന്ന നൊവൊമിക്കു അരോഗദൃഢഗാത്രരായ രണ്ടു മക്കൾ ഉണ്ടായിരുന്നു; മഹ്ലോനും കില്യോനും. നൊവൊമിയും എലീമേലെക്കും മക്കളോടുകൂടി അപ്പത്തിന്റെ ഭവനത്തിൽ നിന്നും മോവാബിലേക്കു പോയി.

മോവാബ് എന്ന പദത്തിനും അർത്ഥമുണ്ട്. The place of quarrel, കലഹത്തിന്റെ ദേശം. കലഹസ്ഥലം.

അപ്പത്തിന്റെ ഭവനത്തിൽ നിന്നു മോവാബിലേക്കു പോകാൻ കാരണം അപ്പത്തിന്റെ ഭവനത്തിൽ ക്ഷാമം വന്നു എന്നതാണ്. ക്ഷാമം വന്നപ്പോൾ സമൃദ്ധി ഉണ്ട് എന്നു തോന്നിയ സ്ഥലത്തേക്കു അവർ പോയി.

നമ്മിൽ പലരും തെറ്റായ വഴികൾ തെരഞ്ഞെടുക്കാറുണ്ട്. നമ്മുടെ ചുവടുവയ്പുകളിൽ പലപ്പോഴും തെറ്റുകൾ സംഭവിക്കാറുമുണ്ട്.

അബ്രാഹാമിനുപോലും തെറ്റുപറ്റി. അബ്രഹാം ദൈവത്തിന്റെ

വചനം കേട്ട് പുറപ്പെട്ടവനാണ്. ദൈവത്തിന്റെ വചനം കേട്ട് അനുസരിച്ചു പുറപ്പെട്ട വിശ്വാസിയായ അബ്രാഹാം ദേശത്തു ക്ഷാമം വന്നപ്പോൾ മിസ്രയീമിലേക്കു ഇറങ്ങിപ്പോയി. കനത്ത നഷ്ടങ്ങൾ അബ്രാഹാമിനു നേരിടേണ്ടിവന്നു. ഉല്പത്തി പുസ്തകം പന്ത്രണ്ടും പതിമൂന്നും അദ്ധ്യായങ്ങൾ വായിക്കുമ്പോൾ അത് കാണാം. അബ്രാഹാമിനു ഏഴു കനത്ത നഷ്ടങ്ങൾ നേരിടേണ്ടിവന്നു എന്നാണ് നാം തീരുവചനത്തിൽ കാണുന്നത്.

നമ്മുടെ ജീവിതത്തിൽ നമുക്കു വഴിത്തെറ്റുകൾ സംഭവിക്കാറുണ്ടോ? താല്ക്കാലിക സൗകര്യത്തിനും ലാഭത്തിനും വേണ്ടി തെറ്റായ ചുവടുവെയ്പുകൾ നാം എടുക്കാറുണ്ടോ? ജീവിതത്തിൽ അനർത്ഥങ്ങൾ വരാൻ അതു കാരണമായിത്തീരും.

അപ്പത്തിന്റെ ഭവനത്തിൽ നിന്നും കലഹത്തിന്റെ ദേശത്തേക്ക് - ബേത്‌ലഹേമിൽ നിന്ന് മോവാബിലേക്കു, ആ കുടുംബം പുറപ്പെട്ടു. മോവാബിൽ ചെന്നു പാർത്തു. ആൺമക്കൾ രണ്ടുപേരും ഓരോ മോവാബ്യ സ്ത്രീകളെ വിവാഹം ചെയ്തു, രൂത്തും, ഓർപ്പായും. അധികം കഴിഞ്ഞില്ല ആ വീട്ടിൽ ദുരന്തങ്ങൾ ഒന്നിനു പിറകെ ഒന്നായി സംഭവിച്ചു. അപ്പനായ എലീമേലെക്ക് മരിച്ചു. ആൺമക്കൾ മഹ്ലോനും, കില്യോനും മരിച്ചു. മുഖത്തോടു മുഖം നോക്കി ഇരുന്നു കരയുന്ന മൂന്നു വിധവമാർ. ശോകമൂകമായ ഒരു ഭവനം.

ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ടവർ കടന്നുപോയതിൽ ദുഃഖിച്ചു കഴിയുന്നവരുണ്ട്. കടുത്ത വിയോഗദുഃഖത്തിൽപെട്ട് മനസ്സു ഉഴന്നുകൊണ്ടിരിക്കുന്നവർ (പ്രിയപ്പെട്ട ഭർത്താവു മരിച്ചു പോയതിൽ മനം നൊന്തു കേഴുന്നവരുണ്ട്) പ്രിയപ്പെട്ട ഭാര്യ ആകസ്മികമായി, അവിചാരിതമായി വേർപെട്ടു പോയതിനാൽ ദുഃഖാക്രാന്തരായി ഇരിക്കുന്നവരുണ്ട്. പ്രിയപ്പെട്ട മക്കൾ നഷ്ടപ്പെട്ടതിൽ തീരാദുഃഖം കടിച്ചമർത്തി കഴിയുന്നവരുണ്ട്. പ്രിയപ്പെട്ടവരെ, മാതാപിതാക്കൾ നേരത്തെ കടന്നുപോയതിൽ ദുഃഖം മാത്രമായി, വ്യസനം മാത്രമായി നിരാശപ്പെട്ടു ഉള്ളം കലങ്ങി ഇരിക്കുന്നവരുണ്ട്.

ജീവിതത്തിൽ കയ്പേറിയ അനുഭവങ്ങളിലൂടെ കടന്നു പോകു

മ്പോൾ ഇതിനെല്ലാം അപ്പുറത്തു ഒരു നല്ല നാളെ തരാമെന്നാണ്, കരുണയുള്ള കർത്താവു തരുന്ന വാഗ്ദത്തം. രൂത്തിന്റെ പുസ്തക ത്തിന്റെ സന്ദേശം അതാണ്.

രൂത്തിന്റെ പുസ്തം ഒന്നാം അദ്ധ്യായത്തിൽ നാം ഒരു ക്ഷാമം കാണുന്നുണ്ടെങ്കിൽ നാലാമദ്ധ്യായത്തിലേക്കു വരുമ്പോൾ അവിടെ സമൃദ്ധിയാണ് കാണുന്നത്. ഒന്നാമദ്ധ്യായത്തിൽ famine, നാലാമദ്ധ്യായത്തിൽ feast. ഒന്നാം അദ്ധ്യായത്തിൽ മരണം. നാലാം അദ്ധ്യായത്തിൽ വിവാഹം.

വീണ്ടെടുപ്പുകാരൻ വന്നതാണ് നൊവൊമിയുടെയും രൂത്തി ന്റെയും ജീവിതത്തിൽ അത്ഭുതകരമായ സന്തോഷവും സംതൃ പ്തിയും പ്രാപിക്കാൻ കാരണമായതു. നമ്മുടെ ജീവിതത്തിലേക്കു കർത്താവായ യേശുക്രിസ്തു കടന്നുവരട്ടെ. വീണ്ടെടുപ്പുകാരനായ ബോവസ് നൊവൊമിയുടെ ഭവനത്തിൽ മരുമകളായ രൂത്തിന്റെ മണവാളനായി കടന്നുവന്നു. വീണ്ടെടുപ്പുകാരൻ കടന്നുവന്നതിന്റെ ഫലമോ എല്ലാ ദുഃഖവും മാറി. ദുഃഖം തളം കെട്ടിയ ഭവനത്തിൽ സന്തോഷത്തിന്റെ ആനന്ദഘോഷം ഉയർന്നു.

സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ എന്നു പുരസ്ത്രീകൾ നൊവൊമിയെ പ്രകീർത്തിക്കത്തക്കവണ്ണം നൊവൊമി അനുഗ്രസ മൃദ്ധിയിലേക്കു വന്നു. പുറജാതിസ്ത്രീയായ രൂത്ത് ഉയർന്ന സ്ഥാന ത്തേക്കുവന്നു. ദാവീദു രാജാവിന്റെ അപ്പനായ യിശ്ശായിയുടെ അപ്പ നായ ഓബേദിന്റെ അമ്മയാകാനുള്ള ഭാഗ്യമാണ് രൂത്തിനുണ്ടായത്. ദാവീദിന്റെ ഗോത്രത്തിൽ കർത്താവായ യേശുക്രിസ്തു പിറന്നു.

യേശുക്രിസ്തുവിന്റെ വംശാവലി വി.മത്തായിയുടെ സുവി ശേഷം ഒന്നാം അദ്ധ്യായത്തിൽ "ബോവസ് രൂത്തിൽ ഓബേദിനെ ജനിപ്പിച്ചു. ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു. യിശ്ശായി ദാവീദിനെ ജനിപ്പിച്ചു. ദാവീദിന്റെ പതിനാലാം തലമുറയിൽ കർത്താവായ യേശു ക്രിസ്തു ജനിച്ചു" എന്നു നാം വായിക്കുന്നു.

യേശുക്രിസ്തുവിന്റെ വംശപാരമ്പര്യത്തിന്റെ ഐശ്വര്യത്തിക വിൽ നാം രൂത്തിനെ അമ്മൂമ്മയായി കാണുകയാണ്. കുടുംബം

അനുഗ്രഹമായി; തലമുറകൾ അനുഗ്രഹിക്കപ്പെട്ടു; രാജകീയ പദവികൾ കുടുംബത്തിലേക്കു കടന്നുവന്നു. അത്ഭുതങ്ങൾ സംഭവിച്ചു. കാരണമെന്ത്? ഒന്നുമാത്രം. ആ കുടുംബത്തിലേക്കു വീണ്ടെടുപ്പുകാരൻ വന്നു, ബോവസ് കടന്നുവന്നു.

വിശ്വസിക്കൂ, യേശുക്രിസ്തു നമ്മുടെ ജീവിതത്തിലേക്കു വരുമ്പോൾ നമ്മുടെ ജീവിതം സന്തോഷഭരിതമായിത്തീരും. നമ്മുടെ ക്ലേശങ്ങൾക്കു ഒരറുതി വരും. നമ്മുടെ പ്രശ്നങ്ങൾക്കു ഒരു പരിഹാരം വരും. നമ്മുടെ നീറുന്ന ഹൃദയത്തിനു ഒരു ശാന്തിയും കുളിർമയും ലഭിക്കും. നമ്മുടെ ജീവിതം സന്തോഷമുള്ളതായിത്തീരും.

ക്രിസ്തു ഒടുവിലായി പറഞ്ഞു:

> "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുതു"
>
> യോഹന്നാൻ 14:27

> "നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു"
>
> യോഹന്നാൻ 16:33

യേശുവിനെ സ്വീകരിപ്പിൻ. യേശുവിനെ കൈക്കൊൾവിൻ. നാഥാ, നീ എന്റെ ഹൃദയത്തിലേക്കു വരണമേ എന്നു യേശുവിനോടു പ്രാർത്ഥിപ്പിൻ. യേശുവിനായി ഉള്ളു തുറക്കുവിൻ. പാപത്തോടു യാത്ര പറയുവിൻ. പുതുജീവിതം തുടങ്ങുവിൻ.

# രണ്ട്

"അതിനു രൂത്ത്: നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറ യരുതേ; നീ പോകുന്നിടത്തു ഞാനും പോരും; നീ പാർക്കുന്നേടത്തു ഞാനും പാർക്കും, നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം. നീ മരി ക്കുന്നേടത്തു ഞാനും മരിച്ചു അടക്കപ്പെടും; മരണ ത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യു മാറാകട്ടെ എന്നു പറഞ്ഞു."

രൂത്ത് 1:16,17

രൂത്തിന്റെ പുസ്തകത്തിൽ രൂത്ത് എടുക്കുന്ന ഏറ്റവും കാത ലായ ഒരു തീരുമാനമാണ് ഈ രണ്ടു വാക്യങ്ങളിൽ നാം കാണുന്ന ത്. രൂത്ത് തീരുമാനിക്കുന്നു.

ബത്‌ലഹേമിൽ വീണ്ടും സമൃദ്ധി ഉണ്ടായി. ക്ഷാമം വന്നിരു ന്നു. ക്ഷാമ ബാധിത ദേശത്ത് വീണ്ടും സമൃദ്ധി ഉണ്ടായി.

> "യഹോവ തന്റെ ജനത്തെ സന്ദർശിച്ചു ആഹാരം കൊടുത്ത പ്രകാരം അവൾ മോവാബ് ദേശത്തുവെച്ചു കേട്ടിട്ടു മോവാബ് ദേശം വിട്ടു മടങ്ങിപ്പോകുവാൻ തന്റെ മരുമക്കളോടുകൂടെ പുറപ്പെട്ടു."
>
> രൂത്ത് 1:6

യഹോവ തന്റെ ജനത്തെ സന്ദർശിച്ചു ആഹാരം കൊടുത്തു. ബേത്‌ലഹേം- അപ്പത്തിന്റെ വീട് ക്ഷാമത്തിന്റെ വീടായി മാറിപ്പോയിരുന്നു. എന്നാൽ ദൈവം ദേശത്തെ സന്ദർശിച്ചു. ക്ഷാമത്തിന്റെ വീടിനെ ദൈവം സന്ദർശിച്ചു, വീണ്ടും ആഹാരം കൊടുത്തു. ദേശത്ത് വീണ്ടും സമൃദ്ധി ഉണ്ടായി. മോവാബ് ദേശത്തുവച്ച് ഈ കാര്യം നൊവൊമി കേട്ടു. മരുമക്കളോടുകൂടി അവൾ വീണ്ടും ബേത്‌ലഹേമിലേക്കു പോകുവാൻ പുറപ്പെട്ടു.

മരുമക്കൾ തന്റെ കൂടെ പോരുവാൻ തുടങ്ങിയപ്പോൾ നൊവൊമി പറഞ്ഞു:എന്റെ മക്കളെ, യഹോവയുടെ കൈ എനിക്കു വിരോധമായി പുറപ്പെട്ടിരിക്കയാൽ നിങ്ങളെ വിചാരിച്ചു ഞാൻ വളരെ വ്യസനിക്കുന്നു. എന്റെ മക്കളെ, നിങ്ങൾ മടങ്ങിപൊയ്ക്കൊൾവിൻ. എന്തിനു എന്നോടു കൂടെ പോരുന്നു? എന്റെ കൂടെ നിങ്ങൾ പോരണ്ടാ, ഞാൻ സന്തോഷത്തിന്റെ സമൃദ്ധിയിൽ ഈ ദേശത്തേക്കു പോന്നതാണ്. എന്നാൽ ഇപ്പോൾ ദുഃഖാക്രാന്തയായി ഞാൻ മടങ്ങുകയാണ്. എന്തിനു നിങ്ങൾ എന്റെ കൂടെ പോരണം. മോവാബു ദേശത്തു തന്നെ താമസിച്ചു നിങ്ങൾ പുനർവിവാഹം കഴിച്ചാൽ നിങ്ങൾക്കു സന്തോഷമായി കഴിയാമല്ലോ. എനിക്കിനി ഭാവിയെക്കുറിച്ച് പ്രതീക്ഷയോ, പ്രത്യാശയോ ഒന്നുമില്ല. നിങ്ങൾ എന്റെ കൂടെ പോരേണ്ട.

മരുമക്കൾ രണ്ടുപേരും പൊട്ടിക്കരഞ്ഞു. ഒർപ്പാ അമ്മായിയമ്മയെ ചുംബിച്ച് പിരിഞ്ഞു. രൂത്തോ അമ്മാവിയമ്മയോടു പറ്റിനിന്നു.

> "അവർ പിന്നെയും പൊട്ടിക്കരഞ്ഞു; ഒർപ്പാ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു; രൂത്തോ അവളോടു പറ്റിനിന്നു.''
>
> രൂത്ത് 1:14

അപ്പോൾ നൊവൊമി പറഞ്ഞു: നിന്റെ സഹോദരി തന്റെ ജനത്തിന്റെയും തന്റെ ദേവന്റെയും അടുക്കൽ മടങ്ങിപ്പോയല്ലോ. നീയും നിന്റെ സഹോദരിയുടെ പിന്നാലെ പോയ്ക്കൊൾക എന്നു പറഞ്ഞു.

അതിനു രുത്ത്: "നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ. നീ പോകുന്നിടത്തു ഞാനും പോരും. നീ പാർക്കുന്നിടത്തു ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നിടത്തു ഞാനും മരിച്ച് അടക്കപ്പെടും. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യുമാറാകട്ടെ" എന്നു പറഞ്ഞു.

അമ്മയുടെ കൂടെ താമസിച്ച കാലത്ത് അമ്മയുടെ ദൈവത്തെ രൂത്തിനു പിടികിട്ടി. അമ്മയുടെ കൂടെ വസിച്ചകാലം അമ്മയുടെ ദൈവം സ്നേഹിക്കുവാനും വിശ്വസിക്കുവാനും കൊള്ളാവുന്നവനെന്ന് രൂത്തിനു മനസ്സിലായി. "നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നിടത്തു ഞാനും മരിച്ചു അടക്കപ്പെടും, മരണത്താലല്ലാതെ നാം തമ്മിൽ വിട്ടുപിരിയുകയില്ല" എന്നു പറയത്തക്കവണ്ണം അമ്മയോട് ഒരു സ്നേഹം രുത്തിനു ഉണ്ടായി.

വളരെ മർമ്മ പ്രധാനമായ ഒരു കാര്യം ഇവിടെ നമുക്കു ചിന്തിക്കുവാനുണ്ട്. അനേകം കുടുംബങ്ങളിൽ അമ്മാവിയമ്മയും മരുമക്കളും തമ്മിൽ വഴക്കടിച്ച് കലഹിച്ച് കഴിയുന്നുണ്ട്; അമ്മാവിയമ്മ ഈ മരുമകളെ വിളിക്കുന്നതു "മകളെ" എന്നാണ്. എത്രവാത്സല്യമസൃണമായ സ്വരം!

അമ്മാവിയമ്മ രൂത്തിനെ വിളിക്കുന്നതു രൂത്തേ എന്നല്ല, 'എന്റെ മകളേ' എന്നാണ്. രൂത്തിന്റെ പുസ്തകം നാലാം അദ്ധ്യായം നാം വായിക്കുമ്പോൾ എത്ര പ്രാവശ്യമാണ് 'എന്റെ മകളേ' എന്നു വിളിക്കുന്നത്. മനോഹരമായ ഒരു സംബോധനയാണ് അത്. സ്നേഹത്തിന്റെ മകുടം ചൂടുന്ന ഒരു നല്ല വാക്ക്. മകൾ അമ്മയോടു പറ്റിനിൽക്കുകയാണ്. അമ്മാവിയമ്മയോടു പറ്റിനിൽക്കുന്ന മരുമകളും, മരുമകളോടു പറ്റിനിൽക്കുന്ന അമ്മാവിയമ്മയും!

ഇതു വാസ്തവത്തിൽ നമ്മുടെ കുടുംബങ്ങളിൽ ഒരു മാതൃക ആകേണ്ടതല്ലേ? നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒരു നല്ല അനുഭവത്തിലേക്കു വരുന്നതിനു ഇതു അനുകരണീയമായ കാര്യമായി തോന്നുന്നില്ലേ?

ഒരു പക്ഷേ അമ്മാവിയമ്മ ദുഃഖിപ്പിച്ചാലും ക്ലേശിപ്പിച്ചാലും വഴക്കുപറഞ്ഞാലും ശാസിച്ചാലും, കോപിച്ചാലും തളരാതെ, മുഖം മങ്ങാതെ, ഉള്ളു മ്ലാനമാകാതെ, സ്നേഹിച്ച്, അനുസരിച്ച്, ക്ഷമിച്ച്, ചേർന്നു നിൽക്കാൻ മരുമകൾക്ക് സാധിക്കാറുണ്ടോ? തിരിഞ്ഞുനോക്കിയാൽ ഈ കാര്യത്തിൽ വന്ന അപാകതയും അനർത്ഥവും ഓർത്തു കരയുവാൻ വിഷയങ്ങളില്ലേ?

നിങ്ങൾ ക്ഷമിക്കേണ്ടതു പോലെ ക്ഷമിച്ചിട്ടുണ്ടോ? സ്നേഹിക്കേണ്ടതു പോലെ സ്നേഹിച്ചിട്ടുണ്ടോ? കരുതേണ്ടതുപോലെ കരുതിയിട്ടുണ്ടോ? സഹതാപത്തോടെ കണ്ടിട്ടുണ്ടോ? നിങ്ങൾ ദയാവായ്പോടെ പെരുമാറിയിട്ടുണ്ടോ? കാരുണ്യത്തോടെ ഇടപെട്ടിട്ടുണ്ടോ?

അമ്മാവിയമ്മമാരും ചിന്തിക്കേണ്ടതാണ്. മരുമക്കളോടുള്ള വാത്സല്യം - സ്വന്തം മകളെപ്പോലെ കാണാനുള്ളതായ വാത്സല്യം ഉണ്ടോ? സ്വന്തം മകളുടെ നന്മയും അഭിവൃദ്ധിയും കരുതുന്നതുപോലെ തന്നെ മകന്റെ ഭാര്യയുടെ നന്മയും അഭിവൃദ്ധിയും കരുതാനുള്ളതായ സന്മനസ്സ് അമ്മാവിയമ്മമാർക്ക് ഉണ്ടോ? മകളേ മടങ്ങിപ്പൊയ്ക്കൊള്ളൂ എന്നു പറയുന്നതിൽ, മക്കളെ നിങ്ങൾ എന്റെ കൂടെ വരണ്ട എന്നു പറയുന്നതിൽ എല്ലാം അവരുടെ ഭാവിയുടെ നന്മയാണ് ആഗ്രഹിക്കുന്നത്.

നൊവൊമി രൂത്തിനോടു പറയുന്ന വാക്കിലും ഇതുതന്നെ കാണാം. നിന്റെ സഹോദരി തന്റെ ജനത്തിന്റെയും തന്റെ ദേവന്റെയും അടുക്കൽ മടങ്ങിപ്പോയല്ലോ. നീയും നിന്റെ സഹോദരിയുടെ പിന്നാലെ പൊയ്ക്കൊൾക എന്നു പറയുന്നതിലും, അമ്മ അവളുടെ നന്മമാത്രമാണ് ആഗ്രഹിക്കുന്നത്.

എന്നാൽ അവൾ പറയുന്നതോ! “നിന്നെ വിട്ടിപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ; നീ

പോകുന്നിടത്തു ഞാനും പോകും. നീ പാർക്കുന്നിടത്തു ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നിടത്തു ഞാനും മരിച്ച് അടക്കപ്പെടും. എത്ര ശ്രേഷ്ഠകരമായ ഒരു തീരുമാനമാണത്!

ദൈവത്തോടും ദൈവജനത്തോടും ചേർന്നു നിൽക്കുവാനുള്ള തീരുമാനം. അവളുടെ ജീവിതത്തിൽ സ്ഥായിയായ സ്വാധീനം ചെലുത്തുന്ന അത്ഭുതകരമായ ഒരു തീരുമാനമാണത്. ദൈവത്തോടു ചേർന്നുനിൽക്കുക. ദൈവജനത്തോടും ചേർന്നു നിൽക്കുക. ക്രിസ്തുവിനോടു ചേർന്നുനിൽക്കുക. ക്രിസ്തുവിന്റെ പ്രിയപ്പെട്ടവരോടുംചേർന്നു നിൽക്കുക.

കർത്താവായ യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു:

> "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവന്ന് നന്ന്"
>
> മത്തായി 18:6.

ഈ ചെറിയവരിൽ ഒരുത്തൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മോഹന സൃഷ്ടിയാണ്. യേശുക്രിസ്തുവിന്റെ പ്രിയജനമാണ് ഈ ചെറിയവരിൽ ഒരുത്തൻ.

ദൈവത്തോടുള്ളതായ നമ്മുടെ സ്നേഹം എങ്ങനെ? ദൈവജനത്തോടുള്ളതായ സ്നേഹം എങ്ങനെ?

സ്വാർത്ഥമതികളായിട്ടു നാം ജീവിക്കുകയല്ലേ? ലോകത്തിന്റെ അടിമകളായി നാം ജീവിക്കുകയല്ലേ? ലോക സ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു തിരുവചനം പറയുന്നു. നിസ്വാർത്ഥമായ മനസ്സു നമുക്കുണ്ടോ? നിഷ്ക്കളങ്കമായ ഹൃദയം നമുക്കുണ്ടോ? മറ്റുള്ളവരെ സ്നേഹിപ്പാൻ നമുക്കു കഴിയുന്നുണ്ടോ? ദൈവത്തെ സ്നേഹിക്കുന്നവനു മാത്രമേ ദൈവജനത്തെയും സ്നേഹിപ്പാൻ പറ്റുകയുള്ളൂ. കണ്ടിട്ടുള്ള സഹോദരനെ

സ്നേഹിപ്പാൻ കഴിയാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴികയില്ല.

> "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തന്റെ സഹോദരനെ പകയ്ക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്നീ കല്പന നമുക്കു അവങ്കൽ നിന്നു ലഭിച്ചിരിക്കുന്നു."
>
> 1 യോഹന്നാൻ 4:20.

> "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നുതന്നെ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും."
>
> യോഹന്നാൻ 13:34,35

സ്നേഹത്തിൽ നമുക്കു ഐകമത്യപ്പെടാം. ദൈവത്തോടും ദൈവജനത്തോടും ചേർന്നു നില്പ്പാൻ നമുക്കു ഒരു തീരുമാനമെടുക്കാം. നമുക്കു ഒരു പുതിയ സമർപ്പണത്തിലേക്കു വരാം. കർത്താവേ, ഞാൻ ഇതാ നിന്നോടും നിന്റെ മക്കളോടും ചേർന്നുനിൽപ്പാൻ എന്റെ ജീവിതം സമർപ്പിക്കുന്നു. കർത്താവേ, നിന്നെ പ്രസാദിപ്പിച്ചു, നിന്റെ മക്കളെ സ്നേഹിച്ചു പുതിയ ജീവിതം നയിപ്പാൻ ഞാനിതാ തീരുമാനിക്കുന്നു. എന്നെ അനുഗ്രഹിക്കണമെ.

രൂത്തിന്റെ പുസ്തകം ഒന്നാം അദ്ധ്യായം രൂത്ത് തീരുമാനിക്കുന്നതിനെയാണ് പ്രധാനമായും വിവരിക്കുന്നത് - Ruth deciding.

രണ്ടാം അദ്ധ്യായം രൂത്ത് വേല ചെയ്യുന്നതിനെയാണ് കാണിക്കുന്നത് - Ruth serving.

മൂന്നാം അദ്ധ്യായത്തിൽ രൂത്ത് വിശ്രമിക്കുന്നു. രൂത്ത് ബോവസിന്റെ കാല്ക്കൽ വന്നു ആശ്രയിക്കുന്നു. Ruth resting.

നാലാം അദ്ധ്യായത്തിൽ രൂത്തിനു പ്രതിഫലം ലഭിക്കുന്നു. രൂത്ത് പ്രതിഫലം പ്രാപിക്കുന്നു. Ruth rewarded.

ഒന്നാം അദ്ധ്യായത്തിലെ രൂത്തിന്റെ തീരുമാനമാണ് - decision - പിന്നീടുള്ള അദ്ധ്യായങ്ങളിലെ അനുഗ്രഹ പാതകളിലൂടെ നയിച്ചു കൊണ്ടു പോകുന്നത്. നമ്മുടെ ജീവിതത്തിന്റെ ശരിയായ ഒരു തീരുമാനം വാസ്തവത്തിൽ നമ്മുടെ ഭാവി ജീവിതത്തെയും തലമുറകൾ തലമുറകൾ കഴിഞ്ഞുള്ള ജീവിതത്തെയും സ്വാധീനം ചെയ്യും എന്ന പരമാർത്ഥമാണ്, രൂത്തിന്റെ പുസ്തകം തരുന്ന വളരെ മനോഹരമായ ഒരു പാഠം.

രൂത്ത് അന്നെടുത്ത തീരുമാനം ആ കുടുംബത്തിന്റെ മുഴുവൻ ഗതിയെ മാറ്റി. നൊവൊമിയുടെ നിരാശ മാറ്റി. നൊവൊമിയുടെ കയ്പ്പ് മാറ്റി. നൊവൊമിയുടെ ദുഃഖം മാറ്റി. കുടുംബത്തിന്റെ പ്രതിസന്ധി മാറ്റി. മാത്രമല്ല, വരുംകാല തലമുറയിലേക്കു പടർന്നു കയറുന്ന അനുഗ്രഹത്തിന്റെ നാന്ദിയായി അതു തീർന്നു.

എന്നാൽ ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്ന മറ്റൊരു ചിത്രമുണ്ട്. അതു നൊവൊമിയുടെ തെറ്റായ തീരുമാനം -wrong decision ആണ്. രൂത്തിന്റേത് ശരിയായ തീരുമാനം - right decision - ആണ്. ഒന്നാം അദ്ധ്യായത്തിൽ ഒന്നാം വാക്യം മുതൽ അഞ്ചാം വാക്യം വരെ വായിക്കുമ്പോൾ നാം കാണുന്നത് നൊവൊമിയുടെ തെറ്റായ തീരുമാനമാണ്.

എന്താണ് ആ തെറ്റായ തീരുമാനം? നൊവൊമി ബേത്ലഹേം വിട്ട് മോവാബ് ദേശത്തേക്കു പോകുവാൻ തീരുമാനിച്ചു. അതു തെറ്റായ തീരുമാനമായിരുന്നു.

അതിനു ശേഷം പിന്നീടു ഒന്നാം അദ്ധ്യായത്തിന്റെ ആറാം വാക്യം മുതൽ പതിനഞ്ചാം വാക്യം വരെ വായിക്കുമ്പോൾ കാണുന്നതു തെറ്റായ രീതിയിൽ മറ്റുള്ളവരെ നയിക്കുവാൻ - wrong direction ഇടയായി എന്നതാണ്. അതുകൊണ്ടാണ് ഒർപ്പാ അന്ന് അവളുടെ

ജനത്തിന്റെയും ദേവന്റെയും അടുക്കലേക്കു മടങ്ങിപ്പോയതു. മോവാബു ദേശത്തേക്കു നൊവൊമിയുടെ മരുമക്കളായ ഒർപ്പാ മടങ്ങിപ്പോയി. അവളുടെ ജനത്തിന്റെയും ദേവന്റെയും അടുക്കലേക്കു മടങ്ങിപ്പോകുവാൻ നൊവൊമി പറയുന്നതു നാം വായിക്കുന്നുണ്ട്. നൊവൊമി പറയുകയാണ്.

യഹോവയുടെ കൈ എനിക്കു വിരോധമായി പുറപ്പെട്ടിരിക്കയാൽ നിങ്ങളെ വിചാരിച്ചു ഞാൻ വളരെ വ്യസനിക്കുന്നു. ആകയാൽ നിങ്ങൾ ദേശത്തേക്കും ദേവന്റെയും അടുക്കലേക്കു മടങ്ങിപ്പോക എന്ന് പറഞ്ഞു നൊവൊമി രണ്ടുപേരെയും നിരുത്സാഹപ്പെടുത്തുകയാണ്.

> "എന്റെ മക്കളേ, നിങ്ങൾ മടങ്ങിപ്പൊയ്ക്കൊൾവിൻ;
> എന്തിനു എന്നോടുകൂടെ പോരുന്നു"
>
> രുത്ത് 1:11

> "എന്റെ മക്കളേ, മടങ്ങിപ്പൊയ്ക്കൊൾവിൻ."
>
> രൂത്ത് 1:12

തുടർന്നു ഒർപ്പാ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു.

> "അവർ പിന്നെയും പൊട്ടിക്കരഞ്ഞു; ഒർപ്പാ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു; രൂത്തോ അവളോടു പറ്റിനിന്നു."
>
> രൂത്ത് 1:14

പറ്റി നിന്ന രൂത്തിനെയും "മടങ്ങിപ്പൊയ്ക്കൊൾവിൻ, എന്നിനു എന്നോടു കൂടെ പോരുന്നു" എന്നു പറഞ്ഞു നൊവൊമി നിരുത്സാഹപ്പെടുത്തുകയാണ്.

> "അപ്പോൾ അവൾ നിന്റെ സഹോദരി തന്റെ ജനത്തിന്റെയും തന്റെ ദേവന്റെയും അടുക്കൽ മടങ്ങിപ്പോയല്ലോ; നീയും നിന്റെ സഹോദരിയുടെ പിന്നാലെ പൊയ്ക്കൊൾക എന്നുപറഞ്ഞു."
>
> രൂത്ത് 1:15

രണ്ടുപേരും മടങ്ങിപ്പൊയ്ക്കൊൾവിൻ എന്ന് നൊവൊമി മരുമക്കളെ ഉപദേശിക്കുന്നത് തെറ്റായ മാർഗ്ഗനിർദ്ദേശം wrong direction ആണ്.

അവരുടെ ആത്മാവിന്റെ കാര്യത്തെക്കുറിച്ച് നൊവൊമിക്കു കരുതലില്ല. അപ്പത്തിന്റെ ദേശത്തേക്കു അവർ വരണമെന്ന് നൊവൊമിക്കു ആഗ്രഹമില്ല. അവരുടെ ഭാവി ജീവനുള്ള യഹോവയായ ദൈവം ഇല്ലാത്ത നാശദേശത്തേക്കു പോകുന്നതിൽ നൊവൊമിക്കു വിഷമമില്ല. അവരെക്കുറിച്ചുള്ളതായ കരുതലില്ല. അവർ അവരുടെ ദേവന്മാരുടെ അടുക്കലേക്കു പോകുന്നതിൽ നൊവൊമിക്കു പ്രയാസമില്ല. മടങ്ങിപ്പൊയ്ക്കൊൾവിൻ എന്നാണ് നൊവൊമി അവരോടു പറയുന്നത്; wrong direction.

ഒന്ന് : wrong decision

രണ്ട് : wrong direction

നൊവൊമിയിൽ മൂന്നാമത് കാണുന്നതു wrong disposition ആണ്. തെറ്റായ മനോഭാവം.

ദൈവം എന്നെ വ്യസനിപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ കൈ എനിക്കു വിരോധമായിരിക്കുന്നു. നിറവുള്ളവളായ എന്നെ ഒഴിഞ്ഞവളായി മാറ്റിയിരിക്കുന്നു. സർവ്വശക്തൻ എന്നോടു കയ്പായതു പ്രവർത്തിച്ചിരിക്കുന്നു. തെറ്റായ ചിന്താഗതി ആണിത്; wrong disposition.

എനിക്കു ഈ ദുരിതമെല്ലാം വന്നതു ദൈവം എനിക്കു വിരോധമായതുകൊണ്ടാണ്. എനിക്കു ഈ ദുഃഖമെല്ലാം വന്നത് ദൈവം എന്റെ ജീവിതത്തിൽ കയ്പ് തന്നതുകൊണ്ടാണ്. ദൈവം എന്നെ വേദനിപ്പിച്ചിരിക്കുന്നു. ദൈവം എന്നെ ദുഃഖിപ്പിച്ചിരിക്കുന്നു; എനിക്കു കയ്പ് തന്നിരിക്കുന്നു. ദൈവം എന്റെ നേരെ തന്റെ കൈ തിരിച്ചിരിക്കുന്നു എന്നു നൊവൊമി സങ്കടപ്പെട്ട് പറയുകയാണ്.

> “എന്റെ മക്കളേ; യഹോവയുടെ കൈ എനിക്കു വിരോധമായി പുറപ്പെട്ടിക്കയാൽ നിങ്ങളെ വിചാരിച്ചു വ്യസനിക്കുന്നു.”
>
> രൂത്ത് 1:3

തെറ്റായ മനോഭാവമാണ് യഹോവയുടെ കൈ എനിക്കു വിരോധമായി പുറപ്പെട്ടിരിക്കുന്നു എന്നത്.

“അവൾ അവരോടു പറഞ്ഞതു:നൊവൊമി എന്നല്ല മാറാ എന്നു എന്നെ വിളിപ്പിൻ, സർവ്വശക്തൻ എന്നോടു ഏറ്റവും കൈപ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു.”

രൂത്ത് 1:20

നൊവൊമി വീണ്ടും പറയുകയാണ്:

> “യഹോവ എനിക്കു വിരോധമായി സാക്ഷീകരിക്കയും സർവ്വശക്തൻ എന്നെ ദുഃഖിപ്പിക്കയും ചെയ്തിരിക്കെ നിങ്ങൾ എന്നെ നൊവൊമി എന്നു വിളിക്കുന്നതു എന്ത്.”
>
> രുത്ത് 1:21

ദൈവത്തിന്റെ കൈ എനിക്കു വിരോധമാണ്. സർവ്വശക്തൻ എന്നോടു ഏറ്റവും കയ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു. സർവ്വശക്തൻ എന്നെ ദുഃഖിപ്പിച്ചിരിക്കുന്നു. യഹോവ എനിക്കു വിരോധമായി സാക്ഷീകരിച്ചിരിക്കുന്നു. ദൈവത്തോടുള്ളതായി പരാതി. ദൈവത്തോടുള്ളതായ പരിഭവം.

എനിക്ക് എന്താണ് ഇങ്ങനെ വന്നത്; എന്റെ കുഞ്ഞുങ്ങൾ എന്താണിങ്ങിനെ ആയിപ്പോയത്, എന്റെ മക്കൾ എന്താണ് ദുഃസ്വഭാവത്തിൽ ആയിപ്പോയത്; എന്റെ മക്കൾ എന്താണ് പഠിക്കാത്തത്; എന്റെ മക്കൾ എന്താണ് ചുമതലാബോധമില്ലാതായത്; ദൈവം എന്താണ് എന്നെ സഹായിക്കാത്തത്; എനിക്കു എന്താണ് ഈ ദുരിതം വന്നത്; എനിക്കു എന്താണ് ഈ കനത്ത നഷ്ടം വന്നതു്; എനിക്കു എന്തുകൊണ്ടാണ് ഈ അപകടം വന്നത്; എനിക്കു എന്താണ് ഈ രോഗം

വന്നതു; എന്റെ ഭർത്താവിന് എന്താണ് ഇത്രയും വലിയ ദുരിതം വന്നത്; എന്റെ ഭാര്യയ്ക്ക് എന്താണ് ഇത്രയും വലിയ കെടുതി വന്നതു; എന്റെ കുടുംബത്തിൽ എന്താണ് ഇത്രയും വലിയ കഷ്ടനഷ്ടങ്ങൽ വന്നതു; എനിക്കെന്താണ് ഇത്രയും കടം വന്നത്; ദൈവം എനിക്കു വിരോധമായല്ലോ; എനിക്കു സഹായമായി ദൈവം നിന്നില്ലല്ലോ; ഞാൻ അറിഞ്ഞു വലിയ തെറ്റൊന്നും ചെയ്തില്ലല്ലോ എന്നെല്ലാം ചിന്തിച്ച് പരിഭവിക്കുന്ന ആളുകളുണ്ട്.

ഞാൻ ഇപ്പോൾ ഓർക്കുന്നു പഴയ കഥകൾ. എന്റെ ബാല്യപ്രായത്തിൽ എന്റെ അമ്മ ഇരുന്ന കരയുന്നതു ഞാൻ കണ്ടിട്ടുണ്ട്. എന്റെ അമ്മ പറഞ്ഞിട്ടുണ്ട് - എന്റെ കർത്താവേ, എന്നോടു ഇങ്ങനെ ചെയ്യാൻ ഞാൻ എന്തു പാപം ചെയ്തു എന്ന്. കർത്താവേ നീ എന്നോടു ഇത്രമാത്രം കഠിനമായി പ്രവർത്തിക്കാൻ ഞാൻ എന്തു പാപമാണ് ചെയ്തത് എന്ന് അമ്മ പറഞ്ഞു ഏങ്ങലടിച്ചു കരയാറുണ്ട്. അമ്മയുടെ മുപ്പതാമത്തെ വയസ്സിൽ, എനിക്കു ഒരു വയസ്സുള്ളപ്പോൾ, എന്റെ അപ്പൻ മരിച്ചു. അപ്പനു മുപ്പത്തിമൂന്നു വയസ്സു പ്രായം. മുപ്പതാം വയസ്സിൽ വിധവയായ എന്റെ അമ്മ ഏങ്ങലടിച്ചു കൊണ്ടുപറയും: ഇത്രയും വലിയ വ്യസനം എനിക്കു വരുവാൻ തക്കവണ്ണം ഞാൻ എന്തു പാപം ചെയ്തു കർത്താവേ എന്ന്.

നാം ആരും ദൈവത്തോടു പരിഭവിക്കരുത്. ചിന്തിച്ചു നോക്കൂ - നമുക്കു ഹിതകരമല്ലാത്ത കാര്യങ്ങൾ വരുമ്പോൾ ദൈവം എന്നെ സഹായിച്ചില്ലല്ലോ എന്നു പരാതി തോന്നാറില്ലേ? ദൈവത്തോടു നമുക്കു മുഷിച്ചിൽ തോന്നാറില്ലേ. ദൈവം എന്നെ വെട്ടിക്കളഞ്ഞുവോ എന്ന് നാം അമ്പരപ്പിലാകാറുണ്ടോ? ദൈവം എന്നെ ഉപേക്ഷിച്ചുവോ എന്നു സംഭ്രമം തോന്നാറുണ്ടോ?

നിരാശപ്പെടേണ്ട സ്വർഗ്ഗത്തിലെ ദൈവം നിന്നെ മറക്കുന്നില്ല. യഹോവയായ ദൈവം നിന്നെ വിചാരിക്കുന്നവനാണ്. സങ്കീർത്തനക്കാരൻ പറയുന്നു:

> "ഞാനോ എളിയവനും ദരിദ്രനും ആകുന്നു;
> എങ്കിലും കർത്താവു എന്നെ വിചാരിക്കുന്നു."
>
> സങ്കീർത്തനങ്ങൾ 40:17

ജീവനുള്ള ക്രിസ്തു, മകനേ നിന്നെ വിചാരിക്കുന്നുണ്ട്. തിരുവചനത്തിൽ, സങ്കീർത്തനത്തിൽ "യഹോവ നമ്മെ ഓർത്തിരിക്കുന്നു" എന്നൊരു വചനം ഉണ്ട്. സങ്കീ.103:14. നമ്മെ ഓർക്കുന്ന ദൈവം, നമ്മെ കരുതുന്ന ദൈവം, നമ്മെ സ്നേഹിക്കുന്ന ദൈവം, നമുക്കു വേണ്ടി ഏറ്റവും നല്ലതു മുന്നൊരുക്കുന്ന ദൈവം. ആ സ്നേഹനിധി ഇതാ, നിങ്ങളുടെ അരികത്ത് വന്നു നിൽക്കുന്നു. അവനെ നിങ്ങൾ സ്വീകരിപ്പിൻ. യേശുവിനെ നിങ്ങൾ കൈക്കൊള്ളുവിൻ. നിങ്ങൾക്കു വേണ്ടി തിരുരക്തം ചിന്തി സ്നേഹിച്ച നിങ്ങളുടെ രക്ഷകനെ നിങ്ങൾ കൈക്കൊള്ളുവിൻ. ക്രിസ്തുവിന്റെ കരങ്ങളിലേക്കു നിങ്ങളെ കൊടുക്കുവിൻ. ക്രിസ്തുവിനോടു വാക്കു പറയുവിൻ.

ഞാൻ ഇതാ ഇന്നുമുതൽ ഒരു പുതിയ സൃഷ്ടി. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ പാപം കൂടാതെ, പാപത്തെ വെറുത്ത്, നിന്നെ സ്നേഹിച്ച്, ഒരു പുതുജീവിതം നയിക്കും.

# മൂന്ന്

> "അങ്ങനെ അവർ രണ്ടുപേരും ബേത്‌ലഹേം വരെ നടന്നു; അവർ ബേത്‌ലഹേമിൽ എത്തിയപ്പോൾ പട്ടണം മുഴുവനും അവരുടെ നിമിത്തം ഇളകി; ഇവൾ നൊവൊമിയോ എന്നു സ്ത്രീജനം പറഞ്ഞു."
>
> രൂത്ത് 1:19

രണ്ടു വിധവമാർ, ഒന്ന് അമ്മാവിയമ്മ മറ്റൊന്നു മരുമകൾ. നൊവൊമിയും രൂത്തും. അവർ മോവാബ് ദേശത്തു നിന്നു ബേത്‌ലഹേമിലേക്കു വരികയാണ്. നൊവൊമി ബേത്ത്‌ലഹേമിൽ നിന്നു വർഷങ്ങൾക്കു മുമ്പ് പോയതായിരുന്നു. ഇപ്പോൾ മടങ്ങി വരികയാണ്. രൂത്ത് ആദ്യമായി ബേത്‌ലഹേമിലേക്ക് വരുവാൻ ചുവടുവയ്ക്കുകയാണ്.

ഒരിക്കൽ ബേത്‌ലഹേമിൽ പാർത്തിരുന്ന നൊവൊമി ബേത്‌ലഹേം വിട്ടു മോവാബിലേക്കു പോയിരുന്നു. ബേത്‌ലഹേം അപ്പത്തിന്റെ വീടാണ്. ബേത്‌ലഹേം സ്തുതിയുടെ ഭവനമാണ് The house of bread and praise മോവാബ് കലഹത്തിന്റെ ദേശമാണ് The place of quarrel. അപ്പത്തിന്റെ നാട്ടിൽ നിന്നു കലഹത്തിന്റെ ദേശത്തേക്കു പോയിരുന്ന നൊവോമി. ഇപ്പോൾ അപ്പത്തിന്റെ നാട്ടിലേക്കു മടങ്ങിവരുന്നു.

നൊവൊമി ഇപ്പോൾ യഥാസ്ഥാനപ്പെട്ടു മടങ്ങി വരുന്നു എന്നാൽ പുതിയ സമർപ്പണത്തിലേക്കു വന്നുചേർന്ന രൂത്തിനെയും നാം ഒപ്പം കാണുന്നു. വളരെ മനോഹരമായ ഒരു ചിത്രമാണ്. പിന്മാറിപ്പോയ ഒരാൾ മടങ്ങിവരുന്നു. പട്ടണം മുഴുവൻ ഇളകി. പുതിയ സമർപ്പണം ഒരാൾ എടുക്കുന്നു. പട്ടണം മുഴുവൻ ഇളകി. ഇങ്ങനെ അവർ രണ്ടു പേരും ഒന്നിച്ചു ബേത്‌ലഹേം വരെ നടന്നു. അവർ ബേത്‌ലഹേമിൽ എത്തിയപ്പോൾ പട്ടണം മുഴുവനും അവരുടെ നിമിത്തം ഇളകി.

പിന്മാറിയപ്പോയ ഒരാൾ മടങ്ങിവരുമ്പോൾ പട്ടണം മുഴുവൻ ഇളകും. പുതിയ സമർപ്പണം ഒരാൾ എടുക്കുമ്പോൾ പട്ടണം മുഴുവൻ ഇളകും. അപ്പത്തിന്റെ നാട്ടിലേക്കു മടങ്ങിവരുമ്പോൾ പട്ടണം മുഴുവൻ ഇളകുന്നു. ദൈവത്തിനു സ്തോത്രം.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ നിനക്കു എവിടെയെങ്കിലും പിന്മാറ്റം സംഭവിച്ചിട്ടുണ്ടോ? നിന്റെ തീരുമാനങ്ങളിൽ വ്യതിചലനം വന്നുപോയിട്ടുണ്ടോ? ദൈവത്തോടു പറഞ്ഞ വാക്കു നീ ലംഘിച്ചിട്ടുണ്ടോ? നിന്റെ പ്രാർത്ഥന കുറഞ്ഞു പോയിട്ടുണ്ടോ? തിരുവചന വായനയ്ക്കുള്ള സമയങ്ങൾ നീ ചുരുക്കിക്കളഞ്ഞുവോ? അഥവാ ഉപേക്ഷിച്ചു കളഞ്ഞുവോ?

നീ ലോകത്തിന്റെ ഇമ്പങ്ങളിലേക്കു ഇറങ്ങിപ്പോയോ? പാപത്തിന്റെ മലിനമായ വഴികളിലേക്കു നീ തിരിഞ്ഞു പോയോ? ഒരു കാലത്തു ഉപേക്ഷിച്ചിരുന്ന പാപങ്ങളിലേക്കു നീ തിരിച്ചുപോകാൻ ഇടയായിപ്പോയിട്ടുണ്ടോ? ലോകത്തോടുള്ള പറ്റുമാനം വേണ്ട എന്നു തീരുമാനമെടുത്തതിനു ശേഷം വീണ്ടും ലോകത്തിലേക്കു ഇറങ്ങിപ്പോയോ?

അപ്പോസ്തലനായ പത്രോസ് പറയും: പിന്മാറിപ്പോകുന്നവർ ഛർദ്ദിച്ചതു ഭക്ഷിക്കാൻ തിരിയുന്ന നായെപ്പോലെയാണ്. പിന്മാറിപ്പോകുന്നവർ കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിയുന്ന പന്നിയെപ്പോലെയാണെന്ന്.

> “കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ
> പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോ

> ടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തെതിനെക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്കു ഏല്പിച്ചു കിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനെക്കാൾ അതു അറിയാതിരിക്കുന്നതു അവർക്കു നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കുസംഭവിച്ചു."
>
> 2 പത്രൊസ് 2:20 - 22

നൊവൊമി അപ്പത്തിന്റെ വീടു വിട്ടു മോവാബിലേക്കു പോയവളാണ്. എന്നാൽ അവൾ ഇപ്പോൾ മടങ്ങി വരുന്നു. അതു സന്തോഷകരമായ വാർത്തയാണ്. പിന്മാറിപ്പോയ വ്യക്തി മടങ്ങിവരുന്നു. അതു ശുഭകരമായ ഒരു വാർത്തയാണ്.

സ്നേഹിതാ, നിനക്കിപ്പോൾ മടങ്ങിവരാൻ തോന്നുന്നുണ്ടോ? അപ്പത്തിന്റെ വീട്ടിലേക്കു മടങ്ങിവരാൻ തോന്നുന്നുണ്ടോ?

നാം വായിക്കുകയാണ്, യഹോവ തന്റെ ജനത്തെ സന്ദർശിച്ചു ആഹാരം കൊടുത്ത പ്രകാരം അവൾ കേട്ടിട്ടു മോവാബ് ദേശം വിട്ടു മടങ്ങിപ്പോരുവാൻ പുറപ്പെട്ടു.

പ്രിയപ്പെട്ടവരേ, അപ്പത്തിന്റെ ഭവനം വിട്ടാണ് ഇറങ്ങിപ്പോയത്. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആനന്ദം അല തല്ലുന്ന സ്വർഗ്ഗീയ സന്നിധാനം വിട്ടാണ് നീ പോയതു. സ്വർഗ്ഗീയ ഭോജനം വിട്ടാണു നീ പോയതു.

ഈ ലോകത്തിൽ ആ മുടിയൻ പുത്രനെപ്പോലെ പന്നിയുടെ വാളവര തിന്നാൻ കൊതിച്ചാണു നീ പോയത്. നീ പന്നിയുടെ വാളവരയ്ക്കു വേണ്ടി ഇരക്കേണ്ടവനല്ല. പന്നി തിന്നുന്ന തവിടിനുവേണ്ടി മല്ലടിക്കേണ്ടവനല്ല. പന്നി തിന്നുന്ന തവിടിനുവേണ്ടി മല്ലടിച്ചു പന്നിയുടെ തേറ്റകൊണ്ട് തട്ട് ഏല്ക്കേണ്ടവനല്ല.

നിനക്ക് നിന്റെ അപ്പന്റെ ഭവനത്തിൽ നല്ല ഭക്ഷണമുണ്ട്. അവിടെ മേൽത്തരം അങ്കിയുണ്ട്. അവിടെ തടിപ്പിച്ച കാളക്കുട്ടിയെ അറുത്തിട്ടുണ്ട്. അവിടെ വിരുന്നു ഭോജനമുണ്ട്. അവിടെ വിരുന്നുമേശയുണ്ട്. അവിടെ അപ്പന്റെ ഒപ്പം ഇരിക്കാനുള്ള അനുവാദമുണ്ട്. അതിനുള്ള അവകാശമുണ്ട്. നീ അന്യാധീനപ്പെട്ടു പോകേണ്ടവനല്ല. മടങ്ങി വന്നുകൊള്ളൂ. മക്കളെ, അതിവേഗം മടങ്ങിവന്നുകൊള്ളൂ.

അപ്പന്റെ ഭവനത്തിൽ ജനിച്ചവനായിരുന്നു. അപ്പന്റെ ഭവനത്തിൽ വളർന്നവനായിരുന്നു. അപ്പന്റെ ഭവനത്തിൽ വേല ചെയ്തവനായിരുന്നു. അപ്പന്റെ വയലിൽ പ്രവർത്തിച്ചവനായിരുന്നു. അപ്പന്റെ വേലക്കാരുടെ നേതാവായി അവരെ ഭരിച്ചവനായിരുന്നു. എന്നാൽ അവൻ തന്നിഷ്ടപ്രകാരം ഇറങ്ങിപ്പോയി. ഫലം കയ്പ്പേറിയ അനുഭവങ്ങളായിരുന്നു.

ലൂക്കൊസിന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിൽ ധൂർത്തപുത്രന്റെ ഉപമയിൽ കർത്താവു അങ്ങനെയാണ് പറയുന്നത്. നൊവൊമിക്കു വന്നതുപോലെ തന്നെ കയ്പേറിയ അനുഭവങ്ങൾ ജീവിതത്തിൽ വന്നുപോയി. നിറവിന്റെ അനുഭവത്തിൽ നിന്നു ഒഴിഞ്ഞ അനുഭവത്തിലേക്കു കടന്നു വരേണ്ടിവന്നുപോയി.

സ്നേഹിതരേ, ചിന്തിപ്പിൻ. നിങ്ങളുടെ ജീവിതത്തിൽ എവിടെയാണ് പാകപ്പിഴ വന്നതു? എവിടെയാണ് തെറ്റുകൾ സംഭവിച്ചത്? എവിടെയെല്ലാമാണ് ദൈവത്തെ ദുഃഖിപ്പിച്ചത്?

മുടിയൻ പുത്രൻ സമൃദ്ധി തേടി പോയതാണ്. ഉല്ലാസം തേടി പോയതാണ്. ലോകത്തിന്റെ കൂട്ടുകാരെ തേടി പോയതാണ്. അപ്പന്റെ ഭവനത്തിലെ വേലക്കാരെയും വയലിനെയും വിട്ടുപോയതാണ്. അപ്പന്റെ സന്തോഷസമൃദ്ധമായ സാന്നിദ്ധ്യത്തിന്റെ സംസർഗ്ഗത്തെയും സുഖത്തെയും വിട്ടിട്ടു ഇറങ്ങിപ്പോയതാണ്. എന്നാൽ പട്ടണത്തിൽ ചെന്നു തന്നിഷ്ടക്കാരനായി ജീവിച്ചു. എല്ലാം ചെലവഴിച്ചുകളഞ്ഞു. ദുർന്നടപ്പുകാരനായി ജീവിച്ചു. വിദേശത്തിലെ പ്രഭുവിന്റെ കീഴിൽ അടിമവേല ചെയ്യാൻ പോയി.

പന്നി തിന്നുന്ന തവിടു എങ്കിലും തിന്നാൻ കൊതിച്ചു. കിട്ടിയില്ല.

കിട്ടിയതു പന്നിയുടെ തേറ്റ കൊണ്ടുള്ള തട്ട് മാത്രം. ശരീരത്തിൽ മുറിവേറ്റതു മാത്രം മിച്ചം. പരവശനായിപ്പോയി. ഉടുതുണിക്കു മറുതുണിയില്ലാതെ എല്ലാം നഷ്ടപ്പെട്ടവനായി കീറിപ്പറിഞ്ഞ് നാറിയ വേഷം ധരിച്ച് അവനിതാ തിരികെ ഓടുകയാണ്. അവൻ മടങ്ങി വരികയാണ്.

മകനേ, നീ മടങ്ങിവന്നാൽ പട്ടണം ഇളകും. മകളേ നീ മടങ്ങിവന്നാൽ നിന്റെ ഭവനം ഇളകും. നിന്റെ ദേശം ഇളകും. സഭ ഇളകും. സമുദായം ഇളകും. നിന്റെ മക്കൾ ഇളകും. നിന്റെ കുടുംബം ആകമാനം മാറും.

ഭവനത്തിൽ വലിയ ആഘോഷം. വേഗം തടിപ്പിച്ച കാളക്കിടാവിനെ അറുക്കുവിൻ. തിടുക്കപ്പെട്ടു അറുക്കുവാനാണ് പറയുന്നത്. വേഗം വിരുന്നു ഒരുക്കുവിൻ. അവന്റെ കൈക്കു മോതിരം ഇടുവിപ്പിൻ. കാലിനു ചെരിപ്പ് ഇടുവിപ്പിൻ. അവനെ മേത്തരം അങ്കി ധരിപ്പിപ്പിൻ. ഈ എന്റെ മകൻ മരിച്ചവനായിരുന്നു. കാണാതെ പോയിരുന്നു. കണ്ടുകിട്ടി എന്നു പറഞ്ഞു സന്തോഷം തുടങ്ങി. അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി.

പട്ടണം മുഴുവൻ ഇളകും, ആനന്ദം അലതല്ലും, സന്തോഷം കരകവിയും, സമാധാനം നിറയും. ദൈവപൈതലേ; നിനക്കു വേണമോ ഈ യേശുവിനെ? യേശുവിന്റെ സന്നിധിയിലേക്കു നീ മടങ്ങിവരുമോ? പഴയ തീരുമാനത്തിലേക്കു നീ മടങ്ങി വരുമോ? പഴയ സമർപ്പണത്തിലേക്ക് നീ മടങ്ങി വരുമോ? അപ്പത്തിന്റെ ദേശത്തിലേക്കു നീ മടങ്ങി വരുമോ? സമാധാന ദേശത്തേക്കു നീ മടങ്ങിവരുമോ? ജീവന്റെ ഉറവിങ്കലേക്കു നീ മടങ്ങി വരുമോ? കുരിശിൻ ചുവട്ടിലേക്കു നീ മടങ്ങി വരുമോ? ക്രൂശിലെ സ്നേഹമിതാ മാടി വിളിക്കുന്നു. തിരുരക്തത്തിന്റെ പുതിയ ശക്തി നിന്നെ മാടി വിളിക്കുന്നു. ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ അടുക്കലേക്കു അതിവേഗം മടങ്ങി വരിക.

ക്രിസ്തു നിന്നെ തലോടട്ടെ. ക്രിസ്തു നിന്നെ തഴുകട്ടെ, ക്രിസ്തു നിനക്കു പുതിയ ജീവതം തരട്ടെ. പുതിയ അനുഭവം തരട്ടെ. പുതിയ

സ്വർഗ്ഗീയ സന്തോഷം തരട്ടെ. കുടുംബജീവതം അനുഗൃഹീതമായിത്തീരട്ടെ;

നൊവൊമി പിന്മാറി പോയവളായിരുന്നു. ആ പിന്മാറ്റത്തിൽ നഷ്ടം ഏറെ സംഭവിച്ചു പോയി. ഭർത്താവു മരിച്ചു. അരോഗദൃഢഗാത്രരായ രണ്ട് ആൺമക്കൾ മഹ്ലോനും കില്യോനും രണ്ടുപേരും മരിച്ചു. അവർ വിവാഹം കഴിച്ച അവരുടെ ഭാര്യമാർ രൂത്തും ഒർപ്പയും. മൂന്നു വിധവമാർ. നൊവൊമി മോവാബ് ദേശം വിട്ടു ബേത്ലഹേമിലേക്കു മടങ്ങിപ്പോകുവാൻ തീരുമാനിച്ചപ്പോൾ, ഒർപ്പ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു. അവളുടെ ദേശത്തിലേക്കും, അവളുടെ ദേവന്മാരുടെ അടുക്കലേക്കും മടങ്ങിപ്പോയി. രൂത്ത് അമ്മാവിയമ്മയോടു പറ്റിനിന്നു.

അവർ രണ്ടുപേരും ഒരുമിച്ച് നടന്നു. നഷ്ടം വലുതായിരുന്നു. പോയകാലം ജീവിതത്തിൽ നഷ്ടപ്പെട്ടുപോയി. പാഴായിപ്പോയ കാലം.

ദൈവജനമേ, പഴയ കാലത്തേക്കു നോക്കി നിങ്ങൾ നെടുവീർപ്പിടാൻ തോന്നുന്നുണ്ടോ? നഷ്ടപ്പെടുത്തിയ കാലങ്ങൾ അല്പം പോലും തിരികെ കിട്ടുകയില്ലല്ലോ. നല്ല നല്ല സംവത്സരങ്ങൾ എല്ലാം പാഴായിപ്പോയി, കൈവിട്ടുപോയി. എന്നാൽ ഇപ്പോൾ തീരുമാനിക്കാം. ഒരു പുതിയ ചുവടുവെയ്പ്പ് ഇന്നു ഇപ്പോൾ തന്നെ ആരംഭിക്കാം. അതിനു വൈകേണ്ടാ.

> രൂത്ത് പറഞ്ഞു:
>
> "അതിനു രൂത്ത്: നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ; നീ പോകുന്നിടത്തു ഞാനും പോരും; നീ പാർക്കുന്നേടത്തു ഞാനും പാർക്കും, നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നേടത്തു ഞാനും മരിച്ചു അടക്കപ്പെടും; മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ

യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യുമാറാകട്ടെ എന്നു പറഞ്ഞു."

രൂത്ത് 1:16,17

രൂത്ത് ആ പുതിയ തീരുമാനത്തോടെ, പുതിയ ചുവടുവയ്പ്പുമായി, പുതിയ വഴിയിലൂടെ പുതിയ ദേശത്തേയ്ക്കു വന്നു ചേരുകയാണ്. രൂത്തിന്റെ പുതിയ സമർപ്പണം. പട്ടണം മുഴുവൻ ഇളകി.

ബേത്‌ലഹേമിന്റെ സൗഭാഗ്യം കണ്ടിട്ടല്ല, സമൃദ്ധികണ്ടിട്ടല്ല, അപ്പത്തിന്റെ വീടിന്റെ സന്തോഷം അറിഞ്ഞിട്ടുമല്ല, കാണാത്ത ദേശത്തേക്കു രൂത്ത് അമ്മാവിയമ്മയോടു ചേർന്നു നടന്നു.

ഇതുവരെയും അറിഞ്ഞിട്ടില്ലാത്ത ചില അനുഭവങ്ങളിലേക്കു ഇന്നു, ഇപ്പോൾ കരുണയുള്ള കർത്താവു നിങ്ങളെ നയിക്കുകയാണ്, നടത്തുകയാണ്. ഇതുവരെയും അനുഭവിച്ചിട്ടില്ലാത്ത ചില സന്തോഷങ്ങൾ, ഇതുവരെയും അറിഞ്ഞിട്ടില്ലാത്ത ചില ദൈവീക സംസർഗ്ഗങ്ങൾ, ഇതുവരെയും അനുഭവിക്കാത്ത സ്തുതിയുടെ സന്തോഷം, ഇതുവരെയും അനുഭവിക്കാത്ത പരിശുദ്ധാത്മാവിന്റെ കരുത്തും ശക്തിയും, പാപത്തിന്മേലുള്ള ജയവും ആർക്കും അനുഭവിക്കാം.

രൂത്ത് പുതിയ തീരുമാനവും പുതിയ സമർപ്പണവുമായി മടങ്ങി വന്നു. രൂത്തിന്റെ പുസ്തകം ഒന്നാം അദ്ധ്യായത്തിൽ രൂത്തിന്റെ പുതിയ തീരുമാനവും പുതിയ സമർപ്പണവുമാണ് നാം കാണുന്നത്. രൂത്ത് തീരുമാനിക്കുക മാത്രമല്ല, സമർപ്പിക്കുക കൂടി ചെയ്യുന്നു.

ഇപ്പോൾ നിങ്ങൾക്കും എടുക്കാം പുതിയ സമർപ്പണം.

ദൈവത്തോടും ദൈവജനത്തോടും ചേരുവാനുള്ള തീരുമാനം - അതാണ് കാതലായ തീരുമാനം. അപ്പോൾ നിങ്ങൾ അറിയാതെ പാപത്തോട് വേർപെട്ടുപോകും. കാരണം ദൈവത്തോടും പാപത്തോടും ഒരേ സമയം ചേർന്നു പോകാൻ ഒക്കുകയില്ല. ഒന്നുകിൽ ദൈവത്തെ സ്നേഹിക്കാം. അല്ലെങ്കിൽ മാമോനെ സ്നേഹിക്കാം.

ദൈവത്തെയും മാമോനെയും ഒരുമിച്ച് സേവിക്കാൻ കഴികയില്ലെന്ന് നമ്മുടെ കർത്താവു കല്പ്പിച്ചിട്ടുണ്ട്. ലോകത്തെയും ദൈവത്തെയും ഒരുമിച്ച് സ്നേഹിക്കുവാൻ കഴിയുകയില്ല.

ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു. ജഡസ്നേഹവും ദൈവത്തോടു ശത്രുത്വം ആകുന്നു. പാപത്തിന്റെ ഇമ്പത്തെ സ്നേഹിച്ചുകൊണ്ടു മകനേ, നിനക്കു ദൈവത്തെ സ്നേഹിപ്പാൻ കഴിയുകയില്ല. പാപത്തിന്റെ സുഖഭോഗങ്ങളിൽ ലയിച്ചുകൊണ്ടും, രസിച്ചുകൊണ്ടും ഹൃദയം മോഹിച്ചുകൊണ്ടും നിനക്കു ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല.

ദൈവത്തോടു പറ്റിച്ചേരുവാൻ തീരുമാനിച്ചാൽ സ്വാഭാവികമായി ദൈവജനത്തോടും ചേരുവാൻ തീരുമാനിച്ചു പോകും. ദൈവത്തോടും ദൈവജനത്തോടും ചേരുവാൻ രൂത്ത് തീരുമാനിച്ചു. ആ തീരുമാനം പ്രാവർത്തികമാക്കി ദൈവജനത്തോടു കൂടെ നടക്കാൻ തുടങ്ങി. രൂത്ത് നൊവൊമിയുടെ കൂട്ടായ്മയിൽ നടക്കുകയാണ്. ബേത്ലഹേമിലേക്കു പോകുന്ന നൊവൊമിയോടു ചേർന്ന് നടക്കുകയാണ് രൂത്ത്. എത്ര സുന്ദരമായ ഒരു കൂട്ടയ്മയാണത്. ദൈവജനം ദൈവത്തോടു ചേർന്നു നടക്കുന്നു.

മോവാബിൽ നിന്നുള്ള ആ പെൺകുട്ടി ദൈവഭവനം കണ്ടിട്ടില്ല. അപ്പത്തിന്റെ വീട് കണ്ടിട്ടില്ല. കലഹദേശത്തെ ജീവിതമായിരുന്നു ഇതുവരെ ഉണ്ടായിരുന്നത്. അവിടെയുള്ള ദേവന്മാരെയാണ് പരിചയപ്പെട്ടിരുന്നത്. എന്നാൽ ഈ അമ്മാവിയമ്മയെ പരിചയപ്പെട്ടതിനുശേഷം ഒരു ദൈവമുണ്ടെന്നും ആ ദൈവത്തോടുകൂടി പോകുന്നതു നല്ലതാണെന്നും ബോദ്ധ്യപ്പെട്ടു. അമ്മാവിയമ്മയുടെ ദൈവം ആരാധനക്കു യോഗ്യനാണെന്നും അമ്മാവിയമ്മയെ സ്നേഹിക്കാൻ കൊള്ളാമെന്നും പറ്റിച്ചേർന്നു നിൽക്കാൻ നല്ലതാണെന്നും എല്ലാം രൂത്തിനു മനസ്സിലായി.

രുത്ത് തന്റെ തീരുമാനം പ്രാവർത്തികമാക്കിക്കൊണ്ട് ദൈവജനത്തോടു ചേർന്നു നടന്നു. ദൈവമക്കളെ, നിങ്ങൾ അനുഗ്രഹിക്ക

പ്പെട്ട കൂട്ടായ്മയോടു ചേർന്നു നടക്കണം. വിശുദ്ധിയുള്ള കൂട്ട ത്തോടു ചേർന്നു നടക്കണം. ക്രിസ്തുവിന്റെ ക്രൂശിന്റെ മാതൃക കാണിച്ചു തരുന്ന ഒരു കൂട്ടായ്മയിൽ നിങ്ങൾ ചേർന്നു നടക്കണം. ക്രൂശിലെ സ്നേഹത്തിന്റെ അർത്ഥമെന്ത് എന്ന്, ക്രൂശിലെ കഷ്ടത യുടെ അർത്ഥമെന്ത് എന്ന്, ക്രൂശിലെ യാതനയുടെ പൊരുൾ എന്ത് എന്ന് അനുഭവിക്കുന്ന ദൈവമക്കളോടു ചേർന്നു നടക്കണം. ക്രൂശ് എന്ത് എന്നു വ്യക്തമാക്കുന്ന ജീവിതമുള്ള - വിശുദ്ധ ജീവിതമുള്ള ദൈവമക്കളോടു ചേർന്നു നടക്കണം. . ഒരു കൂട്ടായ്മയുടെ ആവശ്യം അവിടെയാണ്. അങ്ങനെ ദൈവത്തോടു ചേർന്നു നടക്കണം. അനു ഗൃഹീതമായ കൂട്ടായ്മയോട് ചേർന്നേ നടക്കാവൂ.

# നാല്

"അവൻ യെരുശേലിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി; ഇവൻ ആർ എന്നു പറഞ്ഞു."

മത്തായി 21:110

"അവർ ബേത്‌ലഹേംമിൽ എത്തിയപ്പോൾ പട്ടണം മുഴുവനും അവരുടെ നിമിത്തം ഇളകി; ഇവൾ നൊവൊമിയോ എന്നു സ്ത്രീജനം പറഞ്ഞു."

രൂത്ത് 1:19

യേശു യെരുശലേം നഗരത്തിൽ കടന്നപ്പോൾ പട്ടണം മുഴുവനും ഇളകി; നഗരം മുഴുവനും ഇളകി. യേശു കടന്നു വന്നാൽ നഗരം ഇളകും. യേശുവിന്റെ അരികിലേക്കു ആരെങ്കിലും കടന്നു വന്നാൽ പട്ടണം ഇളകും. അപ്പത്തിന്റെ ഭവനത്തിലേക്ക്, ബേത്‌ലേഹേമിലേക്കു നൊവൊമിയും രൂത്തും വന്നപ്പോൾ പട്ടണം മുഴുവനും ഇളകി.

യേശു യെരുശലേമിൽ കടന്നപ്പോൾ നഗരം മുഴുവൻ ഇളകി. ഇവൻ ആര് എന്നു പറഞ്ഞു ജനം അത്ഭുതപ്പെട്ടു; എല്ലാവരും അതിശയിച്ചു. ഇവൻ ആര്? നാം ധരിച്ചിരുന്നതു ഇവൻ നസ്രേത്തിലെ കുഗ്രാമത്തിൽ പിറന്ന സാധുവായ ഒരു തച്ചന്റെ മകൻ എന്നാണ്.

നാം ചിന്തിച്ചിരുന്നതു തലചായ്ക്കാൻ ഇടമില്ലാത്തവൻ എന്നാണ്. നാം ധരിച്ചിരുന്നത് ഇവൻ അരക്കാശിനു വകയില്ലാത്തവൻ എന്നാണ്. എന്നാൽ ഇവൻ ആര്? പട്ടണം മുഴുവൻ ഇളകുന്നല്ലോ; പട്ടണം മുഴുവൻ ആർക്കുന്നുവല്ലോ.

ദാവീദു സുതനു ഊശാന പാടുന്നല്ലോ. അവനു കയറുവാൻ ശിഷ്യന്മാർ കഴുതക്കുട്ടിയെ അഴിച്ചു കൊണ്ടുവരുന്നല്ലോ. കഴുതക്കുട്ടിമേൽ അവർ വസ്ത്രം വിരിക്കുന്നു. യേശു ആ കഴുതക്കുട്ടിമേൽ കയറി വാഹനമേറി യേരുശലേമിലേക്കു നടകൊള്ളുന്നു. അവനു മുമ്പിൽ വഴിയിൽ വസ്ത്രം വിരിക്കുന്നു. കുഞ്ഞുങ്ങൾ സൈത്തിൻ കൊമ്പുകൾ വെട്ടി വിതറുന്നു. അവന്റെ മുമ്പിൽ പുഷ്പവൃഷ്ടി ചെയ്യുന്നു. എല്ലാവരും ആർപ്പിടുന്നു. യേശു കടന്നുവന്നാൽ പട്ടണം ഇളകും.

സ്നേഹിതാ, നിന്റെ ഉള്ളത്തിലേക്കു യേശു വന്നാൽ നീ ആകെ ഇളകും. നിന്റെ ജീവിതമാകെ മാറും. നിന്റെ സ്വഭാവം മാറും. നിന്റെ വൈരാഗ്യം മാറും. നിന്റെ പിണക്കം മാറും. നിന്റെ ഹൃദയത്തിലെ കലുഷത മാറും. മുഷിച്ചിൽ മാറും. നിന്റെ ഹൃദയത്തിലെ ഈർഷ്യ മാറും, നിന്റെ അസഹിഷ്ണത മാറും. നിന്റെ അക്ഷമ മാറും, നിന്റെ ശത്രുത്വം മാറും. നിന്റെ വൈരാഗ്യബുദ്ധി മാറും, നിന്റെ പകയും വിദ്വേഷവും മാറും, നിന്റെ പ്രതികാരചിന്ത മാറും. നിന്റെ അഴുക്കു മോഹങ്ങൾ മാറും. അശുദ്ധ വിചാര വികാരങ്ങൾ മാറും.

നിന്റെ ഹൃദയത്തിൽ ഇന്നു കുടികൊള്ളുന്ന ദുഷ്ടത മാറും. നിന്റെ ക്രൂരത മാറും. നിന്റെ കുത്സിതപ്രവൃത്തികൾ മാറും. നിന്റെ വളഞ്ഞ വഴികൾ മാറും. നിന്റെ കാപട്യം മാറും. നിന്റെ സ്വാർത്ഥത മാറും. നിന്റെ ജഡികാസക്തിയുടെ ഊരാക്കുരുക്കുകൾ മാറും. നിന്റെ അശുദ്ധ ബന്ധങ്ങൾ മാറും. നിന്റെ ദുശ്ശീലങ്ങൾ മാറും.

കൊള്ളരുതാത്തതായ പടങ്ങളോടുള്ള ആസ്കതി മാറും. ചീത്ത പടങ്ങൾ കണ്ടുരസിക്കാനുള്ള ആഗ്രഹം മാറും. നിനക്കു മദ്യത്തോടും കഞ്ചാവിനോടും ഉള്ളതായ ആഗ്രഹം മാറും. മാതാപിതാക്കളെ നീ അനുസരിക്കാൻ തുടങ്ങും. രാജാധിരാജൻ നിന്റെ ഹൃദ

യത്തിലേക്കു എഴുന്നെള്ളിവന്നാൽ നിന്റെ ജീവിതമാകെ ഇളകും. നീയതു അറിയും. അനുഭവിക്കും.

യേശു കടന്നുവരുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങൾ നടക്കും. നിങ്ങളുടെ കുടുംബം മാറും. കുടുംബത്തിൽ ഐശ്വര്യമാകും. കട ബാദ്ധ്യതകൾ മാറും. നിങ്ങളുടെ രോഗങ്ങൾ മാറും. നിങ്ങളുടെ കഷ്ടപ്പാടുകൾ മാറും. നിങ്ങളുടെ പ്രശ്നങ്ങൾ മാറും. നിങ്ങളുടെ ജീവിതത്തിലെ ഇഷ്ടക്കേടുകൾ മാറിയിട്ട് ഐക്യം വരും. അസ്വസ്ഥത മാറി നിരപ്പു വരും. അകന്നവർ അടുക്കും. ഭിന്നിച്ചവർ ഒന്നിക്കും. പിണങ്ങിയവർ ഇണങ്ങും. യേശു കടന്നുവന്നാൽ അത്ഭുതങ്ങൾ നടക്കും.

അവൻ യെരുശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി. ഇപ്പോൾ നിങ്ങളുടെ ഉള്ളിൽ യേശു കടന്നു വരാൻ നിങ്ങൾ ക്ഷണിക്കുമോ? ക്രൂശിൽ മരിച്ച രക്ഷകാ, നീ എന്റെ ഹൃദയത്തിലേക്കു ഇറങ്ങി വരണമേയെന്നു നിങ്ങൾ ഇപ്പോൾ ഒന്നു പ്രാർത്ഥിക്കുമോ? അരിമഥ്യക്കാരൻ യൗസേഫിന്റെ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന യേശുവേ, നീ ഇപ്പോൾ എന്റെ ഹൃദയത്തിലേക്കു കടന്നു വരേണമെ. പൈശാചികൻ പന്താടിക്കൊണ്ടിരിക്കുന്നതായ എന്റെ ജീവിതത്തിലേക്കു ഒന്നു എഴുന്നള്ളി വരേണമെ. യേശുവേ, നീ എന്റെ ഹൃദയത്തിലേക്കു വരേണമേ. നിങ്ങൾ പ്രാർത്ഥിക്കുമോ; നിങ്ങളുടെ ജീവിതം ക്രിസ്തുവിനു കൊടുക്കുമോ?

നിങ്ങൾക്കു വേണ്ടി ക്രൂശിൽ മരിച്ചവൻ നിങ്ങളെ സ്നേഹത്തോടെ ക്ഷണിക്കുന്നു. നിങ്ങൾക്കുവേണ്ടി ജീവൻ വെടിഞ്ഞവൻ നിങ്ങളെ വാത്സല്യവായ്പോടെ വിളിക്കുന്നു. നിങ്ങൾക്കവേണ്ടി തിരുരക്തം ചിന്തിയവൻ തന്റെ സ്നേഹം പകർന്നു കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നു. മകനേ വരിക; മകളേ വരിക. എന്റെ കുഞ്ഞേ നിന്റെ ഹൃദയം എനിക്കു തുറക്കുക, എന്റെ മകളേ നിന്റെ ഹൃദയം എനിക്കു തുറക്കുക, എന്നു പറഞ്ഞുകൊണ്ട് അവൻ നിന്റെ ഹൃദയവാതിൽക്കൽ വന്നു മുട്ടുന്നു.

അവൻ പട്ടണത്തിൽ കടന്നപ്പോൾ നഗരം മുഴുവൻ ഇളകി.

സ്തുതി ഉയരുകയാണ്. ദാവീദു പുത്രനു ഹോശന്നാ എന്നു ആർത്തു പാടുകയാണ്. ഈ ഇളക്കം കണ്ടപ്പോൾ ചിലർക്കു രസിച്ചില്ല. നഗരം ഇളകുന്നു. അവർ സ്തുതി വിലക്കാനാണ് പറയുന്നത്. ഇത്രയും വലിയ ഒച്ചപ്പാട് ആവശ്യമുണ്ടോ? ഇത്രയും ഇളക്കം ആവശ്യ മുണ്ടോ? ഇതു എന്തൊരു സ്തുതിയാണ്, ഇതു എന്തൊരു ആഘോ ഷമാണ്. ഇതിനു എന്തുകാര്യം. എല്ലാം ശാന്തമായി ചെയ്താൽ പോരേ എന്നാണ് ചോദിക്കുന്നത്.

പലർക്കും മനസ്സിലാവുകയില്ല. ചിലർക്കു ഈർഷ്യ വരും. ചിലർ എതിർക്കും. അവർ വന്നു യേശുവിനോടു പറഞ്ഞു: നീ കാണു ന്നില്ലേ ഈ ബഹളമെല്ലാം. എന്തു ഒച്ചപ്പാടാണിത്. അവരെ വില ക്കുക, യേശു പറഞ്ഞു ‘ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും.”

കുഞ്ഞുങ്ങളോട് പറഞ്ഞ് മിണ്ടാതാക്കാൻ നോക്കാം. പക്ഷെ പട്ടണം ഇളകിയിരിക്കുന്നു. ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ പോലും ആർത്തു വിളിക്കും.

ശിലാഹൃദയമുള്ളവർ ആർത്തു വിളിക്കാൻ തുടങ്ങും. കല്ലിച്ച ഹൃദയമുള്ളവർ ആർത്തു ആഘോഷിക്കാൻ തുടങ്ങും. കണ്ണുനീർ വറ്റിപ്പോയവർ കരയാൻ തുടങ്ങും. ഹൃദയം തകരാൻ തുടങ്ങും, ഹൃദയം നുറുങ്ങാൻ തുടങ്ങും. ഹൃദയം ക്രിസ്തുവിനെ വാഴ്ത്തി പ്പാടാൻ തുടങ്ങും. ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവി ളിക്കും.

ദൈവജനമേ, കല്ലുകൾ ആർത്തുവിളിക്കും. ഉണങ്ങിയ അസ്ഥി കളെല്ലാം ആർത്തു വിളിക്കും.

> “യഹോവയായ കർത്താവു ഈ അസ്ഥികളോടു ഇപ്ര കാരം അരുളിച്ചെയ്യുന്നു: നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും. ഞാൻ നിങ്ങ ളുടെ മേൽ ഞരമ്പുവെച്ചു മാംസം പിടിപ്പിച്ചു നിങ്ങളെ ത്വക്കുകൊണ്ടു പൊതിഞ്ഞു നിങ്ങൾ ജീവിക്കേണ്ട തിനു നിങ്ങളിൽ ശ്വാസം വരുത്തും; ഞാൻ യഹോവ

എന്നു നിങ്ങൾ അറിയും."

യെഹസ്കേൽ 37:5,6

ചിതറിപ്പോയിരുന്ന ഉണങ്ങിയ അസ്ഥികളെല്ലാം ചേർന്നുവരും. എല്ലാം ചേർന്നുവന്ന് മാംസം പൊതിയും, ത്വക്ക് പൊതിയും, എല്ലാം നിവർന്നു നില്ക്കും. ജീവനുള്ള ദൈവത്തിന്റെ കാറ്റ് ഊതുമ്പോൾ ഉണങ്ങിയ അസ്ഥിക്കഷണങ്ങൾ എല്ലാം ചേർന്നു ജീവനുള്ള മനുഷ്യരായി എഴുന്നേറ്റു നില്ക്കും. അസ്ഥികളുടെ താഴ്വര ജീവനുള്ളവരുടെ ആഘോഷത്താഴ്വരയായി മാറും.

ദൈവപൈതലേ, ഇന്നു നീ ഉണങ്ങിയ അസ്ഥിയായി നിൽക്കുകയാണ്. അനക്കമറ്റ് നിൽക്കുകയാണ്. എന്നാൽ നിന്നെ ചലിപ്പിക്കുവാൻ, ഇളക്കുന്നവൻ വന്നിരിക്കുന്നു. ക്രിസ്തു ചലനം തരുന്നവൻ ആണ്, ചൈതന്യം തരുന്നവനാണ്. ക്രിസ്തു ജീവൻ തരുന്നവനാണ്; സമൃദ്ധിയായ ജീവൻ തരുന്നവനാണ്. അവൻ നിന്റെ അരികിലേക്കു വന്നിരിക്കുകയാണ്.

അവൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്റെ അര മുറുക്കിയിരിക്കുന്നു. ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. യാക്കോബേ ഭയപ്പെടേണ്ട, യിസ്രായേൽ പരിഷയേ ഭ്രമിച്ചു നോക്കേണ്ട. ഞാൻ നിന്റെ ദൈവമാകുന്നു. ഞാനല്ലാതെ വേറൊരു ദൈവവുമില്ലായെന്നു പറഞ്ഞുകൊണ്ട് കരുണയുള്ളവൻ ഇതാ നിങ്ങളുടെ അരികത്തു വന്നു നിൽക്കുകയാണ്. യേശു വന്നു നിന്നുകൊണ്ട് നിങ്ങളുടെ നേരെ തന്റെ അരുമകരം നീട്ടുകയാണ്. ആണിപ്പാടുള്ള കരം നീട്ടുകയാണ്. അവന്റെ കരങ്ങളിലേക്കു നിങ്ങളെത്തന്നെ കൊടുക്കൂ. അവൻ നിങ്ങളുടെ ഹൃദയങ്ങളിലേക്കു കടന്നു വരട്ടെ.

"അവൾ അവരോടു പറഞ്ഞതു: നൊവൊമി എന്നല്ല മാറാ എന്നു എന്നെ വിളിപ്പിൻ; സർവ്വശക്തൻ എന്നോടു ഏറ്റവും കൈപ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു."

രൂത്ത് 1:20

ഒന്നാം അദ്ധ്യായത്തിൽ എന്നെ ഇനി കയ്പ് എന്നു വിളിച്ചാൽ മതി എന്നു പറഞ്ഞ നൊവൊമി നാലാം അദ്ധ്യാത്തിലേക്കു വന്നപ്പോൾ സ്ത്രീകളിലേക്കും അനുഗ്രഹിക്കപ്പെട്ടവളായി മാറി. അവൾക്കു ആശ്വാസ പ്രദനെ ലഭിച്ചു. അവൾക്കു വീണ്ടെടുപ്പുകാരനെ ലഭിച്ചു.

> യെശയ്യാ പ്രവാചകൻ പറയുന്നു:
> "നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നേ; നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും, ഞാൻ ചെയ്തിരിക്കുന്നു; ഞാൻ വഹിക്കുകയും ഞാൻ ചുമന്നു വിടുവിക്കയും ചെയ്യും."
>
> യെശയ്യാവു 46:6

അവൻ നരയ്ക്കുവോളം ചുമക്കുന്നവൻ ആണ്. വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നേ എന്നു പറയുന്നു. ആരംഭിച്ചു തന്നവൻ അവസാനിപ്പിക്കുവാൻ മതിയായവനാണ്. തുടങ്ങിത്തന്നവൻ പൂർത്തീകരിക്കുവാൻ ശക്തനാണ്. അവൻ നിനക്കു ആശ്വാസപ്രദനും നിന്റെ വാർദ്ധക്യത്തിൽ പോഷകനും ആയിരിക്കും. ദൈവപൈതലേ, അവൻ നിന്നെ ഉപേക്ഷിച്ചു പോകുന്നവനല്ല.

> കർത്താവു പറഞ്ഞു:
> "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല" എന്നു അവൻ തന്നേ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ "കർത്താവു എനിക്കു തുണ, ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും" എന്നു നമുക്കു ധൈര്യത്തോടെ പറയാം."
>
> എബ്രായർ 13:5,6

ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല എന്നു കർത്താവു അരുളിച്ചെയ്തു.

യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായത്തിൽ കർത്താവു പറഞ്ഞു: "നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും

അരുത്" ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ദൈവജനമേ, നമ്മെ നാഥനുള്ളവരായിത്തീർക്കാൻ ഇന്നു കർത്താവു നമ്മുടെ അടുക്കലേക്കു വരികയാണ്. അവൻ നമ്മുടെ നാഥനായി എഴു ന്നെള്ളി വരികയാണ്.

രണ്ടായിരത്തിലേറെ വർഷം മുമ്പ് ഗോഗുൽത്തായിലെ കുരിശിൽ മരിച്ചവൻ തീർന്നുപോയില്ല. കല്ലറയിൽ അടക്കപ്പെട്ടവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ഇന്നു തനിക്കായി വാഞ്ഛിക്കുന്നവരുടെ ഹൃദയത്തിൽ വസിപ്പാൻ അവൻ എല്ലാടവും അന്വേഷിച്ചു ന ടക്കുകയാണ്. തരം കിട്ടുന്നിടത്തു പാർപ്പാൻ അവൻ അന്വേഷിച്ചു നടക്കുകയാണ്.

> "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽ നിന്നു മനു ഷ്യപുത്രന്മാരെ നോക്കുന്നു."
>
> സങ്കീർത്തനങ്ങൾ 14:2

ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു ദൈവം നോക്കുകയാണ്.

ദിനവൃത്താന്ത പുസ്തകത്തിൽ നാം വായിക്കുന്നു:

> "യഹോവയുടെ കണ്ണ തങ്കൽ ഏകാഗ്ര ചിത്തന്മാരാ യിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ബലവാ നെന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാ ടിക്കൊണ്ടിരിക്കുന്നു."
>
> 2 ദിനവൃത്താന്തം 16:9

യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവരെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

കർത്താവു പറഞ്ഞു: ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല -I shall not leave thee comfortless. ഞാൻ നിങ്ങളെ അസന്തുഷ്ട രായി വിടുകയില്ല. നാഥനില്ലാത്തവരായി വിടുകയില്ല. സന്തോഷ മില്ലാത്തവരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും. ആരെല്ലാം യേശുവിനെ വിളിക്കുന്നുവോ അവരുടെ അടുക്കലേക്കു

യേശു വരും. ഞാൻ നിങ്ങളുടെ അടുക്കൽ വരുമെന്നാണ് യേശു പറഞ്ഞത്.

> “ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലം എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.”
>
> വെളിപ്പാടു 3:20

നൊവൊമി, നീയല്ലേ പറഞ്ഞതു ഞാൻ കയ്പാണ്, പ്രസന്നവതി യല്ല എന്ന്. എത്ര പെട്ടെന്നാണ് നിന്റെ ഭാവം മാറിയത്. എത്ര പെട്ടെന്നാണ് നിനക്കു ഒരു വീണ്ടെടുപ്പുകാരനെ കിട്ടിയത്. എത്ര പെട്ടെന്നാണ് നിനക്കു ഒരു ആശ്വാസപ്രദനെ കിട്ടിയത്. എത്ര പെട്ടെന്നാണ് നിനക്കു വാർദ്ധക്യത്തിൽ ഒരു പോഷകനെ കിട്ടിയത്. നീ ഒരു ഭാഗ്യ വതി ആണല്ലോ.

എന്താണ് വീണ്ടെടുപ്പ്?

ഒരു കഥപറയാം. നല്ല സമർത്ഥനായ ഒരു കൊച്ചുകുട്ടി ഉണ്ടായി രുന്നു. പത്തോ പന്ത്രണ്ടോ വയസ്സു പ്രായമേ ഉള്ളൂ. അവൻ ചെറിയ ഉളിയും ചുറ്റികയും കൊണ്ടു പണിചെയ്യും. പല കൗതുക വസ്തു ക്കളും ഉണ്ടാക്കും. ഒരിക്കൽ മനോഹരമായ ഒരു വള്ളം ഉണ്ടാക്കി. നല്ല മനോഹരമായ കൊത്തുപണി. നല്ലതുപോലെ പെയിന്റുചെയ്തു. കാണാൻ നല്ല ചന്തം. സുന്ദരമായ ഒരു കലാശില്പമാതൃക. അവന്റെ അപ്പനും അമ്മയും കൂട്ടുകാരുമൊക്കെ അവനെ പ്രശംസിച്ചു.

ഒരു ദിവസം കൂട്ടുകാർ പറഞ്ഞു: നമുക്കു ഈ വള്ളം പുഴയി ലൂടെ ഒഴുക്കി രസിക്കാം. കൈവിട്ടുപോകാതെ നല്ല ഉറപ്പുള്ള ഒരു ചരടു കോർത്താൽ മതി. അവനും സമ്മതിച്ചു. അവൻ അതിൽ ചെറിയൊരു ദ്വാരം ഉണ്ടാക്കി, അതിൽക്കൂടി നല്ല ബലമുള്ള ഒരു ചരട് കോർത്തു. ചരടിന്റെ മറ്റേ അറ്റം കൈയിൽ ബലമായി പിടിച്ചു കൊണ്ട് അവർ വള്ളം പുഴയിലൊഴുക്കി. വള്ളം വെള്ളത്തോടൊപ്പം താഴോട്ടു ഒഴുകുകയാണ്. പിള്ളേരെല്ലാം വളരെ രസകരമായി ചിരിച്ചു ആർത്തുകൊണ്ട് കരയുടെ ഓരം ചേർന്ന് നടന്നു. പേടി ക്കാനില്ല, കാരണം ചരട് കയ്യിൽ ഉണ്ടല്ലോ. വെള്ളത്തിന്റെ ഒഴുക്കു

വർദ്ധിച്ചു. പക്ഷെ പേടിക്കാനില്ല, ചരടിൽ നല്ലതുപോലെ മുറുക്കി പിടിച്ചിട്ടുണ്ട്.

അപ്പോഴുണ്ട് ഒരു കയം. വള്ളം ചുഴിയിൽ പെട്ട് കറങ്ങി. ഉടനെ ആ ചരട് പൊട്ടിപ്പോയി. വള്ളം കൈവിട്ടുപോയി. അതു ദുരെ ദൂരെ ഒഴുകിപ്പോവുകയാണ്. എങ്ങനെ കിട്ടാനാണ്? നിലയില്ലാത്ത പുഴ, ആറ്ററികിലൂടെ കൂറെ ദൂരം ഓടി. ഒടുവിൽ കരഞ്ഞുകൊണ്ട് അവ രെല്ലാം മടങ്ങിവന്നു. അവൻ ഏറെ നേരം ഇരുന്നു കരഞ്ഞു.

അമ്മ അവനെ ആശ്വസിപ്പിച്ചു. "മോനെ, നീ കരയാതിരിക്കൂ. കരഞ്ഞാൽ എന്താണ് പ്രയോജനം? പോയില്ലേ, ഇനി അതു കിട്ടുമോ? സങ്കടപ്പെടാതിരിക്കൂ."

"അമ്മേ ഞാൻ അതു എന്തു കഷ്ടപ്പെട്ട് ഉണ്ടാക്കിയതാണ്. അമ്മേ, എന്തു മനോഹരമായിരുന്നു! അയ്യോ! അതു പോയല്ലോ അമ്മേ." "മോനെ നീ കരയല്ലേ കരഞ്ഞിട്ടു കാര്യമില്ല; പോയതു പോയി."

നാളുകൾക്കു ശേഷം ഒരു ദിവസം അവന്റെ അപ്പൻ നഗരത്തിൽ എന്തോ വാങ്ങാൻ പോയതാണ്. ഇവനും കൂടെ പോയി. ഏതോ കടയിൽ ചെന്നപ്പോൾ പെട്ടെന്നു അവൻ അപ്പന്റെ കയ്യിൽ കയറി പ്പിടിച്ചു പറഞ്ഞു: 'അപ്പാ വന്നേ, ദേ.... അതു കണ്ടോ? അത് ഞാൻ ഉണ്ടാക്കിയ വള്ളമാണ്.' അപ്പൻ നോക്കി, 'ശരിയാണ്' അപ്പൻ പറഞ്ഞു: "മോനെ, അതു പറഞ്ഞിട്ട് എന്താണ് കാര്യം? അതു വേറൊ രാളുടെ കയ്യിൽ ആയിപ്പോയില്ലേ."

'അപ്പാ അതു എനിക്കുവേണം' അവൻ നിർബ്ബന്ധം പറഞ്ഞു. വില ചോദിച്ചു. അന്യായവില; വലിയൊരു തുക. "മോനേ അത്രയും കൊടുക്കാൻ പറ്റുമോ?" "അപ്പാ അതു എനിക്കു വേണം. ഞാൻ ഉ ണ്ടാക്കിയ വള്ളമാണ്, എനിക്കുവേണം;" മോൻ ആർത്തി പൂണ്ട് പറയുകയാണ്. മോന്റെ ആ സ്നേഹത്തിന്റെ മുന്നിൽ അപ്പൻ അതു വലിയ വിലകൊടുത്ത് വാങ്ങി.

കിട്ടിയ പാടേ അവനതു മാറോടു അടക്കിപ്പിടിച്ചു ഉമ്മവച്ചുകൊണ്ട് പറഞ്ഞു. "എന്റെ കൈകൊണ്ടു ഞാൻ നിന്നെ മെനഞ്ഞുണ്ടാക്കി;

പക്ഷെ നീ അന്യന്റെ കയ്യിൽ ആയിപ്പോയിരുന്നു. എന്നാൽ ഇപ്പോൾ നിന്നെ എനിക്കു വീണ്ടും കിട്ടിയിരിക്കുന്നു; ഞൻ വലിയ വില കൊടുത്ത് നിന്നെ വാങ്ങിയിരിക്കുന്നു"

ഇതാണ് ക്രിസ്തു ചെയ്ത വീണ്ടെടുപ്പ്. ക്രിസ്തു വലിയ വില കൊടുത്ത് നമ്മെ വാങ്ങി. യേശു നമ്മെ വിലയ്ക്ക് വാങ്ങിയതു പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ.

> "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."
>
> 1 പത്രൊസ് 1:18,19

ക്രിസ്തു വലിയ വില കൊടുത്തു നമ്മെ വിലക്കു വാങ്ങി, തന്റെ രക്തം കൊടുത്തു വിലയ്ക്കു വാങ്ങി.

നമ്മുടെ വീണ്ടെടുപ്പുകാരനായ ക്രിസ്തു ജീവിതത്തിലേക്കു വന്നാൽ അവൻ നമുക്കു ആശ്വാസപ്രദനായിത്തീരും. നമുക്കു വാർദ്ധക്യത്തിൽ പോഷകനായിരിക്കും. എക്കാലത്തും തുണയായിരിക്കും; എക്കാലത്തും നായകനും കൂട്ടാളിയുമായിരിക്കും. എക്കാലത്തും ഉടമസ്ഥനും യജമാനനും ആയിരിക്കും. യേശുവിനെ കൈക്കൊള്ളൂ; യേശുവിനെ സ്വീകരിക്കൂ. ഇതുവരെയും സാത്താന്റെ കയ്യിലായിരുന്ന ജീവിതം യേശുവിന്റെ കരങ്ങളിലേക്കു കൊടുക്കൂ.

## അഞ്ച്

> “നൊവൊമിക്കു തന്റെ ഭർത്താവായ എലീമേലെക്കിന്റെ കുടുംബത്തിൽ മഹാധനവാനായ ഒരു ചാർച്ചക്കാരൻ ഉണ്ടായിരുന്നു; അവന്നു ബോവസ് എന്നു പേർ”
>
> രൂത്ത് 2:1

വേദപുസ്തകത്തിൽ രൂത്തിന്റെ പുസ്തകത്തിലെ ബോവസ് കർത്താവായ യേശുക്രിസ്തുവിന്റെ മുൻകുറിയാണ്.

വേദപുസ്തകത്തിലെ അറുപത്താറു പുസ്തകങ്ങളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും യേശുക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുകയാണ്.

ഉല്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ആദാം - ഒന്നാമത്തെ ആദാം രണ്ടാമത്തെ ആദാമായ ക്രിസ്തുവിന്റെ നിഴലാണ്. ഏദൻ തോട്ടത്തിലെ ജീവവൃക്ഷം യേശുക്രിസ്തുവിനെയാണ് കാണിക്കുന്നത്.

നോഹയുടെ പെട്ടകം ക്രിസ്തുവിനു മുൻകുറിയാണ്. പെട്ടകത്തിന് മൂന്നു തട്ട് പിതാവ്. പുത്രൻ. പരിശുദ്ധ മൂഹാ എന്ന ത്രിത്വത്തിന്റെ മൂൻകുറിയാണ്. നടുവിലത്തെ തട്ടിലാണ് വാതിൽ. “ഞാൻ വാതിൽ

ആകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും" എന്നു യേശു പറഞ്ഞു. നോഹയുടെ യാഗം ക്രിസ്തുവിനു മുൻകുറിയാണ്. ദൈവവും ഭൂമിയും തമ്മിലുള്ള നിയമത്തിനു അടയാളമായി കാണുന്ന മഴവില്ല് ക്രിസ്തുവിനു മുൻകുറിയാണ്.

ഉല്പത്തി പുസ്തകത്തിലെ ശാലേം രാജാവായ മൽക്കീ സേദെക് ക്രിസ്തുവിന്റെ നിഴലാണ്. അബ്രാഹാമിന്റെ യാഗവും യിസഹാക്കിന്റെ യാഗവും ക്രിസ്തുവിന്റെ മുൻകുറിയാണ്. യാക്കോബ് കണ്ട ഗോവണി ക്രിസ്തുവിന്റെ പ്രതീകമാണ്. പെസഹാ കുഞ്ഞാട് അറുക്കപ്പെട്ടിരിക്കുന്നതിനെ വിവിരിക്കുന്നതു ക്രിസ്തുവിന്റെ തിരുബലിയുടെ സൂചനയാണ്.

> "നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു;
> ക്രിസ്തു തന്നേ."
>
> 1 കൊരിന്ത്യർ 5:7

മരുഭൂമിയിൽ യിസ്രായേൽ മക്കൾ പെറുക്കിയ മന്ന ക്രിസ്തുവിന്റെ നിഴലാണ്. 'നിയമപെട്ടകം' , 'സമാഗമനകൂടാരം,' 'അസ്സസേലിന്റെ ആട്,' 'പുളിപ്പില്ലാത്ത അപ്പം,' 'അഹരോന്റെ തളിർത്ത വടി,' 'മരുഭൂമിയിലെ പിച്ചളസർപ്പം,' 'യേശുവായുടെ പുസ്തകത്തിലെ ചുവപ്പുചരട്,' 'സൈന്യത്തിന്റെ അധിപതി,' 'ഗിദയോനു പ്രത്യക്ഷപ്പെട്ട ദൂതൻ ഇവയെല്ലാം യേശുവിന്റെ നിഴലായും പ്രതീകമായും ചിത്രീകരിക്കപ്പെട്ടിരിക്കുകയാണ്.

എസ്രായുടെ പുസ്തകത്തിലെ ആലയവും നെഹമ്യാവിന്റെ പുസ്തകത്തിലെ മതിലും ക്രിസ്തുവിനു മുൻകുറിയാണ്. എസ്ഥേരിന്റെ പുസ്തകത്തിലെ മോർദ്ദേഖായി ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. സങ്കീർത്തനത്തിൽ ദൈവപുത്രൻ എന്നും വലത്തു ഭാഗത്തെ പുരുഷൻ എന്നും മൂലക്കല്ല് എന്നും പറഞ്ഞിരിക്കുന്നതെല്ലാം ക്രിസ്തുവിനെ തന്നെയാണ് സൂചിപ്പിക്കുന്നത്. ഉത്തമഗീതത്തിലെ പ്രിയൻ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

യെശയ്യാ പ്രവചനത്തിലെ മുള എന്നൊരുപുരുഷൻ 'ഇടർച്ചക്കല്ല്,' വസ്ത്രാലംകൃതൻ എന്നിവ ക്രിസ്തുവിനെയാണ് സൂചിപ്പിക്കു

ന്നത്. യിരെമ്യാ പ്രവനചത്തിൽ 'വിടുവിക്കുന്നവൻ' എന്നും, 'രക്ഷിക്കുന്നവൻ' എന്നും, 'ഗിലെയാദിലെ വൈദ്യൻ' എന്നും, 'ബലിപീഠത്തിന്റെ കൊമ്പ്' എന്നും പറഞ്ഞിരിക്കുന്നതു യേശുക്രിസ്തുവിന്റെ സൂചനയാണ്.

വിലാപങ്ങളുടെ പുസ്തകത്തിൽ 'കഷ്ടം കണ്ട പുരുഷൻ' എന്നു മൂന്നിന്റെ ഒന്നിൽ കാണുന്നതു യേശുക്രിസ്തുവിനെ തന്നെയാണ് കാണിക്കുന്നത്. ദാനിയേലിന്റെ പ്രവചനത്തിൽ 'വിനാശക്കല്ല്' എന്നും മനുഷ്യപുത്രൻ എന്നും 'അഭിഷിക്തൻ' എന്നും പറഞ്ഞിരിക്കുന്നതു യേശുവിനെയാണ് സൂചിപ്പിക്കുന്നത്.

യോവേൽ പ്രവചനത്തിൽ ആലയത്തിൽ നിന്നുള്ള 'ഉറവ' എന്നും ആമോസിന്റെ പ്രവചനത്തിൽ 'ഇടയൻ' എന്നും ഓബദ്യാവിന്റെ പുസ്തകത്തിൽ 'ന്യായാധിപതി' എന്നും പറഞ്ഞിരിക്കുന്നതു യേശുക്രിസ്തുവിന്റെ നിഴലും പ്രതീകവുമാണ്.

ഹഗ്ഗായിയുടെ പുസ്തകത്തിൽ 'മുദ്രാമോതിരം' എന്നു പറഞ്ഞിരിക്കുന്നതും സെഖര്യായാവിന്റെ പുസ്തകത്തിൽ 'ആണിക്കല്ല്' എന്നും 'തുറന്നിരിക്കുന്ന ഉറവ' എന്നും പറഞ്ഞിരിക്കുന്നതും; മാലാഖിയുടെ പ്രവചന ഗ്രന്ഥത്തിൽ 'നീതിസൂര്യൻ' എന്നും 'നിയമദൂതൻ' എന്നും പറഞ്ഞിരിക്കുന്നതും യേശുക്രിസ്തുവിനെ തന്നേ മുൻസൂചന നൽകുന്ന പദപ്രയോഗങ്ങളാണ്. അങ്ങനെ പഴയ നിയമത്തിൽ യേശുക്രിസ്തു എന്ന പദം പറയാതെ തന്നെ എല്ലാ ഗ്രന്ഥങ്ങളിലും യേശുവിനെ സൂചിപ്പിക്കുന്നുണ്ട്.

രൂത്തിന്റെ പുസ്തകത്തിൽ നാം വായിക്കുന്നതു നൊവൊമിക്കു തന്റെ ഭർത്താവായ ഏലിമേലെക്കിന്റെ കുടുംബത്തിൽ മഹാധനവാനായ ഒരു ചാർച്ചക്കാരൻ ഉണ്ടായിരുന്നു എന്നാണ്. ഏഴു ഭാഗങ്ങളിൽ യേശുക്രിസ്തുവും ബോവസും തമ്മിലുള്ളതായ സാദൃശ്യവത്ക്കരണം നമുക്കു കാണാം.

നൊവൊമിക്കു മഹാധനവാനായ ഒരു ചാർച്ചക്കാരൻ ഉണ്ടായിരുന്നു. അവനു ബോവസ് എന്നു പേര്. മഹധനവാനായ ബോവസ് എന്ന പദം കർത്താവായ യേശുക്രിസ്തു സകലത്തിന്റെയും അധി

പതിയും, സർവ്വലോകസ്രഷ്ടാവും, സർവ്വജഗന്നിയന്താവും, സർവ്വ ശക്തനുമായ നിത്യനായ ദൈവം തന്നെ എന്നതിന്റെ മുൻസൂചന യാണ് നമുക്കു നൽകുന്നത്.

> "നമ്മുടെ കത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പ ന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായി ത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ."
>
> 2 കൊരിന്ത്യർ 8:9

തന്നെത്തന്നെ താഴ്ത്തി തന്റെ മഹിമാസനം വെടിഞ്ഞു ഭൂമിയി ലേക്ക് ഇറങ്ങിവന്ന് ദരിദ്രരിൽ ദരിദ്രനായും തലചായ്പാൻ ഇടമി ല്ലാത്തവനായും ജീവിച്ച ക്രിസ്തു മഹാസമ്പന്നൻ ആയിരുന്നു. തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും നല്കുവാൻ തക്കവണ്ണം ക്രിസ്തും സമ്പന്നൻ ആണ് എന്നു അപ്പോസ്തോലനായ പൗലോസ് പറയുന്നു.

> "നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണതൃപ്തി യുള്ളവരായി സകലസൽപ്രവൃത്തിയിലും പെരുകി വരുമാറ് നിങ്ങളിൽ സകലകൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു. അവൻ വാരിവിതറി ദരി ദ്രന്മാർക്കു കൊടുക്കുന്നു. അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു."
>
> 2 കൊരിന്ത്യർ 9:8,9

വാരിവിതറി ദരിദ്രന്മാർക്കു കൊടുക്കുന്നവനാണ് യേശു. വിശ ന്നിരിക്കുന്നവരെ നന്മകളാൽ നിറയ്ക്കുന്നവനാണ് അവൻ. സമ്പ ന്നന്മാരിൽ സമ്പന്നൻ ആയിരുന്ന കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി തന്നെത്തന്നെ ദരിദ്രനാക്കിത്തീർത്തു.

> "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാ രിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശത്തി

ലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യ നായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ള വനായിത്തീർന്നു."

ഫിലിപ്പിയർ 2:6-8

നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നു. തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും നല്കുവാൻ തക്കവണ്ണം അവൻ സമ്പന്നൻ ആകുന്നു. ദാവീദു ഒരിക്കൽ പാടി: ഞാൻ ബാല നായിരുന്നു, വൃദ്ധനായിത്തീർന്നു, നീതിമാൻ തുണയില്ലാതിരിക്കു ന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടി ല്ല. വീണ്ടും പാടി: ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മക്കും കുറവില്ല. തന്റെ ഭക്തന്മാർക്കു ഒന്നിനും മുട്ടില്ല എന്നാണ് ദാവീദു പറയുന്നത്.

യേശുക്രിസ്തുവിന്റെ സന്നിധിയിൽ നാം സമർപ്പിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ അവൻ നിറവേറ്റി ത്തരുന്നു. നമ്മുടെ ആഗ്ര ഹങ്ങളെ അവൻ സാധിപ്പിച്ചു തരുന്നു.

"യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയ ത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും."

സങ്കീർത്തനങ്ങൾ 37:3

"അവന്റെ ഹൃദയത്തിലെ ആഗ്രഹം നീ അവന്നു നല്കി; അവന്റെ അധരങ്ങളുടെ യാചന നിക്ഷേധി ച്ചതുമില്ല."

സങ്കീർത്തനങ്ങൾ 21:2

അവർ ആഗ്രഹിച്ച തുറമുഖത്തു അവരെ എത്തിച്ചു എന്നും സങ്കീർത്തനക്കാരൻ തുടർന്നു എഴുതുന്നു. നമ്മുടെ ആഗ്രഹങ്ങളെ സാധിപ്പിച്ചു തരുന്ന ദൈവം സർവ്വസമ്പന്നനാണ്.

നമ്മുടെ കടങ്ങൾ വീട്ടുവാൻ ശക്തനാണ്. പൈസയുടെ ഞെരുക്കം തീർക്കുവാൻ ശക്തനാണ്. നമ്മുടെ ക്ഷീണം അകറ്റു വാൻ ശക്തനാണ്. ബലഹീനത മാറ്റുവാൻ ശക്തനാണ്. അവൻ സർവ്വസമ്പന്നനാണ്.

കർത്താവായ യേശുക്രിസ്തു നമ്മെ കാണുന്നു. അവൻ നമ്മെ നോക്കുന്നു. അധരങ്ങളുടെ യാചന നിഷേധിക്കാത്ത ദൈവം, പ്രാർ ത്ഥനകൾക്കു മറുപടി തരുന്ന ദൈവം, വിളിച്ചാൽ വിളികേൾക്കുന്ന ദൈവം, അപ്പാ എന്നു വിളക്കുമ്പോൾ മകനേ എന്നു വിളിച്ചുകൊണ്ട് നമ്മുടെ അരികിൽ ഓടിയണയുന്ന ദൈവം, ഇപ്പോൾ നിങ്ങളെ സന്ദർശിക്കട്ടെ. നിങ്ങളുടെ ഹൃദയം പകരൂ. നിങ്ങളുടെ ക്ഷീണ ങ്ങൾ അകലട്ടെ. ബലഹീനതകൾ മാറട്ടെ. നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരട്ടെ.

ബോവസ് മഹാസമ്പന്നനായിരുന്നു. കർത്താവായ യേശു ക്രിസ്തു മഹാസമ്പന്നൻ ആകുന്നു. ക്രിസ്തുവിനെ ആശ്രയിക്കു വിൻ. ക്രിസ്തുവിൽ ശരണപ്പെടുവിൻ. ക്രിസ്തുവിനായി ജീവിതം സമർപ്പിക്കുവിൻ.

# ആറ്

“ബോവസ് രൂത്തിനോടു: കേട്ടോ മകളേ, പെറുക്കുവാൻ വേറൊരു വയലിൽ പോകേണ്ട; ഇവിടം വിടുകയും വേണ്ട; ഇവിടെ എന്റെ ബാല്യക്കാരത്തികളോടു ചേർന്നു കൊൾക. അവർ കൊയ്യുന്ന നിലത്തിന്മേൽ ദൃഷ്ടിവെച്ചു അവരുടെ പിന്നാലെ പൊയ്ക്കൊൾക; ബാല്യക്കാർ നിന്നെ തൊടരുതെന്നു ഞാൻ അവരോടു കല്പിച്ചിട്ടുണ്ട്. നിനക്കു ദാഹിക്കുമ്പോൾ പാത്രങ്ങൾക്കരികെ ചെന്നു ബാല്യക്കാർ കോരിവെച്ച തിൽ നിന്നു കുടിച്ചു കൊൾക എന്നു പറഞ്ഞു.”

രൂത്ത് 2:8,9

തന്നെ ആശ്രയിച്ച് തന്റെ വയലിൽ വേലയ്ക്കു ചെന്ന രൂത്തിനോട് ബോവസ് എത്രമാത്രം വാത്സല്യത്തോടും, ആർദ്രതയോടും, മനസ്സലിവോടും, കരുണയോടും കൂടിയാണ് പെരുമാറുന്നത്.

ബോവസ് രൂത്തിനോടു വാത്സല്യത്തോടെ പറഞ്ഞു: മകളേ, നീ അല്പം പോലും ക്ലേശിക്കേണ്ടിവരികയില്ല. എന്റെ ബാല്യക്കാരുടെ പിറകേ നീ നടന്നാൽ മതി. അവരുടെ പിന്നാലെ നീ സഞ്ചരിച്ചാൽ

മതി. നിനക്കു കൊയ്യാൻ അറിയില്ലെങ്കിൽ സാരമില്ല, പിന്നാലെ നടന്നു കൊൾക. അവർ നിനക്കുവേണ്ടി ചില കതിരുകൾ മാറ്റിയിട്ടു കൊള്ളും. അവ നീ സംഭരിച്ചു കൊൾക.

നിനക്കു ദാഹിക്കുമ്പോൾ കുടിക്കുവാൻ പാത്രങ്ങൾക്കരികെ ചെന്നു ബാല്യക്കാർ കോരിവെച്ചതിൽ നിന്നു നീ കുടിച്ചുകൊൾക. നീ വെള്ളം കോരാൻ പോകേണ്ട. അവർ നിനക്കുവേണ്ടി കോരിവെച്ചിട്ടുണ്ട്. അതിൽ നിന്ന് കുടിച്ചുകൊൾക. നിന്നെ തൊടരുത് എന്ന് ബാല്യക്കാരോടു ഞാൻ കല്പ്പിച്ചിട്ടുണ്ട്. ആരും നിനക്ക് ഒരു ഉപദ്രവവും ചെയ്യുകയില്ല. പെറുക്കാൻ മറ്റൊരു വയൽ തേടി നീ പോകേണ്ടാ, എന്നും ഈ വയലിൽ നിന്നു നിനക്കു പെറുക്കാം.

ബോവസ് കരുണയുള്ളവനായിരുന്നു. നമ്മുടെ കർത്താവു കരുണക്കടലാണ്, അവിടുന്നു സ്നേഹത്തിന്റെ നിറകുടമാണ്, വാത്സല്യത്തിന്റെ നികേതനമാണ്. ക്രിസ്തു നമ്മെ എല്ലാവരെയും സ്നേഹിക്കുന്നു. അവനു സ്നേഹിപ്പാനേ കഴിയൂ. അവൻ ശാസിക്കുമ്പോഴും, നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചു തരുമ്പോഴും സ്നേഹമാണ്. അവൻ നമ്മെ ശരിയായ പാതയിൽ നടത്തുവാൻ അദ്ധ്വാനിക്കുന്ന സ്വർഗ്ഗീയ സ്നേഹമാണ്.

സ്നേഹിതാ, നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവു നമ്മെ വാത്സല്യത്തോടെ കരുതുന്നവനാണ്. പാമ്പുകളെയും തേളുകളെയും ചവിട്ടുമെതിക്കുവാനുള്ള അധികാരം അവൻ നമുക്കു തന്നു.

> "നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കല്പിക്കും; നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിനു അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും. സിംഹത്തിന്മേലും അണലിമേലും നീ ചവിട്ടും; ബാലസിംഹത്തെയും പെരുമ്പാമ്പിനെയും, നീ മെതിച്ചു കളയും."
>
> സങ്കീർത്തനങ്ങൾ 91:11-13

കർത്താവായ യേശുക്രിസ്തു നമ്മെ കരുതുന്നു. അവൻ നമ്മെ സ്നേഹിക്കുന്നു; നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്നു. നമ്മുടെ ആഗ്രഹങ്ങൾ സാധിപ്പിച്ചു തരുന്നു. നമ്മുടെ പ്രയാസങ്ങളിലെല്ലാം താങ്ങായി നിൽക്കുന്നു. നമ്മുടെ ബലഹീനതകൾക്കു അവൻ തുണ നിൽക്കുന്നു. എബ്രായ ലേഖനത്തിൽ നാം വായിക്കുന്നു:

> "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക."
>
> എബ്രായർ 4:15,16

തക്ക സമയത്തു സഹായത്തിനുള്ള കൃപ അവൻ തരും. അവൻ നമ്മെ നയിക്കും; അവൻ നമ്മെ വഴിനടത്തും.

ദാവീദു പാടി:

> "ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും; ഞാൻ നിന്റെ മേൽ ദൃഷ്ടി വെച്ചു നിനക്കു ആലോചന പറഞ്ഞുതരും."
>
> സങ്കീർത്തനങ്ങൾ 32:8

ദാവീദു പിന്നെയും പാടി:

> "നിന്റെ ആലോചനയാൽ നീ എന്നെ നടത്തും, പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും."
>
> സങ്കീർത്തനങ്ങൾ 73:24

> "അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ."
>
> സങ്കീർത്തനങ്ങൾ 57:2

എപ്പോഴും ഓർക്കുവാൻ പറ്റിയ ഒരു വാക്കാണ്– "യഹോവ യിരേ" – ദൈവം കാക്കുന്നു. ദൈവം കരുതുന്നു.

നമ്മെ കരുതുന്ന ദൈവം. നമ്മുടെ രോഗം അവൻ കാണുന്നു, നമ്മുടെ വേദന അവൻ കാണുന്നു. നമ്മുടെ ചികിത്സ അവൻ കാണുന്നു. നാം നേരിടുന്ന പ്രതിസന്ധികൾ അവൻ അറിയുന്നു. നമ്മുടെ പ്രശ്നങ്ങളും ആവശ്യങ്ങളും അവൻ അറിയുന്നു. അമ്പത്തിയഞ്ചാം സങ്കീർത്തനത്തിൽ ഇങ്ങനെ പറയുന്നു:

> "നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക;
> അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരു നാളും സമ്മതിക്കയില്ല."
>
> സങ്കീർത്തനങ്ങൾ 55:22

നീതിമാൻ കുലുങ്ങിപ്പോകുവാൻ യഹോവ ഒരുനാളും സമ്മതിക്കുകയില്ല. കാരണം നമ്മുടെ ദൈവം കാക്കുന്നവനാണ്, കരുതുന്നവനാണ്.

ബോവസ് രൂത്തിനുവേണ്ടി കരുതി. തങ്കൽ ആശ്രയിച്ചു വന്ന ആ മോവാബ്യ പെൺകുട്ടിക്കുവേണ്ടി, പുറജാതിപെൺകുട്ടിക്കുവേണ്ടി ധനവാനായ ബോവസ് പ്രത്യേകം ചട്ടം കെട്ടുകയാണ്: "ബാല്യക്കാർ നിന്നെ തൊടരുത് എന്നു ഞാൻ അവരോടു കല്പിച്ചിട്ടുണ്ട്. നിലത്തിന്മേൽ ദൃഷ്ടിവെച്ച് അവരുടെ പിന്നാലെ പോയ്ക്കൊൾക. ഇവിടം വിടണ്ടാ, പെറുക്കാൻ വേറെ വയലിൽ പോകണ്ടാ."

നമുക്കു വേല ചെയ്യുവാൻ ബോവസിന്റെ വയലുണ്ട്; നിത്യരക്ഷകനായ ക്രിസ്തുവിന്റെ വയലുണ്ട്, അവന്റെ മുന്തിരിത്തോപ്പുണ്ട്. അവന്റെ മുന്തിരിത്തോപ്പിലേക്കു അവൻ നമ്മെ വിളിക്കുകയാണ്. മുന്തിരിത്തോട്ടത്തിൽ വേലയുണ്ട്.

മുന്തിരത്തോട്ടത്തിലെ വേലയ്ക്കുവേണ്ടി വേലക്കാരെ വിളിക്കുവാൻ യജമാനൻ രാവിലെ പുറപ്പെട്ടു. രാവിലെ ഒൻപതു മണിക്കു ചെന്നു; ചിലർ ചന്തസ്ഥലത്തു മിനക്കെട്ടുനിൽക്കുകയാണ്. മൂന്നാം

മണി നേരമെന്ന് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു നമ്മുടെ കണക്കിനു രാവിലെ ഒൻപതു മണി സമയമാണ്. ആ സമയത്ത് ചിലർ വേലയ്ക്കു പോകാതെ ആരും വേലക്കു വിളിക്കാതെ, മിന ക്കെട്ടു നിൽക്കുകയാണ്. യജമാനൻ പറഞ്ഞു: നിങ്ങൾ എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ; ന്യായമായതു തരാം.

പന്ത്രണ്ടു മണിക്കു പുറപ്പെട്ടു. അപ്പോഴുമുണ്ട് കുറെപ്പേർ മിന ക്കെട്ടു നിൽക്കുന്നു. അവരോടുംപറഞ്ഞു, "നിങ്ങളും ചെല്ലുവിൻ ന്യായമായതു തരാം." ഉച്ചകഴിഞ്ഞ് മൂന്നുമണിക്കു ചെന്നു. അപ്പോ ഴുമുണ്ട്, മിനക്കെട്ടു നിൽക്കുന്ന കുറെപ്പേർ. ആരും വേലയ്ക്കു വിളി ക്കാത്തവർ, ആരും കൂലിക്കു വിളിക്കാത്തവർ. അവരോടും പറഞ്ഞു: "നിങ്ങളും ചെല്ലുവിൻ, ന്യായമായതു തരാം."

വൈകുന്നേരം അഞ്ചുമണിക്കു ചെന്നു. ഇനി ഒരു മണിക്കൂർ നേരം മാത്രമേ പണിയുള്ളൂ. അപ്പോഴും കണ്ടു മിനക്കെട്ടു നില്ക്കു ന്നവരെ. അവരെയും വിളിച്ചു: "നിങ്ങളും എന്റെ മുന്തിരിത്തോട്ട ത്തിലേക്കു ചെല്ലുവിൻ, ന്യായമായതു തരാം."

ന്യായമായതു തരാമെന്ന് പറഞ്ഞ് ക്രിസ്തുവിന്റെ വേലസ്ഥല ത്തേക്കു, കൊയ്ത്തുവയലിലേക്കു നമ്മെ വിളിക്കുകയാണ്. "വേല വലിയതും വിശാലമായതുമാകുന്നു" സ്നേഹിതരേ, നിങ്ങൾ പുറ പ്പെടുവിൻ, അവന്റെ വേലക്കാരായി നിങ്ങൾ പുറപ്പെടുവിൻ.

> യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു:
> "കൊയ്ത്തു വളരെ ഉണ്ടു സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയയ്ക്കേണ്ടതിനു യാചിപ്പിൻ എന്നു പറഞ്ഞു."
>
> മത്തായി 9:37,38

ജീവനുള്ള ക്രിസ്തു ഇന്നും ക്ഷണിക്കുന്നു. തന്റെ വയലിലേയ്ക്ക് നമ്മെ വിളിക്കുന്നു: "എന്റെ മുന്തിരത്തോട്ടത്തിലേക്കു ചെല്ലുവിൻ" എന്നാണ് പറയുന്നത്. ഈ ആഹ്വാനം കേട്ടു ആരെല്ലാം പുറപ്പെടും.

അവന്റെ നിയോഗത്തിനു ആരെല്ലാം ചെവികൊടുക്കും. അവനോടു വാക്കു പറയുവിൻ.

നാഥാ ഇന്നു മുതൽ ഞാൻ നിന്റെ വേലയ്ക്കായി എന്നെത്തന്നെ സമർപ്പിക്കുന്നു. എന്റെ കർത്താവേ, നീ എന്നെ ആക്കിയിരിക്കുന്ന സ്ഥാനത്തു വിശ്വസതതയോടെ നിന്റെ വേല ചെയ്യാൻ ഞാൻ എന്നെ ഇന്നു സമർപ്പിക്കുന്നു. എന്റെ കർത്താവേ അതിനുള്ള ബലം നീ എന്നെ ധരിപ്പിക്കണമെ. അതിനുള്ള കൃപ എനിക്കു തരണമെ. അതിനുള്ള ശക്തി എന്റെ മേൽ പകരണമെ. എന്നെ അനുഗ്രഹിക്കണമെ.

# ഏഴ്

> “ബോവസ് അവളോടു: നിന്റെ ഭർത്താവു മരിച്ച ശേഷം അമ്മാവിയമ്മെക്ക് നീ ചെയ്തിരിക്കുന്നതും നിന്റെ അപ്പനെയും അമ്മയെയും സ്വദേശത്തെയും വിട്ടു, മുമ്പെ അറിയാത്ത ജനത്തിന്റെ അടുക്കൽ വന്നിരിക്കുന്നതുമായ വിവരമൊക്കെയും ഞാൻ കേട്ടിരിക്കുന്നു.”
>
> രൂത്ത് 2:11

രൂത്തിന്റെ ഭർത്താവു മരിച്ചകാര്യം ബോവസ് അറിഞ്ഞു. ഭർത്താവു മരിച്ചശേഷം അമ്മാവിയമ്മയോടു പറ്റിനിന്ന കാര്യം അവൻ അറിഞ്ഞു. രൂത്ത് അമ്മാവിയമ്മയോടു പറ്റിനിൽക്കുകയും “നിന്റെ ജനം എന്റെ ജനം , നിന്റെ ദൈവം എന്റെ ദൈവം, നീ പോകുന്നേടത്തു ഞാനും പോരും, നീ പാർക്കുന്നേടത്തു ഞാനും പാർക്കും, നീ മരിക്കുന്നേടുത്തു ഞാനും മരിച്ച് അടക്കപ്പെടും” എന്നു തീരുമാനിച്ചു പുറപ്പെട്ടിരിക്കുന്നതും ബോവസ് മുൻകൂട്ടി അറിഞ്ഞിരിക്കുന്നു. രൂത്ത് മാതാപിതാക്കളെ വിട്ട്, ജനിച്ച ജന്മദേശം വിട്ട് അമ്മാവിയമ്മയോടുകൂടി ഇറങ്ങിത്തിരിച്ച് ബേത്‌ലഹേമിൽ എത്തിയിരിക്കുന്നതു എല്ലാം എല്ലാം ബോവസ് നന്നായി അറിഞ്ഞിരിക്കുന്നു. നമ്മുടെ കർത്താവും നമ്മെക്കുറിച്ച് എല്ലാം മുന്നറിഞ്ഞിരിക്കുന്നു.

"എന്റെ ദാസനായ യാക്കോബ് നിമിത്തവും എന്റെ വ്രതനായ യിസ്രായേൽ നിമിത്തവും ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു. ഞാൻ യഹോവയാകുന്നു. മറ്റൊരുത്തനുമില്ല; ഞാനല്ലാതെ ഒരു ദൈവവുമില്ല; നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്റെ അര മുറുക്കിയിരിക്കുന്നു."

യെശയ്യാവു 45:4,5

ദൈവം നമ്മെ മുൻകണ്ടു. ദൈവം നമ്മെ മുന്നറിഞ്ഞു.

"ഇപ്പോഴോ, എന്റെ ദാസനായ യാക്കോബേ, ഞാൻ തെരഞ്ഞെടുത്ത യിസ്രായേലേ, കേൾക്ക, നിന്നെ ഉരുവാക്കിയവനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനും നിന്നെ സഹായിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു."

യെശയ്യാവു 44:1,2

നമ്മെ ഉരുവാക്കിയവനും ഗർഭത്തിൽ നിർമ്മിച്ചവനും സഹായിച്ചവനും യഹോവ തന്നെ.

"ഗർഭം മുതൽ വഹിക്കപ്പെട്ടവരും ഉദരം മുതൽ ചുമക്കപ്പെട്ടവരുമായി യാക്കോബ് ഗൃഹവും യിസ്രായേൽ ഗൃഹത്തിൽ ശേഷിച്ചിരിക്കുന്ന എല്ലാവരുമായുള്ളോരേ, എന്റെ വാക്കുകേൾപ്പിൻ. നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നേ; നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും."

യെശയ്യാവു 46:3,4

നമ്മെ ഓരോരുത്തരെയും അമ്മയുടെ ഗർഭം മുതലേ വഹിക്കുകയും അമ്മയുടെ ഉദരം മുതലേ ചുമക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

> “ദ്വീപുകളേ, എന്റെ വാക്കു കേൾപ്പിൻ; ദൂരത്തുള്ള വംശങ്ങളേ, ശ്രദ്ധിപ്പിൻ; യഹോവ എന്നെ ഗർഭം മുതൽ വിളിച്ചു; എന്റെ അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നേ എന്റെ പേർ പ്രസ്താവിച്ചിരിക്കുന്നു.”
>
> യെശയ്യാവു 49:1

നാം അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നേ നമ്മുടെ പേർ അവൻ പ്രസ്താവിച്ചിരിക്കുന്നു.

> “ഇപ്പോഴോ, യാക്കോബിനെ തന്റെ അടുക്കൽ തിരിച്ചു വരുത്തുവാനും യിസ്രായേലിനെ തനിക്കു വേണ്ടി ശേഖരിപ്പാനും എന്നെ ഗർഭത്തിൽ തന്റെ ദാസനായി നിർമ്മിച്ചിട്ടുള്ള യഹോവ അരുളിച്ചെയ്യുന്നു.”
>
> യെശയ്യാവു 49:5

ഗർഭത്തിൽ ദാസനായി നിർമ്മിച്ചു. അമ്മയുടെ ഗർഭത്തിൽ വച്ചു തന്നെ നിന്റെ പേർ പറഞ്ഞിരിക്കുന്നു. അമ്മയുടെ ഗർഭം മുതലേ ചുമന്നിരിക്കുന്നു. ഗർഭത്തിൽ തന്നേ അവൻ നമ്മെ ദാസരായി ഓരോരുത്തരെയും നിർമ്മിച്ചിരിക്കുന്നു.

യിരമ്യാ പ്രവാചകൻ പറയുന്നു:

> “യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ: നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭപാത്രത്തിൽ നിന്നു പുറത്തുവന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു.”
>
> യിരെമ്യാവു 1:4,5

ദൈവം നമ്മെ മുന്നമേ അറിഞ്ഞിരിക്കുന്നു. അവൻ നമ്മെ മുന്നമേ കണ്ടിരിക്കുന്നു.

റോമർക്കു എഴുതിയ ലേഖനത്തിൽ പറയുന്നു:

> “അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിനു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു. മുന്നിയമിച്ചവരെ വിളിയും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു.”
>
> റോമർ 8:29,30

അവൻ നമ്മെ മുന്നമേ അറിഞ്ഞു. മുന്നമേ നിയമിച്ചു, മുന്നമേ വിളിച്ചു, മുന്നമേ നീതീകരിച്ചു.

ജീവനുള്ള ക്രിസ്തു നമ്മെ ലോകാരംഭത്തിനു മുമ്പേ തിരഞ്ഞെടുത്തു എന്നു മാത്രമല്ല, അവൻ നമ്മെ തന്റെ മക്കളും അവകാശികളുമാക്കിത്തീർത്തു. അവൻ നമ്മെ ദത്തെടുത്തു. അന്യരായിരുന്ന നമ്മെ അവൻ സ്വന്തമാക്കിത്തീർത്തു.

> “നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദ പ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കുകയും ചെയ്തുവല്ലോ.”
>
> എഫെസ്യർ 1:4-6

> “അവനിൽ താൻ മുന്നിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു.”
>
> എഫെസ്യർ 1:9

> "തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."
>
> എഫെസ്യർ 1:14

ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ദൈവം നമ്മെ മുന്നമേ കണ്ടിരിക്കുന്നു.

ബോവസ് എല്ലാം അറിഞ്ഞിരിക്കുന്നു, എല്ലാം മുൻകൂട്ടി കേട്ടിരിക്കുന്നു. നമ്മെ മുന്നറിഞ്ഞ കർത്താവു നമ്മെ മുന്നിയമിച്ചിരിക്കുന്നു. തന്റെ പ്രിയജനമായി നമ്മെ മുന്നിർണ്ണയിച്ചു. തന്റെ വത്സല ജനമായി അവൻ നമ്മെ തെരഞ്ഞെടുത്തു. തന്റെ വേലയ്ക്കായി അവൻ നമ്മെ വിളിച്ചു. അവന്റെ വചനം നമ്മുടെ നാവിന്മേൽ അവൻ വരച്ചു തന്നു. അത്യുന്നതമായ പദവി ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കയാണ്. യെശയ്യാ പ്രവാചകൻ പറഞ്ഞു:

> "നീ എനിക്കു വിലയേറിയവനും മാന്യനും ആയി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവന്നു പകരം ജാതികളെയും കൊടുക്കുന്നു."
>
> യെശയ്യാവു 43:4

മുന്നമേ കണ്ട ദൈവം നമ്മെ വിലയേറിയവരായി കണക്കാക്കുന്നു. നമ്മെ മാന്യരായി എണ്ണുന്നു. അവന്റെ മക്കളും അവകാശികളുമായി അവൻ നമുക്കു പദവി തന്നിരിക്കുന്നു.

എനിക്കു ആരുമില്ല എന്ന് പറയുന്നവരുണ്ട്, എന്നെ സ്നേഹിക്കാൻ എനിക്കു ആരുമില്ല. എന്നെ കരുതുവാൻ ആരുമില്ല. ഞാൻ ആർക്കും വേണ്ടാത്തവനായി പോയല്ലോ. എന്റെ ഭാര്യയ്ക്ക് എന്നെ വിലയില്ല. എന്റെ ഭർത്താവിനു എന്നെ സ്നേഹമില്ല. എന്റെ മക്കൾക്കു എന്നെ അല്പം പോലും ബഹുമാനം ഇല്ല. എന്റെ മാതാപിതാക്കൾക്കും എന്നെക്കുറിച്ച് കരുതലില്ല. എന്റെ കൂടെ ജോലി ചെയ്യുന്നവരെല്ലാം എന്റെ ശത്രുക്കളാണ്. ആരും തുണ ഇല്ലല്ലോ.

ഞാൻ ഒറ്റപ്പെട്ടുപോയല്ലോ. എന്നെല്ലാം പറയുന്ന അനേകരുണ്ട്.

എന്നാൽ പ്രിയരേ, നിങ്ങളോടു പറയട്ടെ, നിങ്ങളെ സ്നേഹിക്കുന്നവൻ ജീവിക്കുന്നു. അവൻ നിങ്ങൾക്കുവേണ്ടി കരുതുന്നു. അവൻ നിങ്ങളെ മുന്നമേ അറിഞ്ഞിരിക്കുന്നു. നിങ്ങളെ വിലയേറിയവരും മാന്യരുമായി എണ്ണിയിരിക്കുന്നു.

വിശ്വസിപ്പിൻ, അവന്റെ പാദപീഠത്തിൽ നിങ്ങളെത്തന്നെ സമർപ്പിപ്പിൻ. നിങ്ങളെയും നിങ്ങൾക്കുള്ളതിനെയും അവന്റെ കരങ്ങളിലേക്കു കൊടുക്കുവിൻ. അവനോടു വാക്കുപറയുവിൻ. നാഥാ നീ ക്രൂശിൽ നിന്നെത്തന്നെ എനിക്കുവേണ്ടി തന്നതിനാൽ ഞാനിതാ എന്നെത്തന്നെ നിനക്കു തരുന്നു. എന്നെ മുഴുവനായി നിനക്കു തരുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും നിനക്കു തരുന്നു. എന്നെ കൈക്കൊള്ളണമെ. എന്നെ സ്വീകരിക്കണമേ. എന്നോടു മനസ്സലിയണമെ. എന്റെ മേൽ നിന്റെ കൃപ പകരണമെ; പ്രാർത്ഥിപ്പിൻ.

# എട്ട്

"ഭക്ഷണ സമയത്തു ബോവസ് അവളോടു: ഇവിടെ വന്നു ഭക്ഷണം കഴിക്ക; കഷണം ചാറ്റിൽ മുക്കി ക്കൊൾക എന്നു പറഞ്ഞു. അങ്ങനെ അവൾ കൊയ്ത്തുകാരുടെ അരികെ ഇരുന്നു; അവൻ അവൾക്കു മലർ കൊടുത്തു; അവൾ തിന്നു തൃപ്തയായി ശേഷിപ്പിക്കയും ചെയ്തു."

രൂത്ത് 2:14

രൂത്തിനെ വളരെ കരുണയോടും കൃപയോടും കൂടെ ബോവസ് കാണുകയും അവളുടെ ആവശ്യങ്ങൾ എല്ലാം നിവർത്തിച്ചു അവളെ സംതൃപ്തയാക്കുകയും ചെയ്തു. അവളെ തൃപ്തിപ്പെടുത്തി അവളെ സന്തുഷ്ടയാക്കി. അവൾ തിന്നു തൃപ്തയായി ശേഷിപ്പിക്കുകയും ചെയ്തു. അവളുടെ കാര്യത്തിൽ ബോവസ് പ്രത്യേകപരിഗണന പുലർത്തി.

നമ്മുടെ കർത്താവായ യേശുവിനു നമ്മെക്കുറിച്ച് പ്രത്യേക പരിഗണന ഉണ്ട്. നിങ്ങൾ വിശ്വസിക്കുമോ? യേശുവിനു നിങ്ങളെക്കുറിച്ച് പ്രത്യേക പരിഗണനയുണ്ടെന്ന്.

നിങ്ങൾ ക്രിസ്തുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതിയാണ്. നിങ്ങൾ ക്രിസ്തുവിന്റെ രാജകീയ പുരോഹിത വർഗ്ഗമാണ്. നിങ്ങൾ വിശുദ്ധ വംശമാണ്. നിങ്ങൾ സ്വന്തജനമാണ്.

അപ്പൊസ്തലനായ പത്രോസ് പറഞ്ഞു:

> "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ"
>
> 1 പത്രൊസ് 2:9,10

ദൈവജനമേ, നിങ്ങൾ ദൈവത്തിന്റെ കരുണ ലഭിച്ചവരാണ്. ദൈവത്തിന്റെ രാജകീയ പുരോഹിത വർഗ്ഗവും, വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. ദൈവം നിങ്ങളെ ആളാംപ്രതി അറിയുന്നു. നിങ്ങൾ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും ദൈവം അറിയുന്നു.

> "യഹോവേ, നീ എന്നെ ശോധന ചെയ്തു അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു; എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. യഹോവേ നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല. നീ മുമ്പും പിമ്പും എന്നെ അടച്ചു നിന്റെ കൈ എന്റെ മേൽ വെച്ചിരിക്കുന്നു. ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു. അതു എനിക്കു ഗ്രഹിച്ചു കൂടാതവണ്ണം ഉന്നതമായിരിക്കുന്നു. നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും?

തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ടു; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്. ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലങ്കൈ എന്നെ പിടിക്കും. ഇരുട്ടു എന്നെ മൂടിക്കളയട്ടെ; വെളിച്ചം എന്റെ ചുറ്റും രാത്രിയായിത്തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ ഇരുട്ടു പോലും നിനക്കു മറവായിരിക്കയില്ല; രാത്രി പകൽ പോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്കു ഒരുപോലെ തന്നേ. നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചതു, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു; നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു; അതു എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു. ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോ ഭാഗങ്ങളിൽ നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥികൂടം നിനക്കു മറവായിരുന്നില്ല. ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണു എന്നെ കണ്ടു; നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു."

സങ്കീർത്തനങ്ങൾ 139: 1–16

"ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണു എന്നെ കണ്ടു. വെറും ഭ്രൂണാവസ്ഥയിൽ ആയിരുന്നപ്പോൾ, അസ്ഥികൂടം രൂപപ്പെട്ടുകൊണ്ടിരിക്കുമ്പോൾ നീ എന്നെ കണ്ടു. നീ എന്നെ അറിഞ്ഞു" എന്നാണ് ഭക്തൻ പാടുന്നത്.

ബോവസ് രൂത്തിനെ പ്രത്യേകം പരിഗണിച്ചു. അവളോടു കരുണയോടെ കൃപയോടെ പെരുമാറി. അവളുടെ ആവശ്യങ്ങൾ എല്ലാം സാധിപ്പിച്ചു കൊടുത്തു. അവൾക്കു ഭക്ഷണം പ്രത്യേകം കരുതി.

ഭക്ഷണസമയത്ത് ബോവസ് രൂത്തിനോട്: "ഇവിടെ വന്ന് ഭക്ഷണം കഴിക്ക" തന്റെ അടുക്കലേക്കു വന്നു ഭക്ഷണം കഴിക്ക എന്നു പറഞ്ഞ് അവളെ ക്ഷണിക്കുകയാണ്.

അവൻ അവൾക്കു മലർ കൊടുത്തു; അവൾക്കു പ്രത്യേക ഭക്ഷണം കൊടുത്തു. മലർ വേലക്കാർക്ക് ഉള്ളതല്ല. എന്നാൽ തന്റെ ഭക്ഷണത്തിന്റെ ഒരു ഓഹരി അവൾക്കു കൊടുത്തു.

ബോവസ് രൂത്തിനോടു പറഞ്ഞതു പോലെ യേശു നമ്മോടു പറയുന്നു. നമ്മോടു ഇടപെടുന്നു. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്നു.

> "യഹോവയിൽ ആശ്രയിച്ച് നന്മചെയ്ക; ദേശത്തു പാർത്ത് വിശ്വസ്തത ആചരിക്ക, യഹോവയിൽ തന്നെ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും."
>
> സങ്കീർത്തനങ്ങൾ 37:3,4

> "നമ്മുടെ രക്ഷയാകുന്ന ദൈവമായി നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവു വാഴ്ത്തപ്പെടുമാറാകട്ടെ."
>
> സങ്കീർത്തനങ്ങൾ 68:19

കരുണയുള്ള കർത്താവു നമ്മെ സ്നേഹത്തോടെ കരുതുന്നു:

> "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."

വെളിപ്പാടു 3:20

ഒരുമിച്ചു ഭക്ഷണം കഴിക്കുവാൻ യേശു നമ്മെ ക്ഷണിക്കുകയാണ്. ബോവസിന്റെ കൂടെയിരുന്ന് ഭക്ഷണം കഴിപ്പാൻ രൂത്തിനെ ക്ഷണിച്ചതു പോലെ.

അഞ്ചപ്പം കൊണ്ടു അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ അവർ തിന്നു തൃപ്തരായി ശേഷിപ്പിച്ചു. തിന്നു ശേഷിപ്പിക്കുവാൻ തക്കവണ്ണം സമൃദ്ധിയായി നമുക്കു തരുന്നവനാണ് നമ്മുടെ കർത്താവ്.

കാരുണ്യവാനായ ക്രിസ്തുവിന്റെ കരങ്ങളിലേക്കു നമ്മെ ഏല്പിച്ചു കൊടുക്കാം. ഇപ്പോൾ തന്നെ അവനോടു വാക്കു പറയാം. യേശുവേ നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജിവിക്കും.

# ഒമ്പത്

> “അവൾ പെറുക്കുവാൻ എഴുന്നേറ്റപ്പോൾ ബോവസ് തന്റെ ബാല്യക്കാരോടു: അവൾ കറ്റകളുടെ ഇടയിൽ തന്നേ പെറുക്കിക്കൊള്ളട്ടെ; അവളെ ഉപദ്രവിക്കരുതു. പെറുക്കേണ്ടതിനു അവൾക്കായിട്ടു കറ്റകളിൽ നിന്നു വലിച്ചിട്ടേക്കണം; അവളെ ശകാരിക്കരുതു എന്നു കല്പിച്ചു.”
>
> രൂത്ത് 2:15,16

ബോവസ് രൂത്തിന് ജീവിതത്തിൽ സംരക്ഷണം കൊടുക്കുന്നു. തൊഴിൽ രംഗത്ത് ആവശ്യമായ സംരക്ഷണം കൊടുക്കുന്നു. അവളുടെ ഭാവിയെ സമ്പന്നതയിലേക്കു നയിക്കുന്നു.

ക്രിസ്തു നമുക്കു സംരക്ഷണം തരുന്നു. നമുക്കു ചുറ്റും വേലി കെട്ടി നമ്മെ കാവൽ ചെയ്യുന്നു. നമുക്കു ചുറ്റും തീ മതിൽ കെട്ടുന്നു.

സങ്കീർത്തനക്കാരൻ പാടി:

> “യഹോയുടെ ദൂതൻ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.”
>
> സങ്കീർത്തനങ്ങൾ 34:7

ഏലീശാപ്രവാചകൻ ദോഥാനിൽ പാർക്കുന്ന കാലം. അരാം രാജാവു അവിടേക്ക് ശക്തിയുള്ള സൈന്യത്തെ കുതിരകളും രഥങ്ങളുമായി അയച്ചു; അവർ രാത്രിയിൽ ചെന്നു പട്ടണം വളഞ്ഞു. സിറിയൻ സൈന്യം വന്നു പാളയമിറങ്ങിയിരിക്കുന്നു. ദൈവപുരുഷന്റെ ബാല്യക്കാരൻ രാവിലെ എഴുന്നേറ്റു പുറത്തിറങ്ങിയപ്പോൾ ഒരു സൈന്യം കുതിരകളും രഥങ്ങളുമായി പട്ടണം വളഞ്ഞിരിക്കുന്നതു കണ്ടു; അവൻ ഓടി പ്രവാചകന്റെ അടുക്കൽ വന്നു. "അയ്യോ യജമാനനേ, നമുക്കു ചുറ്റും വലിയൊരു ശത്രുസൈന്യം രഥങ്ങളും കുതിരകളുമായി വന്നു പാളയമിറങ്ങിയിരിക്കുന്നു; നാം എന്ത് ചെയ്യും" എന്നു പറഞ്ഞു.

പ്രവാചകൻ പറഞ്ഞു: "പേടിക്കേണ്ടാ; നമ്മോടു കൂടെയുള്ളവർ അവരോടു കൂടെയുള്ളവരെക്കാൾ അധികം" അവൻ അമ്പരപ്പോടെ ഒന്നും മനസ്സിലാകാതെ പ്രവാചന്റെ മുഖത്തേക്കു നോക്കി നിന്നപ്പോൾ പ്രവാചകൻ ദൈവത്തോടു പ്രാർത്ഥിച്ചു: "കർത്താവേ ഇവന്റെ കണ്ണു തുറന്ന് കൊടുക്കണമെ." യഹോവ അവന്റെ ഉൾക്കണ്ണു തുറന്നു. എലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ടു മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടു. തീയ്ക്കടുത്ത സൈന്യം ചുറ്റും നിൽക്കുന്നു. അവനു ധൈര്യമായി.

ദൈവജനമേ, നമ്മെ കാക്കുവാൻ ജീവനുള്ള ദൈവമുണ്ട്. നമ്മെ പരിപാലിക്കാൻ കർത്താവായ യേശുക്രിസ്തു ഉണ്ട്.

> "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല."
>
> സങ്കീർത്തനങ്ങൾ 34:5

ബോവസ് രൂത്തിനു സംരക്ഷണം കൊടുത്തു. അവൻ വേലക്കാരോടു പറഞ്ഞു: അവളെ ഉപദ്രവിക്കരുത്, അവളെ ശകാരിക്കരുത്, അവൾ കറ്റകളുടെ ഇടയിൽ തന്നേ പെറുക്കിക്കൊള്ളട്ടെ. പെറുക്കേണ്ടതിന് അവൾക്കായിട്ടു കറ്റകളിൽ നിന്നു വലിച്ചിട്ടേക്കണം.

വേദപുസ്തകം വായിക്കുമ്പോൾ തന്റെ ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതൽ കണ്ട് നാം അത്ഭുതപ്പെടും.

"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളോടു കവർച്ച ചെയ്ത ജാതികളുടെ അടുക്കൽ അവൻ എന്നെ മഹത്വത്തിന്നായി അയച്ചിരിക്കുന്നു; നിങ്ങളെ തൊടുന്നവൻ അവന്റെ കണ്മണിയെ തൊടുന്നു. ഞാൻ അവരുടെ നേരെ കൈ കുലുക്കും; അവർ തങ്ങളുടെ ദാസന്മാർക്കു കവർച്ചയായ്ത്തീരും, സൈന്യങ്ങളുടെ യഹോവ എന്നെ അയച്ചിരിക്കുന്നു എന്നു നിങ്ങൾ അറികയും ചെയ്യും."

സെഖര്യാവു 2:8,9

നിങ്ങളെ ആരെങ്കിലും ഉപദ്രവിച്ചാൽ അവൻ എന്റെ കൺമണിയെയാണ് ഉപദ്രവിക്കുന്നതു; എന്റെ കണ്ണിന്റെ കൃഷ്ണമണിയെയാണ് ഉപദ്രവിക്കുന്നതു. അവർ തങ്ങളുടെ ദാസന്മാർക്കു കവർച്ചയായി തീരും എന്നാണ് പറയുന്നത്.

ലിവിംങ് ബൈബിളിൽ നാം കാണുന്നതു ഈ വിധമാണ്. "He who harms you sticks his finger in Jehovahís eyes." നിങ്ങൾക്കു ഉപദ്രവം ചെയ്യുന്നവർ യഹോവയുടെ കണ്ണിലേക്കു തന്റെ വിരൽ കൊണ്ടു കുത്തുന്നു എന്ന്. നിങ്ങളെ തൊടുന്നവൻ അവന്റെ കൺമണിയെ തൊടുന്നു. തന്റെ കണ്ണിന്റെ കൃഷ്ണമണിയിലേക്ക് ആരെങ്കിലും കുത്തിയാൽ എങ്ങനെയോ, അതുപോലെയാണ് തന്റെ പ്രിയ മക്കളെ ആരെങ്കിലും ഉപദ്രവിച്ചാൽ ദൈവം കാണുന്നത് എന്ന്. ദൈവം നമ്മെ അത്രമാത്രം കരുതുന്നു.

ഭാവിയിലേക്കു നോക്കി പുഞ്ചിരിയിടുവാൻ തക്കവണ്ണം ദൈവം നമുക്കു കൃപ നൽകുന്നു നാം അർഹരല്ല. നമുക്കു യോഗ്യതയില്ല. നാം ബലഹീനരാണ്, എന്നാൽ അവൻ നമ്മെ ബലവാന്മാരാക്കുവാൻ തിരുമനസ്സായി. നാം നിസ്സാരരാണ്, എന്നാൽ അവൻ നമ്മെ വിലയേറിയവരായി കണ്ടു. നാം ഭോഷന്മാരാണ്, കുലഹീനരാണ്, നികൃഷ്ടരാണ്, ഏതുമില്ലാത്തവരാണ്, എന്നാൽ ദൈവം നമ്മെ തിരഞ്ഞെടുത്തു.

> “ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു; ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നേ.”
>
> 1 കൊരിന്ത്യർ 1:27-29

യേശുവിനോടു ഉള്ളുതുറന്നു പറയൂ, കർത്താവേ, ഞാൻ പാപിയായ ഒരു മനുഷ്യൻ, ഒരു നിസ്സാരനായ മനുഷ്യൻ, ദൈവത്തെ അറിയാതെ ജീവിച്ചുപോയി, ലോകത്തിന്റെ ഇമ്പങ്ങളും സന്തോഷങ്ങളും മാത്രം ലക്ഷ്യമാക്കി എന്റെ നല്ല കാലങ്ങൾ പാഴാക്കിപ്പോയി, പൈശാചികന്റെ കയ്യിലെ ഒരു പാവയായി എന്റെ ആയുസ്സ് ഞാൻ നഷ്ടപ്പെടുത്തിപ്പോയി.

എന്നാൽ നാഥാ, എന്റെ പാപങ്ങളോടു ഞാനിതാ യാത്രപറയുന്നു. എന്റെ പാപത്തിന്റെ ശിക്ഷ വഹിച്ചുകൊണ്ട് ക്രൂശിൽ മരിച്ച എന്റെ രക്ഷകാ, ഞാനിപ്പോൾ നിന്റെ സന്നിധിയിലേക്കു വരികയാണ്. നിന്റെ ക്രൂശിക്കപ്പെട്ട, ആണിപ്പാടുള്ള പാദത്തിൽ ഞാനിതാ വീഴുകയാണ്. ആ പാദപീഠത്തിൽ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുകയാണ്.

ക്രിസ്തുവിനായി നിങ്ങളെത്തന്നെ വേർതിരിക്കുമോ? പാപത്തെ നിങ്ങൾ ഉപേക്ഷിക്കുമോ? നിങ്ങളുടെ ബലഹീനതകളെല്ലാം ക്രിസ്തു മാറ്റിത്തരും. നിങ്ങളുടെ ദോഷങ്ങൾ എല്ലാം അവൻ നീക്കിത്തരും. നിങ്ങളുടെ പോരായ്മകൾ എല്ലാം അവൻ മാറ്റിത്തരും അവൻ നിങ്ങൾക്കു സംരക്ഷണം തരും. അവൻ നിങ്ങൾക്കുവേണ്ടി കരുതും. ആരും നിങ്ങളെ ഉപദ്രവിക്കുവാൻ അവൻ സമ്മതിക്കയില്ല.

കർത്താവു പറയുന്നു:

> "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരു നാളും നശിച്ചു പോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കയും ഇല്ല."
>
> യോഹന്നാൻ 10:26-28

അവന്റെ കയ്യിൽ നമ്മെ മുറുകെ പിടിച്ചിരിക്കുകയാണ്. അവന്റെ കയ്യിൽ നിന്നും ആരും നമ്മെ പിടിച്ചുപറിച്ചുകൊണ്ട് പോകയില്ല.

എന്നാൽ സ്നേഹിതാ, അവന്റെ കയ്യിൽ നിന്നു നിനക്കു സ്വയം ഇറങ്ങിപ്പോകാം അതിനുള്ള സ്വാതന്ത്ര്യം നിനക്കു ഉണ്ട്. പാപത്തിലേക്കു വേണമെങ്കിൽ നിനക്കു ഇറങ്ങിപ്പോകാം. സ്വാതന്ത്ര്യം നിനക്കുണ്ട്. ദൈവം ആരെയും തടഞ്ഞുവെയ്ക്കില്ല. നിനക്കു ക്രിസ്തുവിനോടു പറ്റിച്ചേർന്നു നിൽക്കാം.

ക്രിസ്തുവിനോടു പറ്റിച്ചേർന്നു നിൽക്കുവിൻ. നിന്റെ ബലഹീനതകളെ അവൻ മാറ്റിത്തരും. നിന്റെ കുറവുകളെ അവൻ നീക്കിത്തരും. നിന്റെ പോരായ്മകളെല്ലാം അകറ്റി നിന്നെ ദേശത്തിന്റെ ഉന്നതികളിന്മേൽ നടകൊള്ളുമാറാക്കും.

## പത്ത്

> ''അനന്തരം അവളുടെ അമ്മാവിയമ്മയായ നൊവൊമി അവളോടു പറഞ്ഞതു: മകളേ, നിനക്കു നന്നായിരിക്കേണ്ടതിന്നു ഞാൻ നിനക്കു വേണ്ടി ഒരു വിശ്രാമസ്ഥലം അന്വേഷിക്കേണ്ടയോ"?
>
> രൂത്ത് 3:1

മകളേ, നിനക്കു ഭാവി നന്നായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്നു നീ ദുഃഖിതയാണ്, ഇന്നു നീ വിധവയാണ്. ഞാനോ പ്രായമായ ഒരു വിധവ. എന്നാൽ, മോളെ, നീയൊരു യുവതിയാണ്. നിനക്കിനിയും ദീർഘകാലം ഈ ഭൂമിയിൽ ജീവിക്കാനുണ്ട്. നിനക്കു ശോഭനമായ ഒരു ഭാവിവേണമല്ലോ. മകളേ, നിനക്കു നന്നായിരിക്കേണ്ടതിനു ഞാൻ നിനക്കുവേണ്ടി ഒരു വിശ്രാമസ്ഥലം അന്വേഷിക്കേണ്ടയോ?

നൊവൊമിയുടെ ഈ കരുതൽ ദൈവീകമായ കരുതലിന്റെ പ്രതീകമാണ്. പരിശുദ്ധാത്മാവിന്റെ നൽവരത്തിന്റെ പ്രതീകമാണ്. ദൈവം മനുഷ്യനുവേണ്ടി കരുതുകയാണ്. നൊവൊമിയുടെ നാവിൽക്കൂടി വന്ന ഈ വാക്കുകൾ രൂത്തിനെക്കുറിച്ചും ആ കുടുംബത്തെക്കുറിച്ചുമുള്ളതായ പദ്ധതികൾ വെളിവാക്കുന്നതിനുവേണ്ടിയുള്ള ശ്രേഷ്ഠമായ ആലോചനയാണ്.

നമ്മെക്കുറിച്ചു ദൈവത്തിനു ചില പദ്ധതികൾ ഉണ്ട്. നാം ഓരോരുത്തരുടെയും ഏറ്റവും വലിയ നന്മയാണ് കരുണയുള്ള കർത്താവു ആഗ്രഹിക്കുന്നതു. നാം ആരും ദുഖിതരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം ആരും മ്ലാനവദനരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

നാം എല്ലാവരും നല്ല സമാധാനം അനുഭവിച്ച്, സന്തോഷമുള്ളവരായി, പ്രസന്നതയുള്ളവരായി കാണാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മുടെ പിതാവ് ആണല്ലോ. സ്വർഗ്ഗത്തിലെ ദൈവം നമ്മുടെ അപ്പനാണ്. അപ്പൻ എന്നും മക്കളുടെ നന്മ ആഗ്രഹിക്കുന്നു. ജീവനുള്ള ദൈവം നമുക്കു ഏറ്റവും നല്ലതു ആഗ്രഹിക്കുന്നു. ഒരിക്കലും നമുക്കു തിന്മ വരാൻ ദൈവം ആഗ്രഹിക്കുന്നില്ല.

ഭൂമിയിലെ മാതാപിതാക്കൾ മക്കൾക്കു എന്തെങ്കിലും ദോഷം ആലോചിക്കുമോ? മക്കൾക്കു ഏതെങ്കിലും തരത്തിൽ ഒരു കെടുതി ആഗ്രഹിക്കുമോ? എങ്ങനെയെല്ലാം മക്കളുടെ പ്രയാസങ്ങൾ മാറ്റിയെടുക്കാം, എങ്ങനെ മക്കൾക്കു ശുഭകരമായ ഭാവി നേടിയെടുക്കാം - ഇതല്ലേ മാതാപിതാക്കളുടെ മനസ്സിലെ ആഗ്രഹം? നമ്മുടെ മക്കൾക്കുവേണ്ടി നാം കരുതുന്നവരാണ്. മക്കളുടെ വളർച്ചയാണല്ലോ നമ്മുടെ ലക്ഷ്യം തന്നെ. നമ്മുടെ മക്കൾ ഐശ്വര്യമുള്ളവരായി, സന്തോഷമുള്ളവരായി, സമാധാനമുള്ളവരായിയിരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഭൂമിയിലെ മനുഷ്യൻ അങ്ങനെയെങ്കിൽ സ്വർഗ്ഗത്തിലെ കരുണയുള്ള കർത്താവു എത്രയോ അധികമായി നമുക്കുവേണ്ടി കരുതും!

> “യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും; യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവനു പാമ്പിനെ

> കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും."
>
> മത്തായി 7:7–11

സങ്കീർത്തനക്കാരൻ ഇപ്രകാരം പറഞ്ഞു:

> "ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ നന്മകാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശവെയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ യഹോവയിങ്കൽ പ്രത്യാശ വെയ്ക്കുക."
>
> സങ്കീർത്തനങ്ങൾ 27:13,14

ദൈവം ക്രൂരനല്ല, കഠിനനല്ല, നമ്മെ വിഷമിപ്പിക്കാനാഗ്രഹിക്കുന്നവനുമല്ല. പകരം നമ്മുടെ വിഷമം അകറ്റാനാണു ദൈവം നോക്കുന്നത്.

മകളേ, നിനക്കു നന്നായിരിക്കേണ്ടതിനു ഞാൻ നിനക്കുവേണ്ടി ഒരു വിശ്രാമസ്ഥലം അന്വേഷിക്കേണ്ടയോ? ഒരു വിശ്രാമസ്ഥലം ദൈവം നമുക്കുവേണ്ടി കരുതകയാണ്. യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ ഇപ്രകാരം കാണുന്നു.

> "അന്നാളിൽ വംശങ്ങൾക്കു കൊടിയായി നിൽക്കുന്ന യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചുവരും, അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും."
>
> യെശയ്യാവു 11:10

> "യഹോവ നിന്റെ വ്യസനവും നിന്റെ കഷ്ടതയും നീ ചെയ്യേണ്ടി വന്ന നിന്റെ കഠിനദാസ്യവും നീക്കി നിനക്കു വിശ്രാമം നല്കുന്ന നാളിൽ.....
>
> യെശയ്യാവു 14:3

യഹോവ നിന്റെ വ്യസനം മാറ്റും, നിന്റെ കഷ്ടത മാറ്റും, നിന്റെ കഠിന ദാസ്യം മാറ്റും; യഹോവ നിനക്കു വിശ്രമം തരും.

നിങ്ങൾക്കു പലർക്കും ഇന്നു വിശ്രമം ഇല്ലാത്ത വേലയുണ്ട്. അല്പം പോലും വിശ്രമമില്ലാത്ത കഷ്ടപ്പാടുകൾ ഉണ്ട്. ദുരിതം പിടിച്ച ജോലിഭാരമുണ്ട്.

ഒരിക്കലും വിശ്രമമില്ല. ദുരിതത്തിനു വിശ്രമമില്ല; രോഗത്തിനു വിശ്രമമില്ല; യാതനകൾക്ക് വിശ്രമമില്ല; കഷ്ടതകൾക്ക് വിശ്രമമില്ല; എതിർപ്പുകൾക്കു വിശ്രമമില്ല; മറ്റുള്ളവരുടെ തെറ്റിദ്ധാരണകൾക്ക് വിശ്രമമില്ല. മറ്റുള്ളവരുടെ അപവാദങ്ങൾക്കും അവഹേളനങ്ങൾക്കും വിശ്രമമില്ല. കുടുംബത്തിൽ തന്നെയുണ്ടാകുന്ന പ്രതിസന്ധികൾക്കു വിശ്രമമില്ല. പലപ്പോഴും ദുരിതം നിറഞ്ഞ ജീവിതം.

ഹിന്ദി കവയിത്രിയായ സുഭദ്രാകുമാരി ചൗഹാൻ എഴുതിയ ഒരു കവിതയിൽ ഇങ്ങനെ കാണുന്നു.

शिशु ने दुनियाँ में आकर्
रो रोकर हँसना सीखा
गिर गिरकर चलना सीखा...

“ശിശുലോകത്തിലേക്കു പിറന്നു വീണിട്ടു കരഞ്ഞു കരഞ്ഞു ചിരിക്കാൻ പഠിച്ചു; വീണു വീണു നടക്കാൻ പഠിച്ചു”

ജീവിതത്തിൽ കരച്ചിൽ ഉണ്ട്. ജീവിതത്തിന്റെ ആകെത്തുക തന്നെ കരച്ചിൽ ആണ്. കരയുന്ന ജീവിതം, ദുഃഖിക്കുന്ന ജീവിതം. മകളേ, നിനക്കു നന്നായിരിക്കേണ്ടതിനു ഞാൻ നിനക്കുവേണ്ടി ഒരു വിശ്രാമസ്ഥലം അന്വേഷിക്കേണ്ടായോ? വിശ്രമസ്ഥലം അന്വേഷിക്കുന്ന ദൈവത്തിന്റെ അത്ഭുതകൃപ. ദൈവത്തിന്റെ ആശ്വാസപ്രദനായ പരിശുദ്ധാത്മാവു വിശ്രാമസ്ഥലം അന്വേഷിക്കുകയാണ്.

നിങ്ങളുടെ മനസ്സു നീറിക്കൊണ്ടിരിക്കുകയാണോ? പല കാര്യങ്ങളിൽ മനസ്സു പുകഞ്ഞു കൊണ്ടിരിക്കുകയാണോ? നിങ്ങളുടെ

ഹൃദയത്തിൽ വലിയ നിരാശയും വേദനകളും തിങ്ങിവിങ്ങി നിങ്ങൾ അസ്വസ്ഥരായിരിക്കുകയാണോ? എങ്കിൽ ഈ വാക്യം നിങ്ങളുടെ മനസ്സിൽ തറയട്ടെ. "മകളെ നിനക്കു നന്നായിരിക്കേണ്ടതിനു ഞാൻ നിനക്കു വേണ്ടി വിശ്രാമസ്ഥലം അന്വേഷിക്കേണ്ടയോ."

നൊവൊമി ഉദ്ദേശിച്ചതു മകളേ, നിനക്കു ഒരു ഭർത്തൃഗൃഹം വേണ്ടേ? നിനക്കു ഇനിയും സന്തോഷകരമായ ഒരു ദാമ്പത്യജീവിതം തുടങ്ങാമല്ലോ. ആദ്യത്തെ വിവാഹബന്ധം തകർന്നുപോയി, നഷ്ടപ്പെട്ടുപോയി, മകളേ, സാരമില്ല. ഞാൻ നിനക്കുവേണ്ടി ഒരു നല്ല വിശ്രമസ്ഥലം അന്വേഷിക്കുവാൻ ആഗ്രഹിക്കുന്നു.

> "നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക;
> അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരു നാളും സമ്മതിക്കയില്ല."
> സങ്കീർത്തനങ്ങൾ 55:22

മകളേ, നിന്റെ നിരാശ മാറ്റുക. നിന്റെ ഹൃദയത്തിന്റെ വിഷാദം മാറ്റുക ക്രിസതു നിന്റെ അകത്തേക്കു വരട്ടെ. ഗോഗുൽത്തായിൽ തിരുവിലാവു തുറന്നവൻ, ഇപ്പോൾ നിങ്ങളുടെ അരികത്തു വന്ന് നിങ്ങളുടെ തലമേൽ തന്റെ കരം വയ്ക്കട്ടെ. ആണിപ്പാടുള്ള കരം നിങ്ങളുടെ ശിരസ്സിൽ വയ്ക്കട്ടെ. അവൻ നിങ്ങളുടെ കണ്ണുനീർ തുടയ്ക്കട്ടെ. അവൻ നിങ്ങളുടെ ഹൃദയത്തിന്റെ നൊമ്പരങ്ങൾ എടുത്തുമാറ്റട്ടെ. അവൻ നിങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം തരട്ടെ. അവൻ നിങ്ങൾക്കു സമാധാനം തരട്ടെ.

# പതിനൊന്ന്

> “നീ ചേർന്നിരുന്ന ബാല്യക്കാരത്തികളുടെ യജമാന നായ ബോവസ് നമ്മുടെ ചാർച്ചക്കാരനല്ലയോ? അവൻ ഇന്നു രാത്രി കളത്തിൽ യവം തൂറ്റുന്നു. ആക യാൽ നീ കുളിച്ചു തൈലം പൂശി വസ്ത്രം ധരിച്ചു കളത്തിൽ ചെല്ലുക; അയാൾ തിന്നു കുടിച്ചു കഴിയും വരെ നിന്നെ കാണരുത്.”
>
> രൂത്ത് 3:2,3

നൊവൊമി രൂത്തിനു ഒരു വിശ്രമസ്ഥലം അന്വേഷിക്കുകയാണ്; ശുഭകരമായ ഭാവി അന്വേഷിക്കുകയാണ്. നൊവൊമി രൂത്തിനു ഒരു വീണ്ടെടുപ്പുകാരനെ അന്വേഷിക്കുകയാണ്. നൊവൊമി ഒരു വിധവയാണെങ്കിലും അവൾക്കു ഒരു നല്ല കാലം വരണമെന്ന് ആഗ്രഹിക്കുകയാണ്. അതിനുള്ള മാർഗ്ഗം നൊവൊമി നിർദ്ദേശിക്കുകയാണ്.

നീ കുളിക്കുക, തൈലം പൂശുക, വസ്ത്രം ധരിക്കുക, കളത്തിൽ ചെല്ലുക.

വിശ്രമ സ്ഥലം അന്വേഷിക്കുമ്പോൾ ആദ്യം ചെയ്യേണ്ടതു നീ മുഴുവനായി ഒരു കഴുകൽ പ്രാപിക്കുക എന്നുള്ളതാണ്. സമ്പൂർണ്ണ

മായ ഒരു കഴുകൽ നീ പ്രാപിക്കണം. നിനക്കു വിശ്രമം ലഭിക്കേണ്ട തിനു നീ ചെയ്യേണ്ട ഒന്നാമത്തെ കാര്യം സമ്പൂർണ്ണമായ ഒരു ശുദ്ധീ കരണമാണ്, നിനക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആശ്വാസകാലം നീ പ്രാപിക്കണമെങ്കിൽ നീ നിന്നെത്തന്നെ കഴുകി വെടിപ്പാക്കണം.

> "എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല."
>
> എബ്രായർ 12: 14

നമ്മുടെ അകവും പുറവും കഴുകണം. നമ്മെത്തന്നെ വെടിപ്പാക്കി വിശുദ്ധിയെ തികയ്ക്കണം. അപ്പൊസ്തലനായ പൗലോസു പറ യും.:

> "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ള തുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക."
>
> 2 കൊരിന്ത്യർ 7:1

വലിയൊരു വാഗ്ദത്തം നിങ്ങൾക്കു ശേഷിച്ചിരിക്കുന്നു. ദൈവ ത്തിന്റെ അത്ഭുതകരമായ കൃപ നിങ്ങളെ വലയം ചെയ്യുകയും സർവ്വശക്തൻ നിങ്ങളുടെ ഇടയിൽ വസിക്കാമെന്നു പറയുകയും ചെയ്യുന്നു. ദൈവം നിങ്ങളുടെ ഇടയിൽ നടക്കാമെന്നു പറയുന്നു. ദൈവം നിങ്ങൾക്കു പിതാവും, നിങ്ങൾ ദൈവത്തിനു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു പറയുന്നു.

> "..... ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇട യിൽ നടക്കുകയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയി രിക്കും എന്നു സർവ്വശക്തനായ കർത്താവു അരുളി ച്ചെയ്യുന്നു."
>
> 2 കൊരിന്ത്യർ 6:16,17

നമ്മുടെ ഓരോ അവയവങ്ങളിൽ വന്നുപോയ പാപങ്ങൾ എണ്ണി യെണ്ണി കണ്ടുപിടിക്കണം. നമ്മുടെ വാക്കുകളിൽ വന്നുപോയ പാപങ്ങൾ, നമ്മുടെ വായിൽ ഒഴിച്ച വസ്തുക്കളെക്കൊണ്ടുള്ള തായ പാപങ്ങൾ, നമ്മുടെ ചുണ്ട് ചുംബിച്ചതോ സ്പർശിച്ചതോ ആയ കാര്യങ്ങളിൽ വന്ന പാപങ്ങൾ, നമ്മുടെ കണ്ണ് കണ്ടത്, കാണാൻ കൊതിച്ചത്, കണാൻ ആസക്തി പൂണ്ടത്, നമ്മുടെ കാതുകൊണ്ട് കേട്ടത്, നമ്മുടെ കൈ കൊണ്ടു ചെയ്തത്, കൈകൊണ്ട് എഴുതിയ ത്, നമ്മുടെ കാൽ കൊണ്ട് നടന്നത്, നമ്മുടെ ശരീരത്തിന്റെ ഓരോ ഭാഗങ്ങളിലും വന്നുപോയ അഴുക്കുകൾ എല്ലാമെല്ലാം ഒന്നൊന്നായി കണ്ടുപിടിച്ചു അനുതപിച്ച് ഏറ്റുപറഞ്ഞു ഉപേക്ഷിക്കണം. മേലിൽ യാതൊരു അശുദ്ധിയും എന്റെ ജീവിതത്തിൽ വരികയില്ല എന്നു ഉറപ്പു കർത്താവിനു കൊടുക്കണം.

വചനം പറയുന്നു -

> "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്നു ശുഭം വരി കയില്ല, അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."
>
> സദൃശവാക്യങ്ങൾ 28:13

യോഹന്നാൻ ശ്ലീഹാ പറയുന്നു-

> "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെ ത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വ സ്തനും നീതിമാനും ആകുന്നു."
>
> 1 യോഹന്നാൻ 1:7-9

ചിന്തയിൽ വന്നുപോയ പാപങ്ങൾ, ബുദ്ധിയിൽ വന്നുപോയ പാപങ്ങൾ, ഓർമ്മയിൽ വന്നുപോയ പാപങ്ങൾ, നിരൂപണങ്ങളിൽ

വന്നുപോയ പാപങ്ങൾ, കാഴ്ചപ്പാടിൽ വന്നുപോയ പാപങ്ങൾ, എല്ലാം കണ്ടുപിടിച്ചു ഏറ്റുപറയണം.

നമ്മുടെ ഹൃദയത്തിലുണ്ടായ വൈരാഗ്യം, പക, വിദ്വേഷം, നീരസം, കൈപ്പ്, മുഷിച്ചിൽ, പരിഭവം, പരാതി, സ്വാർത്ഥത, ദ്രവ്യാഗ്രഹം, സ്വയം (ego) ഇവ ഒന്നൊന്നായി കണ്ടുപിടിക്കണം. നാം മനക്കോട്ട കെട്ടിയ കാര്യങ്ങൾ, മനസ്സിൽ നിരൂപിച്ചതായ കാര്യങ്ങൾ ഓരോന്നോരോന്നായി കണ്ടുപിടിക്കണം; എല്ലാമെല്ലാം എണ്ണിയെണ്ണി ഏറ്റുപറയണം.

പുറമെ കിട്ടുന്ന ഒരു കഴുകലല്ല ഞാൻ പറഞ്ഞതു. നമ്മുടെ അകം കഴുകപ്പെടണം.

> "നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക."
>
> 2 കൊരിന്ത്യർ 7:1

നിങ്ങളുടെ ജീവിതത്തിൽ ഒരു സമ്പൂർണ്ണ കഴുകൽ കിട്ടിയിട്ടുണ്ടോ? തന്നെത്താൻ ഇരുന്നു ജീവിതത്തിലേക്കു തിരിഞ്ഞുനോക്കിയിട്ടുണ്ടോ? "തകർന്നും നുറുങ്ങിയതുമായ ഹൃദയത്തെ അവൻ നിരസിക്കയില്ല."

> "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സു; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ നീ നിരസിക്കയില്ല."
>
> സങ്കീർത്തനങ്ങൾ 51:17

യഹോവയുടെ ഹനനയാഗം തകർന്നിരിക്കുന്ന മനസ്സ്, നുറങ്ങിയിരിക്കുന്ന ഹൃദയം ആണ്. അതാണ് സാക്ഷാത്തായ യാഗം. നിങ്ങളുടെ ജീവിതത്തിൽ അങ്ങനെ ഒരു വ്യക്തമായ അനുഭവം പ്രാപിച്ചിട്ടുണ്ടോ? കർത്താവിന്റെ സന്നിധിയിൽ നിങ്ങൾ കഴുകൽ പ്രാപിക്കുവാൻ ഉത്സാഹിക്ക. അപ്പൊസ്തലനായ പൗലോസു പറയുന്നു:

> "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ."
>
> 1 തെസ്സലൊനിക്യർ 4:3

പാപമോചനം പ്രാപിക്കാതെ, നിങ്ങൾക്കു സമാധാനം കിട്ടുകയില്ല. വന്നുപോയ പാപങ്ങൾ ക്ഷമിച്ചുകിട്ടി എന്നുള്ള ഉറപ്പു പ്രാപിക്കണം.

കർത്താവായ യേശുവിന്റെ തിരുരക്തം നിങ്ങളുടെ പാപങ്ങൾ കഴുകാൻ മതിയായതാണ്. സകലപാപവും പോക്കി നിങ്ങളെ ശുദ്ധീകരിപ്പാൻ മതിയായതാണ്. യേശുവിന്റെ തിരുരക്തത്തിനു കഴുകി ശുദ്ധീകരിക്കാൻ കഴിയാത്ത ഒരു പാപവുമില്ല. നിങ്ങളുടെ പാപങ്ങൾ രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും എന്നാണ് വചനം പറയുന്നത്.

> "വരുവിൻ നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞി പോലെ ആയിത്തീരും."
>
> യെശയ്യാവു 1:18

നിനക്കു ശോഭനമായ ഒരു ഭാവി ലഭിക്കുവാൻ ഞാൻ നിനക്കു ആലോചന തരികയാണ്. ഒന്നാമതായി നീ ശുദ്ധീകരണം പ്രാപിക്കണം. രണ്ടാമതായി നീ തൈലം പൂശണം. നിന്റെ ജീവിതത്തിൽ നിന്നും സുഗന്ധം മറ്റുള്ളവരിലേക്കു പകരുവാൻ തക്കവണ്ണം നീ ജീവിക്കണം.

അപ്പോസ്തലനായ പൗലോസ് ഇപ്രകാരം പറയന്നു:

> "ക്രിസ്തുവിൽ നിങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലാടത്തും ഞങ്ങളെ ക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം. രക്ഷിക്കപ്പെടുന്ന

വരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു; ഇവർക്കു മരണത്തിൽ നിന്നു മരണത്തിലേക്കുള്ള വാസന, അവർക്കോ ജീവനിൽ നിന്നു ജീവങ്കലേക്കുള്ള വാസന തന്നേ."

2 കൊരിന്ത്യർ 2:14-16

നാം സുഗന്ധം ഉള്ളവരായിരിക്കണം. ജീവനുള്ള ക്രിസ്തു നമ്മിൽ വസിച്ചാൽ ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ കൂടി നിഴലിക്കും. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുമ്പോൾ ക്രിസ്തുവിന്റെ സുഗന്ധം നമ്മിൽ നിന്നു മറ്റുള്ളവരിലേക്കു പകരും. ക്രിസ്തുവിന്റെ നിസ്തുല സ്നേഹം - അതാണ് സുഗന്ധം. ക്രിസ്തുവിന്റെ വിശുദ്ധി അതാണ് സുഗന്ധം, ക്രിസ്തുവിന്റെ താഴ്മ അതാണ് സുഗന്ധം. ക്രിസ്തുവിന്റെ സ്വഭാവം പ്രാപിക്കണം.

രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ദൈവപൈതൽ ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു. നശിക്കുന്നവരുടെ ഇടയിൽ സൗരഭ്യവാസനയെക്കുറിച്ച് അപ്പൊസ്തലനായ പൗലോസു പറയുന്നു:

"വിരോധി നമ്മെക്കൊണ്ടു ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന്നു സകലത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക"

തീത്തൊസ് 2:7

വിരോധികൾ, നമ്മെ കുറ്റം പറവാൻ നോക്കുന്നവരാണ്. അവർക്കു പോലും ഒരു തിന്മയും നമ്മിൽ കാണരുതു. അവർ വ്യാജമായിട്ടു എന്തും പറഞ്ഞുകൊള്ളട്ടെ. മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു നിങ്ങളുടെ പേരു വിടക്കു എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നീതി നിമിത്തം നിങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. മനുഷ്യർ നിങ്ങളെ പകച്ചു ദ്വേഷിച്ചു എല്ലാ തിന്മയും കളവായി പറയുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

തിന്മ പറയുന്നു, പക്ഷെ കളവായിട്ടായിരിക്കണം. നശിക്കുന്നവരുടെ ഇടയിൽ സൗരഭ്യവാസനയായിരുന്നാൽ മാത്രം പോരാ, രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും സൗരഭ്യ വാസനയായിരിക്കണം

> "ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുതു, വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും, നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക."
>
> 1 തിമൊഥെയോസ് 4:12

രക്ഷിക്കപ്പെടുന്നവർക്കു സുഗന്ധം ലഭിക്കണം. വിശ്വാസികൾക്കു മാതൃകയായിരിക്കണം. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്കുക.

നമ്മുടെ ജീവിതം മാതൃകാ ജീവിതമാണോ? മറ്റുള്ളവക്കു സൗരഭ്യം പകരുന്നതാണോ? നമ്മുടെ ജീവിതത്തിൽ തൈലം പൂശിയിട്ടുണ്ടോ? തൈലത്തിന്റെ സുഗന്ധമുണ്ടോ?

ഏതാണ് ഈ തൈലം? അതു പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ, പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ.

> "ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല."
>
> ഗലാത്യർ 5:22,23.

പ്രിയപ്പെട്ടവരേ, യേശുക്രിസ്തുവിന്റെ സുഗന്ധം നമ്മിൽ നിന്നു മറ്റുള്ളവർക്കു ലഭിക്കുന്നു. വാക്കിലും നടപ്പിലും സ്നേഹത്തിലും, നിർമ്മലതയിലും വിശ്വാസികൾക്കു നാം മാതൃകയാകുന്നു. എല്ലാവർക്കും സുഗന്ധം നമ്മിൽ നിന്നു ലഭിക്കുന്നു, സ്നേഹം നമ്മിൽ നിന്നു ഒഴുകുന്നു. അങ്ങനെ പരിമളം നമ്മിൽ നിന്നു പൊഴിയുന്നു.

എന്നാൽ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു:

> "ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു; അല്പഭോഷത്വം ജ്ഞാനമാനങ്ങളേക്കാൾ ഘനമേറുന്നു."
>
> സഭാപ്രസംഗി 10:1

ഇനി വിനയപൂർവ്വം നിങ്ങൾ ഒന്നു ചിന്തിക്കുമോ? നിങ്ങളുടെ ജീവിതത്തിൽ നല്ല സുഗന്ധമുണ്ടായിരുന്നു. കുപ്പി നിറയെ സുഗന്ധതൈലം ഉണ്ടായിരുന്നു. എന്നാൽ എപ്പോഴോ ഒരു ഈച്ച അതിൽ വീണു ചത്തു.

ആദ്യം അത്രയ്ക്കു കരുതിയില്ല, കുഴപ്പമില്ല എന്നേ ചിന്തിച്ചുള്ളൂ. ഏതാനും ദിവസം കഴിഞ്ഞപ്പോൾ തൈലത്തിന്റെ സൗരഭ്യം കുറഞ്ഞുവരുന്നു. പരിമളം കുറഞ്ഞു കുറഞ്ഞു വരുന്നു. പിന്നെപിന്നെ തൈലം ദുർഗന്ധം വമിക്കുന്നതായിത്തീരുന്നു. തൈലം എടുത്തു പൂശുമ്പോൾ സുഗന്ധത്തിനുപകരം ദുർഗന്ധമാണ് വരുന്നത്.

ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു.

നമ്മുടെ പലരുടെയും ഹൃദയത്തിൽ അഴുക്കു മോഹങ്ങൾ കയറിക്കൂടുന്നു. തൈലത്തിൽ ഈച്ച വീണു. മ്ലേച്ഛമോഹങ്ങളും, അശുദ്ധമായ വികാരങ്ങളും ആസ്ക്തികളും ഉണ്ടാകുന്നു – തൈലത്തിൽ വീണ ഈച്ച ചാകുന്നു; സൗരഭ്യം നഷ്ടപ്പെടുന്നു. പുറത്തുപറയുവാൻ ലജ്ജിക്കുന്ന പലതും സംഭവിക്കുന്നു.

സ്നേഹിതാ, ചിന്തിക്കൂ: മറ്റുള്ളവരോടു തുറന്നു പറയുവാൻ ലജ്ജിക്കുന്ന പല കാര്യങ്ങളും സംഭവിച്ചുപോയി. ആദ്യമാദ്യം ആരും അറിഞ്ഞില്ല. ഭാര്യ അറിഞ്ഞില്ല, ഭർത്താവു അറിഞ്ഞില്ല, മക്കൾ അറിഞ്ഞില്ല, മാതാപിതാക്കൾ അറിഞ്ഞില്ല; നാട്ടിലാരും അറിഞ്ഞില്ല. ദുർഗന്ധം വമിക്കുന്നില്ല, സുഗന്ധത്തിനു അല്പം കുറവുണ്ടു എന്നേ തേന്നിയുള്ളു. പിന്നെപ്പിന്നെ അതങ്ങു വർദ്ധിച്ചുവർദ്ധിച്ചു വന്നു. ഇന്നു ദുർഗ്ഗന്ധമായി.

നിന്റെ ജീവിതത്തിൽ ഇന്നു ചത്ത ഈച്ച കടന്നിട്ടുണ്ട്. ഇപ്പോൾ ദുർഗന്ധം ആയിട്ടില്ല. സ്നേഹിതാ, അതിവേഗം, അതിവേഗം നീ തൈലം മാറ്റിക്കൊള്ളൂ. അതിവേഗം തൈലം മാറ്റി നീ കുളിച്ചുകൊള്ളൂ. അതിവേഗം ആ തൈലം നീ തുടച്ചു കളഞ്ഞു, നശിപ്പിച്ചു കളയൂ. അതിവേഗം, അതിവേഗം, നിന്റെ ജീവിതം നീ പുതുക്കിക്കൊള്ളൂ. അതിവേഗം നീ കുളിച്ചു ശുദ്ധതൈലം പൂശിക്കൊള്ളൂ.

ഹൃദയത്തിൽ ചില പരുഷതകൾ, ഭർത്താവിനോടുള്ള ചില നീരസങ്ങൾ, ചില കോപങ്ങൾ, ഭാര്യയോടുള്ള ചില ഇഷ്ടക്കുറവുകൾ, ചില മുഷിച്ചിലുകൾ, ചില പരിഭവങ്ങൾ, ചില പരാതികൾ, മാതാപിതാക്കളോടുള്ള അനുസരണക്കേടുകൾ, പണത്തോടുള്ള അമിതമായ ആസക്തി, ഭർത്താവിനോടു കീഴ്പെടാത്ത മനോഭാവം, എല്ലാമെല്ലാം തൈലത്തെ നാറുമാറാക്കുന്ന ചത്ത ഈച്ചകളാണ്.

ഞാനാണ് പണം ഉണ്ടാക്കുന്നത്, ഞാനാണ് ജോലിചെയ്ത് സമ്പാദിക്കുന്നത്, ഭർത്താവു വെറുതെ ഇരിക്കുന്ന മനുഷ്യനല്ലേ. അതുകൊണ്ട് അത്രയ്ക്കങ്ങു ഭർത്താവിനെ കരുതേണ്ട ആവശ്യമില്ല എന്നുള്ള അഹങ്കാര മനോഭാവങ്ങൾ ഉള്ള സ്ത്രീകളുണ്ട്. ഞാൻ ആണ് രൂപ മുഴുവൻ ഉണ്ടാക്കുന്നതു, ഭാര്യ വീട്ടിൽ വെറുതെ ഇരിക്കുന്നല്ലേ ഉള്ളൂ; ഞാൻ ഒരാൾ കഷ്ടപ്പെട്ടു വേണ്ടേ എല്ലാം കൊണ്ടുവരാൻ. എന്നിങ്ങനെ ഭാര്യയെ മാനിക്കാത്തവരുണ്ട്.

അറിയാതെ ഒരു ആസക്തി മറ്റു ചിലരിലേക്ക് പോകുന്നു. ആദ്യമാദ്യം ഒരു സൗഹൃദം പോലയാണ്. പിന്നെപ്പിന്നെ അതു വളർന്നു വളർന്നു ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു.

നിന്നിൽ വന്നുപോയ തിന്മകൾ നീ വേദനയോടെ ഏറ്റുപറയുക: "കർത്താവേ എന്റെ ജീവിതത്തിൽ ചത്ത ഈച്ചകൾ വീണു ദുർഗന്ധം വമിക്കുവാൻ തുടങ്ങിയിരിക്കുന്നു." അതിവേഗം ജീവിതത്തിൽ നിന്നു ദുർഗന്ധങ്ങളെയെല്ലാം എടുത്തു മാറ്റിക്കൊള്ളുക. മകളെ നീ കുളിച്ചു തൈലം പൂശി വസ്ത്രം ധരിച്ചുകൊള്ളുക. ദൈവപൈതലേ നിന്നിൽ നിന്നു നന്മകൾ വരട്ടെ.

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| **വെള്ളി** | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| **ശനി** | സൂര്യ ടിവി | : 6.30 AM |
| **ഞായർ** | ജീവൻ ടിവി | : 6.30 AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| **ചൊവ്വ** | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**
മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 12.30PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 10.00AM – 12.30PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00AM – 8.00PM | പ്രൊഫ. സി.എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30AM – 9.00PM | |